വില ₹ 30/-

# ജീവനും വെളിച്ചവും

ഏപ്രിൽ 2024



## വിവേകത്തോടെ വോട്ടധികാരം

### ലേഖനം

- തിരഞ്ഞെടുപ്പ് 2024
  മോൺ. യൂജിൻ എച്ച്. പെരേര
- പ്രധാനമന്ത്രിയുടെ വാട്സ്ആപ്പ് കത്തിന് തുറന്ന മറുപടി
  എ. ജെ. ഫിലിപ്പ്

### കഥ

ലിസി കുര്യാക്കോസ്

### കവിത

വർഗീസ് ജോർജ്

ലോറൻസ് പുതുക്കുറിച്ചി

## Prayerful Wishes



പൗരോഹിത്യ ജീവിതത്തിലേക്ക് പ്രവേശിച്ച അതിരൂപതയിലെ നവവൈദികർ ഫാ. സന്തോഷ് കുമാർ, ഫാ. സിൽവദാസൻ, ഫാ. സ്റ്റാലിൻ ടോം, ഫാ. റീഗൻ ചാൾസ്, ഫാ. ഫ്രെഡി വർഗ്ഗീസ്, ഫാ. റോബിൻ കെ., ഫാ. മരിയ കിജോ, ഫാ. ഗോഡ് വിൻ, ഫാ. സഫിൻ ഐഷൻ ഗിലീസ്

പ്രാർഥനാശംസകൾ...

## Prayerful Wishes



'പ്രത്യാശയുടെ ദാസിമാർ' അതിരൂപത സന്യാസിനി സമൂഹത്തിൽ നിത്യവ്രത വാഗ്ദാനം നടത്തിയ സിസ്റ്റർ ഡയാന സൂസപാക്യം, സിസ്റ്റർ ക്ലയർ ജോൺ, സിസ്റ്റർ ഹിൽഡ ജോൺ പ്രഥമ വ്രത വാഗ്ദാനം നടത്തിയ സിസ്റ്റർ സാന്ദ്ര ജെ ഫ്രാൻസിസ്, സിസ്റ്റർ അജീഷ്മ ക്ലീറ്റസ്, സിസ്റ്റർ സ്റ്റാൻസി സ്റ്റാറി.

പ്രാർഥനാശംസകൾ...

# ജീവനും വെളിച്ചവും

തിരുവനന്തപുരം
ലത്തീൻ അതിരൂപത
പ്രസിദ്ധീകരണം

2024 ഏപ്രിൽ
പുസ്തകം - 48 ലക്കം - 4
വില 30 രൂപ (വാർഷിക വരിസംഖ്യ: 360 രൂപ)

ആർച്ച്ബിഷപ്സ് ഹൗസ്
വെള്ളയമ്പലം, തിരുവനന്തപുരം-695 003.
ഫോൺ: 2724001.
www.latinarchdiocesetrivandrum.org
jeevanumvelichavum@gmail.com
www.archtvmnews.com


**രക്ഷാധികാരി**
മോസ്റ്റ് റവ. ഡോ. തോമസ് ജെ. നെറ്റോ
**സഹ രക്ഷാധികാരി**
റൈറ്റ് റവ. ഡോ. ക്രിസ്തുദാസ്
മോൺ. യൂജിൻ എച്ച് പെരേര
**ഉപദേശക സമിതി**
ഫാ. ലോറൻസ് കുലാസ്
ഫാ. ഷാജു വില്യം
ഫാ. ഡാനിയേൽ ആർ.
ഫാ. സജു റോൾഡോൻ
ഫാ. ആഷ്‌ലിൻ ജോസ്
ഫാ. മൈക്കിൾ തോമസ്
ഫാ. അസ്സീസി ജോൺ സുമേഷ്
ഫാ. ക്രിസ്റ്റിൽ റൊസാരിയോ
ഫാ. ഷാജിൻ ജോസ്
ഫാ. സിൽവസ്റ്റർ കുരിശ്
ഫാ. ഡേവിഡ്സൻ ജസ്റ്റസ്
ഫാ. ജോർജ്ജ് ഗോമസ്
ഫാ. വിജിൽ ജോർജ്ജ്
**പത്രാധിപർ**
ഫാ. ദീപക് ആന്റോ
**സഹ പത്രാധിപർ**
ഫാ. ലെനിൻ ഫെർണാണ്ടസ്
ബർഗ്മാൻ തോമസ്
**മാനേജർ (പരസ്യവിഭാഗം)**
ഫാ. മനീഷ് പീറ്റർ
**പത്രാധിപ സമിതി**
മോൺ. ജെയിംസ് കുലാസ്
ഇഗ്നേഷ്യസ് തോമസ്
ഡോ. സീന ഫെലിക്സ്
സിന്ധുമരിയ നെപ്പോളിയൻ
**ആർട്ടിസ്റ്റ്**
സതീഷ് ജോർജ്ജ്
**ഡിറ്റിപി & ലേ-ഔട്ട്**
സുനിൽകുമാർ
**ഓഫീസ് നിർവഹണം**
ടെൽമ ജെ.വി.


*Account Details:*
State Bank of India
A/C No. 57027220934
IFSC : SBIN0070308
A/C Name : Editor, Jeevanum Velichavum


മുഖവിചാരം



# വിവേകത്തോടെ വോട്ടധികാരം

ഭാരതം തിരഞ്ഞെടുപ്പ് 'മോഡി' ലേക്ക് മാറിക്കഴിഞ്ഞിരിക്കുന്നു. സമൂഹ മാധ്യമങ്ങളും നാൽക്കവലകളും തൊഴിലിടങ്ങളും പെട്ടിക്കടകൾ പോലും ഫ്ളക്സും ബാനറും രാഷ്ട്രീയ ചർച്ചകൾകൊണ്ടും മുഖരിതമാണ്. വോട്ടവകാശം കൃത്യമായി വിനിയോഗിച്ചുകൊണ്ട് തങ്ങളുടെ കടമ നിറവേറ്റുവാൻ ഈ കാലഘട്ടം പ്രത്യേകമായി നമ്മെ ക്ഷണിക്കുന്നുണ്ട്. രാഷ്ട്ര നിർമാണത്തിൽ നമുക്ക് ചെയ്യാവുന്ന ഏറ്റവും ചെറുതും അടിസ്ഥാനപരവുമായ ഉത്തരവാദിത്വമാണല്ലോ അത്.

നമ്മെ അടുത്ത അഞ്ചുവർഷക്കാലം നയിക്കേണ്ടവരാരാണെന്ന് തിരുമാനിക്കുന്നു എന്നതിനപ്പുറം പ്രാധാന്യം ഈ തെരഞ്ഞെടുപ്പിനുണ്ടെന്ന് ഭാരതത്തിന്റെ സമകാലിക രാഷ്ട്രീയ പരിസ്ഥിതി നമ്മെ ഓർമിപ്പിക്കുന്നു.

സത്യസന്ധവും, ധീരവുവുമായ നിലപാടുകളും അഭിപ്രായങ്ങളുമുള്ള പ്രതിപക്ഷവും ഭരണഘടനാ സംവിധാനങ്ങളും, സിവിൽ സമൂഹവുമെല്ലാം ഒരു ജനാധിപത്യ സംവിധാനത്തിന്റെ ആരോഗ്യം സൂചിപ്പിക്കുമെങ്കിൽ സംശയമില്ലാതെ നമുക്ക് പറയാം നമ്മുടെ ജനാധിപത്യ സംവിധാനം, ഇന്ന് മരണക്കിടക്കയിൽ ജീവനുവേണ്ടി മല്ലിടുകയാണ്. ഗൗരി ലങ്കേഷ് മുതൽ തുടങ്ങുന്ന മാധ്യമപ്രവർത്തകർക്കെതിരെയും ബിസിസി റെയ്ഡ് ഉൾപ്പെടെയുള്ള മാധ്യമ സ്വാതന്ത്ര്യത്തിന്മേലുള്ള കടന്നുകയറ്റം, ഫാ. സ്റ്റാൻ സ്വാമി മുതൽ തുടങ്ങുന്ന പൗരാവകാശ പ്രവർത്തകർക്കും സംഘടനകൾക്കും നേരിടേണ്ടിവരുന്ന അടിച്ചമർത്തൽ, പെട്ടെന്ന് ഏകാധിപത്യപരമായി അടിച്ചേൽപ്പിച്ച നോട്ടുനിരോധനം പോലുള്ള തീരുമാനങ്ങൾ, പാർലമെന്റിലെ നാമമാത്രമായ മുസ്ലീം പ്രാതിനിധ്യം, പശുവിന്റെ പേരിലുള്ള ആൾക്കൂട്ട കൊലപാതകങ്ങളും, മതസ്പർദ്ധ ഉളവാക്കുന്ന ലഹളകളും, മതപീഡനങ്ങളും, മതപരിവർത്തനനിയന്ത്രണ നിയമമെന്ന പേരിലുള്ള വ്യക്തി സ്വാതന്ത്ര്യനിഷേധങ്ങൾ, പ്രതിപക്ഷ നേതാക്കന്മാർക്കെതിരെയുള്ള കേസുകളും, കടന്നുകയറ്റങ്ങളും ഇങ്ങനെ പട്ടിക നീളുകയാണ്.

എതിർസ്വരങ്ങളും വിമർശനങ്ങളും ഉന്നയിക്കാനുള്ള പൊതു ഇടം പോലുമില്ലാതാകുമ്പോൾ നമ്മുടെ രാജ്യത്തെ ജനാധിപത്യരാജ്യമെന്ന് വിളിക്കാമോ എന്നുപോലും സംശയിച്ചുപോവുകയാണ്. അന്താരാഷ്ട്ര ജനാധിപത്യ സൂചികകളിൽ കഴിഞ്ഞ ഒരു ദശാബ്ദത്തിനിടയിൽ നാം വളരെയേറെ പിന്നോട്ടുപോയിരിക്കുന്നു.

'തിരഞ്ഞെടുപ്പുള്ള ഏകാധിപത്യം' എന്ന പട്ടികയിലാണ് സ്വീഡനിലെ ഒരു ഗവേഷണ കേന്ദ്രം ഇന്ത്യയെ ഉൾപ്പെടുത്തിയത് എന്ന് കേട്ടപ്പോൾ അതിശയോക്തി തോന്നിയില്ല. അതുകൊണ്ട് ഇക്കുറി തിരഞ്ഞെടുക്കപ്പെടുന്നത് രാഷ്ട്രത്തിന്റെ ഭാവിയും സ്വഭാവവുമൊക്കെ തീരുമാനിക്കുന്ന അതിനിർണായകമായ ഒന്നാണ്. വിവേകത്തോടെ വിനിയോഗിക്കാം വോട്ടധികാരം.

- പത്രാധിപർ

## പ്രതികരണങ്ങൾ




# ചരിത്രപഥം: ചരിത്രത്തിലെ നേരിന്റെ വെളിച്ചം

മാർച്ച് ലക്കത്തിലെ ചരിത്രപഥം വായിച്ചു. ഇന്ത്യാ മഹാരാജ്യത്തിലെയും കേരളത്തിലെയും മിഷണറിമാർ ദേശത്തിന്റെയും സമൂഹങ്ങളുടെയും സമഗ്രപുരോഗതിക്ക് ചെയ്ത ക്രിയാത്മക സേവനങ്ങൾ നമ്മുടെ ചരിത്രകാരന്മാർ യഥായോഗ്യം കാണാതെ പോവുകയോ കണ്ടില്ലെന്ന് നടിക്കുകയോ ചെയ്തിട്ടുണ്ട്. കേരള സമൂഹത്തിൽ നിലനിന്നിരുന്ന ആചാരങ്ങൾ പിന്തുടർന്ന് ജീവിച്ച നസ്രാണി ക്രിസ്ത്യാനികൾ ക്രൈസ്തവമതം പ്രചരിപ്പിക്കുന്നതിന് ചെറുവിരൽ അനക്കിയില്ല എന്നുമാത്രമല്ല, അന്നും ഇന്നും ലത്തീൻസഭയെ നിരന്തരം കുറ്റപ്പെടുത്തുകയും ചെയ്തുകൊണ്ടിരിക്കുന്നു. നസ്രാണികളുടെ വളർച്ചയെ തടസപ്പെടുത്തിയത് ലത്തീൻ സഭയാണെന്ന വാദം തള്ളിക്കളയേണ്ടതാണ്. അതവരുടെ തെറ്റായ ബോധ്യങ്ങളിൽ നിന്നും ഉരുത്തിരിഞ്ഞിട്ടുള്ളതാണ്.

സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമാണെന്ന് വിശേഷിപ്പിച്ച നമ്മുടെ നാടിനെ നവോത്ഥാനത്തിന്റെ നവ്യപ്രകാശത്തിലേക്കും മാനുഷികതയുടെയും സാഹോദര്യത്തിന്റെയും കാരുണ്യത്തിന്റെയും പുതുയുഗത്തിലേക്കും നയിച്ചത് ക്രൈസ്തവ മിഷണറിമാരാണ്. നിർഭാഗ്യവശാൽ നമ്മുടെ രാഷ്ട്രീയക്കാർ അവരുടെ സംഭാവനയാണെന്നും പറഞ്ഞ് ഊറ്റംകൊള്ളുന്നു. ഇന്ത്യാ മഹാരാജ്യത്തിൽ എവിടെയൊക്കെ ക്രൈസ്തവ മിഷണറിമാരുടെ സാന്നിധ്യമുണ്ടായോ അവിടങ്ങളെല്ലാം സാംസ്കാരികമായും സാമൂഹികമായും അഭിവൃദ്ധി പ്രാപിച്ചു എന്നത് തർക്കമറ്റ യാഥാർത്ഥ്യമാണ്. ചരിത്രത്തിലേക്ക് നേരിന്റെ വെളിച്ചം വിതറുന്ന ഇഗ്നേഷ്യസ് തോമസ് സാറിന് അഭിനന്ദനങ്ങൾ.

**– വിയാനാ**

ജൂബിലി മെമ്മോറിയൽ ഹോസ്പിറ്റൽ, പാളയം

# ക്രിസ്തുവിലുള്ള രക്ഷമാത്രം ആശ്രയം


നേർക്കാഴ്ച

2024 ജനുവരി 22: ഇന്ത്യയുടെ മതേതരത്വത്തിന് മുറിവേറ്റദിനം

മാർച്ച് ലക്കം 'ജീവനും വെളിച്ചവും' മാസികയിലെ നേർക്കാഴ്ച വായിച്ചു. ഭാരതീയ ജനതാ പാർട്ടി അധികാരത്തിനുവേണ്ടി ജാതിക്കാർഡിറക്കി കളിക്കുകയും കളി ജയിക്കുകയും ചെയ്തു. മതേതരത്വത്തിലും പുരോഗമനാശയങ്ങളിലും ഊറ്റംകൊള്ളുന്ന പാർട്ടികളും തിരഞ്ഞെടുപ്പ് വരുമ്പോൾ ഒളിഞ്ഞും തെളിഞ്ഞും ജാതിക്കാർഡിറക്കി പയറ്റാറുണ്ട്. മതേതരത്വവും ജനാധിപത്യവുമെല്ലാം ഉദ്ഘോഷിക്കുന്ന കേരളത്തിലെ ചില പാർട്ടിക്കാർ പാലസ്തീനുവേണ്ടി വിലപിക്കുകയും അതേ സമയം നൈജീരിയയിലും മറ്റിടങ്ങളിലും നടക്കുന്ന ക്രിസ്തീയ മതപീഢനങ്ങളും ക്രൂരമായ കൊലപാതകങ്ങളും കണ്ടില്ലെന്ന് നടിക്കുകയും ചെയ്യുന്നു. ചില അന്താരാഷ്ട്ര തീവ്രവാദ സംഘടനകളുടെ ലോകത്തിലെ ഏറ്റവും വലിയ റിക്രൂട്ട്മെന്റ് സെന്റർ കേരളമാണെന്നതിലും ആർക്കും ഉത്കണ്ഠയില്ലെന്ന് തോന്നുന്നു. ചിലരുടെ മരണങ്ങളിൽ ഹർത്താൽ നടത്തിയ ലോകത്തിലെ ഏക സ്ഥലം കേരളമാണ്!

കോൺഗ്രസ് മുക്തഭാരതം ബിജെപി സ്വപ്നം കാണുമ്പോൾ അതിന് ചൂട്ടുപിടിക്കാനും കേരളത്തിൽ ആളുണ്ട്. എല്ലാ മതങ്ങളെയും സംസ്കാരങ്ങളെയും പാരമ്പര്യങ്ങളെയും അചാരാനുഷ്ഠാനങ്ങളെയും ഒന്നായി കണ്ട കോൺഗ്രസിന്റെ തകർച്ചയെക്കുറിച്ചെഴുതാൻ 'നേർക്കാഴ്ച' മറന്നുപോയെന്ന് തോന്നുന്നു. കേരളത്തിൽ ഒരു മതത്തെ മാത്രം പ്രീണിപ്പിക്കാനുള്ള ശ്രമങ്ങളും വോട്ടുബാങ്ക് ലക്ഷ്യമാക്കിയുള്ളതാണ്. ഇന്ത്യൻ നാഷണൽ കോൺഗ്രസ് തകരുന്നതിനും തളരുന്നതിനും ആനുപാതികമായി വളരാൻ ഇടതുപക്ഷത്തിനും കഴിഞ്ഞില്ല എന്നത് കൗതുകകരമാണ്. ബിജെപി വളർച്ചയിൽ ഇടതുപക്ഷത്തിനും ഇടർച്ചയും ഇടിവുമുണ്ടായി. കേരളത്തിലും ഇന്ത്യാ മഹാരാജ്യത്തിലും ക്രൈസ്തവരെ കരുതാൻ, താങ്ങാൻ ആരുമില്ലാത്ത സങ്കടാവസ്ഥയുണ്ട്. ക്രൈസ്തവർക്ക് രക്ഷ ക്രിസ്തുവിലുള്ള ആശ്രയം ഒന്നുമാത്രമേയുള്ളു!?

**ജെറാൾഡ് ബി. മിരാൻഡ**

# താളുകളിൽ


**സമദൂരത്തിൽ നിന്ന് ശരിദൂരത്തിലേക്ക്** 6
മോൺ. യൂജിൻ എച്ച്. പെരേര

***കവിത:*** 13
**അമ്മയുടെ പുഞ്ചിരിയിൽ...**
വർഗീസ് ജോർജ്

**എല്ലാവരോടും തുല്യമായി പെരുമാറുക** 14
എ.ജെ.ഫിലിപ്പ്

***കഥ*** 18
**ഇടവേളയിലെ മനനങ്ങൾ**
ലിസി കുര്യാക്കോസ്

***കവിത*** 21
**സെമിത്തേരിയിൽ സ്ഥലമില്ല**
ലോറൻസ് പുതുക്കുറിച്ചി

**ബഹുസ്വര ഭാരതം** 22
വിമല സ്റ്റാൻലി

**ചരിത്രപഥം** 24
ഇഗ്നേഷ്യസ് തോമസ്

**കാനോൻ ലോ** 26
ഫാ. ജോസ് ജി.

***കഥ*** **: അലയുന്നവൻ** 27
ഖലിൽ ജിബ്രാൻ

**വാർത്തകൾ** 28

**വായന** 33
താര ഇഗ്നേഷ്യസ്

**നീർച്ചാൽ** 34

**വചനജ്വാല** 40

**നേർക്കാഴ്ച** 42
ജെ.സി.








തിരഞ്ഞെടുപ്പ് 2024

# സമദൂരത്തിൽ നിന്ന് ശരിദൂരത്തിലേക്ക്

ഇന്ത്യയിൽ ഒരു പൊതു തിരഞ്ഞെടുപ്പിന്റെ കാഹളം മുഴങ്ങുകയാണ്. ജാഗ്രതയോടും ശ്രദ്ധയോടും തങ്ങളുടെ ജനാധിപത്യാവകാശമായ വോട്ടെടുപ്പിൽ പങ്കാളികളാകാനും തങ്ങൾക്ക് ഭരണഘടനാപരമായി ലഭിച്ച സമ്മതിദാനാവകാശത്തിൽ പങ്കാളികളാകാനുമുള്ള വലിയ ഉത്തരവാദിത്വം നിർവഹിക്കാനുള്ള അവസരം കൂടിയാണിത്. ഈ സമ്മതിദാനാവകാശം എല്ലാ പൗരന്മാരും ഉപയോഗിച്ചുകൊണ്ട് രാജ്യത്തിന്റെ ഐക്യവും അഖണ്ഡതയും കാത്തുസൂക്ഷിക്കുവാനും ഭരണഘടനാമൂല്യങ്ങളായ സ്വാതന്ത്ര്യം, സമത്വം സാഹോദര്യം എന്നിവ ഉയർത്തിപ്പിടിക്കാനുള്ള അവസരമാണ്. സ്വതന്ത്ര ഇന്ത്യയുടെ മാഗ്നാകാർട്ട എന്ന് വിശേഷിപ്പിക്കുന്ന ഭരണഘടനയുടെ അന്തസത്തയായ പരമാധികാര, സ്ഥിതിസമത്വ, ജനാധിപത്യ, മതേതര മൂല്യങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ട് എല്ലാ പൗരന്മാർക്കും സാമൂഹ്യവും, സാമ്പത്തികവും, രാഷ്ട്രീയവുമായ നീതിയും, ചിന്തയ്ക്കും അഭിപ്രായ പ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കുമുള്ള സ്വാതന്ത്ര്യവും, പദവിയിലും അവസരത്തിലും സമത്വവും സംപ്രാപ്തമാക്കുവാനും അവർക്കെല്ലാമിടയിൽ വ്യക്തിയുടെ അന്തസ്സും (രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും) ഉറപ്പുവരുത്തിക്കൊണ്ട് സാഹോദര്യവും സഹവർത്തിത്വവും പുലർത്തുവാനും ഇന്ത്യ





**മോൺ. യൂജിൻ എച്ച്. പെരേര**

യുടെ പൗരന്മാരെന്ന നിലയിൽ നമുക്കേവർക്കും ഉത്തരവാദിത്വമുണ്ട്. ആ മഹത്തായ ഉത്തരവാദിത്വം നിർവഹിക്കുന്നതിൽ നിന്നും പ്രായപൂർത്തിയായ ഒരു പൗരനും പിന്തിരിഞ്ഞ് നിന്നുകൂടാ...

കേരളത്തിലെ ലത്തീൻ സമുദായം എന്നും സാമൂഹ്യമുന്നേറ്റത്തിൽ നിർണായക പങ്ക് വഹിച്ചിരുന്നു. 1891 ലെ മലയാളി മെമ്മോറിയൽ സമർപ്പണത്തിലും 1934 ൽ തിരുവിതാംകൂറിലാരംഭിച്ച നിവർത്തന പ്രക്ഷോഭത്തിലും തിരുവിതാംകൂർ ലത്തീൻ ക്രിസ്ത്യൻ മഹാജനസഭ മുൻനിരയിൽ നിന്ന് പോരാടി. 1938 ൽ തിരുവിതാംകൂറിൽ സ്റ്റേറ്റ് കോൺഗ്രസും കൊച്ചിയിൽ പ്രജാമണ്ഡലവും ഉത്തരവാദിത്വ ഭരണത്തിനുവേണ്ടി നടത്തിയ പ്രക്ഷോഭങ്ങളിൽ മുൻനിരയിൽ നിന്ന് പ്രവർത്തിച്ച ലത്തീൻ കത്തോലിക്കർ സ്വാതന്ത്ര്യസമര പോരാട്ടങ്ങളിലും ധീരമായി പ്രവർത്തിച്ചു. സ്വാതന്ത്ര്യാനന്തര ഇന്ത്യയുടെ പൊതുതാല്പര്യം പരിഗണിച്ച് സമുദായ സംഘടനയെ പിരിച്ചുവിട്ടെങ്കിലും സമുദായ പ്രാധാന്യം രാഷ്ട്രീയ പൊതുരംഗങ്ങളിൽ അവഗണിക്കപ്പെടുകയാണുണ്ടായത്.

തുടർന്ന് 1972 ൽ രൂപം കൊണ്ട കേരള ലാറ്റിൻ കാത്തലിക് അസോസിയേഷന്റെ ഇടപെടലുകൾ സമുദായത്തിന്റെ ആവശ്യങ്ങൾ പൊതുമണ്ഡലങ്ങളിൽ ഉയർത്തിയെങ്കിലും കാലക്രമേണ ശക്തിക്ഷയിച്ചു. ഈ സന്ദർഭത്തിലാണ് 2002 ൽ കേരള റീജൻ ലാറ്റിൻ കാത്തലിക് കൗൺസിൽ (കെആർഎൽസിസി) രൂപീകരിച്ചത്. പടിപടിയായി സമുദായത്തിന്റെ വളർച്ച ലക്ഷ്യംവച്ചുകൊണ്ടുള്ള ശ്രദ്ധേയമായ ഇടപെടലുകളാണ് കെആർഎൽസിസി നടത്തിവരുന്നത്. 2005 ജൂൺ 17, 18, 19 തീയതികളിൽ തിരുവനന്തപുരത്ത് വച്ചു നടന്ന കെആർഎൽസിസി സമ്മേളനം സമുദായത്തിന്റെ രാഷ്ട്രീയ നയം പ്രഖ്യാപിച്ചു. “മൂല്യാധിഷ്ഠിതവും പ്രശ്നാധിഷ്ഠിതവുമായ സമദൂരം” എന്ന നയമാണ് സമ്മേളനം അംഗീകരിച്ചത്. മേല്പറഞ്ഞ നിലപാടിൽ ഉറച്ചുനിൽക്കുമ്പോഴും സമുദായം നേരിടുന്ന സങ്കീർണമായ പ്രശ്നങ്ങളോട് മാറിമാറിവരുന്ന ഭരണകൂടങ്ങൾ അർഹിക്കുന്ന പ്രാധാന്യത്തോടെ പരിഗണിക്കാത്ത സ്ഥിതിവിശേഷമാണുള്ളത്. ഈ പശ്ചാത്തലത്തിൽ 2024 മാർച്ചു മാസം നടന്ന കെആർഎൽസിസി രാഷ്ട്രീയകാര്യസമിതി, കേരള ലാറ്റിൻ കാത്തലിക് അസോസിയേഷൻ (കെഎൽസിഎ) തിരുവനന്തപുരം അതിരൂപത രാഷ്ട്രീയകാര്യ സമിതി എന്നിവയുടെ യോഗങ്ങളിൽ, നിലപാട് ‘പ്രശ്നാധിഷ്ഠിത മൂല്യാധിഷ്ഠിത സമദൂരത്തിൽ നിന്ന് പ്രശ്നാധിഷ്ഠിത മൂല്യാധിഷ്ഠിത ശരിദൂരത്തിലേക്ക് മാറേണ്ടതിന്റെ ആവശ്യകത എടുത്തുപറഞ്ഞു. സമുദായം നേരിടുന്ന ഗൗരവമേറിയ പ്രശ്നങ്ങൾ പരിഹരികുന്നതിന് മുന്നോട്ടുവരുന്ന രാഷ്ട്രീയ പാർട്ടികളെ ഈ തെരഞ്ഞെടുപ്പിൽ പിന്തുണയ്ക്കാനാണ് ഈ നയമാറ്റത്തിലൂട ലക്ഷ്യം വയ്ക്കുന്നത്. ഇതിന്റെ വെളിച്ചത്തിൽ തയ്യാറാക്കിയ അവകാശ പത്രികയുടെ സംക്ഷിപ്തമാണ് ചുവടെ വിശദീകരിക്കുന്നത്.



## അവകാശ പത്രിക

പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ പശ്ചാത്തലത്തിൽ തിരുവനന്തപുരം, ആറ്റിങ്ങൾ മണ്ഡലങ്ങളിൽ തിരുവനന്തപുരം ലത്തീൻ അതിരൂപത മുന്നോട്ടുവയ്ക്കുന്ന ആവശ്യങ്ങൾ:

1. വിഴിഞ്ഞം തുമുഖം മൂലമുണ്ടാകുന്ന തീരശോഷണവും ഭവന-തൊഴിൽ നഷ്ടവും മറ്റു പ്രശ്നങ്ങളും ശാശ്വതമായി പരിഹരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുക.

   വിഴിഞ്ഞം രാജ്യാന്തര തുറമുഖ നിർമാണത്തിന്റെ പ്രത്യാഘാതങ്ങൾ പ്രാഥമികമായി തിരുവനന്തപുരം തീരമേഖലയിലെ മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ നിലനിൽപിനു തന്നെ ഭീഷണി ഉയർത്തുന്നു. 2015 ൽ വിഴിഞ്ഞം വാണിജ്യ തുറമുഖത്തിന്റെ നിർമ്മാണം ആരംഭിച്ചതിനു ശേഷം വിഴിഞ്ഞത്തിന് വടക്ക് ഭാഗത്തുള്ള പനത്തുറ, പൂന്തുറ, ബീമാപ്പള്ളി, ചെറിയതുറ, കൊച്ചുതോപ്പ്, വലിയതുറ തുടങ്ങി കണ്ണാന്തുറ, വെട്ടുകാട്, വേളി, വരെ വളരെ ഗണ്യമായ തോതിൽ തീരശോഷണം ഉണ്ടായി. തീരശോഷണം ഉണ്ടായതുകൊണ്ട് മത്സ്യത്തൊഴിലാളികൾക്ക് സുരക്ഷിതമായി മത്സ്യബന്ധനത്തിന് പോകാൻ സാധിക്കാതെ ആവുകയും തീരത്തു നിന്ന് മത്സ്യബന്ധനം നടത്തുന്ന കമ്പവല പോലുള്ളവ ഉപയോഗിച്ച് മത്സ്യബന്ധനം സാധ്യമാകാതെ വരികയും ചെയ്തു. മത്സ്യത്തൊഴിലാളികൾ തങ്ങളുടെ ആയുസ്സ് മുഴുവൻ അധ്വാനിച്ച് തലചായ്ക്കുവാനായി നിർമ്മിച്ച ഒന്നും രണ്ടും നിലകളുള്ള വീടുകൾപോലും കടലിൽ ഒലിച്ചു പോയി.

2. ജനകീയ പഠനസമിതിയുടെ റിപ്പോർട്ട് പുറത്തുവന്നിട്ടും അതിനെക്കുറിച്ച് പരാമർശിക്കുകയോ സർക്കാർ

# ദലിത് ക്രൈസ്തവരുടെ രാഷ്ട്രീയ നിലപാടുകൾ



പൊന്നുമോൻ സെബാസ്റ്റ്യൻ
ജന. സെക്രട്ടറി, DCMS

സ്വാതന്ത്ര്യാനന്തര കേരളം നിരവധി പൊതു തിരഞ്ഞെടുപ്പുകൾക്ക് സാക്ഷ്യം വഹിച്ചിട്ടുണ്ടെങ്കിലും പ്രമുഖ രാഷ്ട്രീയ പാർട്ടികളാരും ഒരു ദലിത് ക്രൈസ്തവനെ സ്ഥാനാർഥിയാക്കാനോ അവർക്കും രാഷ്ട്രീയ അധികാരം ലഭിക്കേണ്ടവരാണെന്ന് കരുതുകയോ ചെയ്തിട്ടില്ല. ജനസംഖ്യയിൽ താരതമ്യേന കുറവുള്ള സമുദായങ്ങൾ പോലും തിരഞ്ഞെടുക്കപ്പെടുകയും രാഷ്ട്രീയ അധികാരങ്ങളും അവകാശങ്ങളും നേടിയെടുക്കുകയും ചെയ്തിട്ടുണ്ട്. എന്തുകൊണ്ടാണ് 25 ലക്ഷത്തിൽ അധികം ജനസംഖ്യയുള്ള ദലിത് ക്രൈസ്തവർ രാഷ്ട്രീയ അധികാരത്തിലേക്ക് പരിഗണിക്കപ്പെടാതെ പോകുന്നത്. വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രവർത്തകരായ സഹോദരങ്ങൾ ഈ വിഷയങ്ങൾ ആഴത്തിൽ പഠിക്കുകയും കൃത്യമായ മാർഗ്ഗനിർദേശങ്ങൾ സമുദായ പ്രവർത്തകർക്ക് നൽകുകയും വേണം. ഇലക്ഷൻ സമയത്ത് ഞങ്ങളുടെ നേതാക്കന്മാരെ സ്ഥാനാർത്ഥികൾ ആക്കണം എന്ന ആവശ്യവുമായി ചെന്നാൽ ഒരു പാർട്ടികളും പരിഗണിക്കില്ല. അതിനു മുമ്പ് തന്നെ രാഷ്ട്രീയ നേതൃത്വങ്ങളിലേക്ക് വരാൻ പരിശ്രമിക്കേണ്ടതുണ്ട്. അതുപോലെ തന്നെയാണ് ഇലക്ഷൻ സമയത്ത് സ്വീകരിക്കേണ്ട രാഷ്ട്രീയ നിലപാടുകളും. ഇത്രയും കാലത്തിനിടയിൽ ഒരു രാഷ്ട്രീയ പാർട്ടിയോടും ദളിത് ക്രൈസ്തവർ വിധേയത്വം പ്രകടിപ്പിച്ചിട്ടില്ല എന്നാണ് മനസ്സിലാക്കുന്നത്. പക്ഷേ, ഒരു നിലപാട് വേണ്ടേ എന്ന് ചിന്തിക്കാനുള്ള സമയം അതിക്രമിച്ചു. ചില പ്രബലസമുദായങ്ങൾ സ്വീകരിക്കുന്നത് സമദൂരമാണ്. എല്ലാ രാഷ്ട്രീയ കക്ഷികളോടും ഒരേ നിലപാട്. ഇതിന്റെ ഗുണം ഏത് രാഷ്ട്രീയ പാർട്ടി ജയിച്ചാലും അതിന്റെ ക്രെഡിറ്റ് ഇവർക്കും അവകാശപ്പെടാൻ സാധിക്കും എന്നുള്ളതാണ്.

ഇനി വരുന്ന തെരെഞ്ഞെടുപ്പുകളിൽ കേരളത്തിലെ 25 ലക്ഷത്തോളം വരുന്ന ദലിത് ക്രിസ്ത്യൻ വോട്ടുകൾ കേന്ദ്രീകരിക്കാനും അത് ഒരു വോട്ടു ബാങ്കാക്കി രാഷ്ട്രീയ കക്ഷികളോട് വിലപേശാനും കഴിയണം. അതിലൂടെ സമുദായത്തിന്റെ നേതൃത്വത്തെ രാഷ്ട്രീയ പാർട്ടികൾ അംഗീകരിക്കുകയും സമുദായത്തിന് ഭരണപങ്കാളിത്തം ലഭിക്കുകയും ആയത് സമുദായത്തിന്റെ സമഗ്രമായ ഉയർച്ചക്ക് കാരണമാകുകയും ചെയ്യും.

നിയോഗിച്ച പഠനസമിതി റിപ്പോർട്ട് പുറത്ത് വിടുകയോ ചെയ്യാതെ നീട്ടുന്നതുമൂലം ജനങ്ങളുടെ ആകുലത കൂടുകയും പ്രശ്ന പരിഹാരം ഇല്ലാതാവുകയും ചെയ്യുന്നു. തീരദേശ പ്രശ്നങ്ങൾ എത്രയും പെട്ടെന്ന് പരിഹരിക്കുന്നതിന് കേരള സർക്കാർ കേന്ദ്രസർക്കാർ പോർട്ട് നിർമ്മാതാവ്, മത്സ്യത്തൊഴിലാളികൾ എന്നിവരെ വിളിച്ച് പരിഹാരം കണ്ടെത്തുക

3. മുതലപ്പൊഴിയിലെ അശാസ്ത്രീയത പരിഹരിച്ച് മത്സ്യത്തൊഴിലാളികളുടെ ജീവനും തൊഴിലിനും സുരക്ഷിതത്വം കൊടുക്കുക. മുതലപ്പൊഴിയുമായി സർക്കാർ മുന്നോട്ട് വച്ച 7 കാര്യങ്ങൾ നടപ്പിലാക്കാൻ കാലത്താമസം ഉണ്ടാകുന്നത് പരിഹരിക്കുക.

4. വിഴിഞ്ഞം സമരവുമായും മുതലപ്പൊഴി സമരവുമായും ബന്ധപ്പെട്ട് സഭാ സാമുദായിക പ്രതിനിധികൾക്കെതിരെ എടുത്ത മുഴുവൻ ക്രിമിനൽ കേസുകളും പിൻവലിക്കുക.

5. പൊഴിയൂർ മുതൽ വർക്കല വരെയുള്ള കടൽ തീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായും അടിയന്തിരമായും നടപ്പിലാക്കുക. പരുത്തിയൂർ, കൊല്ലംകോട് മേഖലയിലെ കടലാക്രമണം മൂലം ഉണ്ടാകുന്ന ഭവന തൊഴിൽ നഷ്ടങ്ങൾക്ക് അടിയന്തിര പരിഹാരം ഉണ്ടാകണം.

കേരളത്തിന്റെ തെക്കേ അറ്റത്ത് സ്ഥിതിചെയ്യുന്ന കൊല്ലങ്കോട്, പരുത്തിയൂർ ഗ്രാമങ്ങൾ അവയുടെ തെക്ക് ഭാഗത്തുള്ള 8 ഗ്രാമങ്ങൾ പുലിമുട്ടോടുകൂടി തീരസംരക്ഷണ ഭിത്തികൾ നിർമ്മിച്ചതിനാൽ വലിയ തീരശോഷണ ഭീഷണി നേരിടുന്നു. തൊഴിലാളികൾക്ക് കടലിൽ പോകുന്നതിന് സാധിക്കുന്നില്ല. ഈ പ്ര

ശ്നങ്ങൾ അതീവ ഗൗരവത്തോടെ പരിഹരിക്കണം.

6. നീല സമ്പത് വ്യവസ്ഥ: ഒരു ചർച്ചയും കൂടാതെ ആവിഷ്ക്കരിച്ച് നടപ്പിലാക്കി ക്കൊണ്ടിരിക്കുന്ന നീല സമ്പത് വ്യവസ്ഥയുടെ ഭാഗമായി നടത്തുന്ന തീരക്കടൽ ആഴക്കടൽ ഘനനം, സാഗർമാല, ടൂറിസം ഹബ്ബുകൾ എന്നിവയുടെ പ്രത്യാഘാതങ്ങൾ സംബന്ധിച്ച് വിശദമായ പഠനം മത്സ്യത്തൊഴിലാളി, പരിസ്ഥിതി സംഘടനകളുടെയും സഹകരണത്തോടെ നടത്തുക. കടലിനും പരിസ്ഥിതിക്കും ആഘാതമുണ്ടാക്കുന്ന പദ്ധതികൾ ഉപേക്ഷിക്കുക.

7. പാർവ്വതി പുത്തനാർ പുനരുദ്ധാരണത്തിന്റെ ഭാഗമായി വീടുകളും തൊഴിലും നഷ്ടപ്പെടുന്ന കുടുംബങ്ങളെ അന്തസ്സായി പുനരധിവസിപ്പിക്കുക.

8. തിരുവനന്തപുരം ജില്ലയിലെ തീരദേശ വാസികളുടെ അകാരണമായി തടഞ്ഞു വച്ചിരിക്കുന്ന പട്ടയങ്ങൾ അടിയന്തിരമായി നൽകാൻ നടപടി സ്വീകരിക്കുക.

9. ദളിത് ക്രൈസ്തവ സംവരണം പലപ്പോഴായി എല്ലാ സർക്കാരുകളുടെയും മുന്നിലെത്തിച്ച വിഷയമാണ്. എന്നാൽ ഇതുവരെയും ഇതിന് പരിഹാരമായിട്ടില്ല. ഇതിന് അടിയന്തിര പരിഹാരം ഉണ്ടാകണം.

10. സർക്കാർ നടപ്പിലാക്കാൻ ശ്രമിക്കുന്ന തീരദേശ ഹൈവേ പദ്ധതിമൂലം ഉണ്ടായേക്കാവുന്ന വ്യാപകമായ കുടിയൊഴിപ്പിക്കൽ ജനങ്ങളിൽ വലിയ തോതിലുള്ള ആശങ്കയ്ക്ക് ഇടനൽകുകയാണ്. ഇത് പരിഹരിക്കാൻ നടപടി വേണം.

വിശദ പദ്ധതി റിപ്പോർട്ടോ (DPR) സാമൂഹിക-പരിസ്ഥിതിക ആഘാതപഠനമോ ഒന്നുമില്ലാതെ, പദ്ധതി നേരിട്ടു ബാധിക്കുന്ന തീരദേശജനതയെ പൂർണമായും ഇരുട്ടിൽ നിർത്തിയാണ് തീരത്തുടനീളം തീരദേശ ഹൈവേക്കുവേണ്ടി പിങ്ക് നിറമുള്ള സർവ്വേ കല്ലുകൾ നാട്ടാൻ തുടങ്ങിയത്. തീരദേശ ഹൈവേയുടെ നിർമ്മാണ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട വിശദമായ

# തീരനോവിന്റെ പ്രതീക്ഷകൾ

**(ലോകസഭാ തെരഞ്ഞെടുപ്പ് പശ്ചാത്തലത്തിൽ)**



**ജോളി പത്രോസ്**
രൂപതാ പ്രസിഡന്റ്, കെഎൽസിഡബ്ല്യുഎ

**728** അപകട മരണങ്ങളിലൂടെ 69 മനുഷ്യജീവനുകൾ എടുത്ത മരണപ്പൊഴി കടന്ന് തന്റെ ഉറ്റവരയും ഉടയവരെയും കാണാൻ പറ്റുന്നത് വലിയ ആശ്വാസമായി കരുതുന്ന ഒരുപറ്റം ജനതയുടെ കണ്ണീരിന്റെ ഓർമയാണ് ഇന്ന് മുതലപ്പൊഴി ഹാർബർ.

കടലും പൊഴിയും സംഗമിക്കുന്ന ഭാഗത്ത് നിയന്ത്രണവിധേയമാവാത്ത രീതിയിൽ മണ്ണ് അടിഞ്ഞുകൂടുകയും മഴക്കാലങ്ങളിൽ ഒലിച്ചുവരുന്ന മണ്ണ് മൺതിട്ടകളായി രൂപപ്പെടുകയും ചെയ്യുന്നത് 'അശാസ്ത്രീയ നിർമാണത്തിന്റെ അനന്തരഫലങ്ങളാണെന്ന് പഠനത്തിൽ തെളിയിക്കുന്നു. അപ്രതീക്ഷിതമായി വലിയ തിരമാലകൾ മുതലപ്പൊഴി ഹാർബറിനുള്ളിൽ രൂപപ്പെടുമ്പോൾ ഇതിൽപ്പെട്ട് വള്ളം മറിയുകയും, ഉപ്പുവെള്ളവും മണലും മത്സ്യത്തൊഴിലാളികളുടെ കണ്ണുകളിൽ കയറി, കണ്ണുകാണാതെ ദിശതെറ്റി പുലിമുട്ടുകളുടെ ഇടയിൽപ്പെടുകയും ചെയ്യുന്നു. മത്സ്യത്തൊഴിലാളികളുടെ ജീവൻ അപഹരിക്കുന്ന ഈ വിഷയത്തിൽ നിരവധി പ്രക്ഷോഭങ്ങളും സമര പോരാട്ടങ്ങളും നടത്തിയപ്പോഴൊക്കെയും അധികാരികൾ പലവിധ വാഗ്ദാനങ്ങൾ നൽകിയെങ്കിലും നാളിതുവരെ അതൊക്കെയും പേപ്പറിൽ എഴുതിവച്ച രേഖകൾ മാത്രമായി തുടരുന്നു. അപകടം തുടർക്കഥയാവുന്ന മുതലപ്പൊഴിയിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് കേന്ദ്ര കേരള സർക്കാരുകൾക്ക് ആത്മാർത്ഥയല്ലെന്നാണ് അനുഭവങ്ങൾ നൽകുന്ന പാഠം.

കഠിനംകുളം ഗ്രാമപഞ്ചായത്തിലെ പാർവതി പുത്തനാറിന്റെ ഇരുകരകളിലും താമസിക്കുന്നവരെ, ആറിൽ ബോട്ട് സർവീസ് നടത്തുന്നതിലേക്കായി വികസനത്തിന്റെ പേരിൽ 11 ലക്ഷം രൂപകൊടുത്ത് അവരെ വീടൊഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെടുന്നു. എഗ്രിമെന്റിൽ ഒപ്പുവയ്പിക്കുന്നു. സാധാരണ ജനങ്ങൾക്ക് 11 ലക്ഷം രൂപകൊണ്ട് 2 സെന്റ് ഭൂമിപോലും വാങ്ങാൻ സാധിക്കില്ല എന്നത് വസ്തുതയാണ്.

ഇതുപോലെതന്നെയാണ് തീരദേശവാസികളെ തീരദേശ ഹൈവേയുടെ പേരുപറഞ്ഞ് തീരദേശത്തുനിന്ന് ഒഴിവാക്കാൻ നീക്കം നടക്കുന്നത്. ഓരോ തീരദേശവാസിയുടെയും നിലനിൽപ്പിന്റെ ആവശ്യകതയായി മാറിയിരിക്കുന്നു മുതലപ്പൊഴിയും പാർവതി പുത്തനാറും.

അതിനാൽ നമ്മുടെ പൂർവികർ ദാനമായി തന്ന കടലും കടൽത്തീരവും വിട്ട് അഭയാർത്ഥികൾ ആകണോ, അതോ സ്വാതന്ത്ര്യത്തോടും സമാധാനത്തോടും കൂടി കടലിനെയും കടൽത്തീരത്തെയും സംരക്ഷിച്ചു ജീവിക്കണോ എന്ന് കടലിന്റെ മക്കൾ ഇച്ഛാശക്തിയോടെയും അർപ്പണമനോഭാവത്തോടെയും ചിന്തിക്കുക, ഉണരുക, പ്രവർത്തിക്കുക. ഈ വരുന്ന പാർലമെന്റ് തെരഞ്ഞെടുപ്പിൽ നമുക്ക് കരുതലായി നിൽക്കുന്നവരെ തെരഞ്ഞെടുപ്പ് നമുക്കുവേണ്ടി വാദിക്കാനും തീരുമാനമെടുക്കാനും അത് സമയബന്ധിതമായി നടപ്പിലാക്കാനും കഴിയുന്നവരെ തെരഞ്ഞെടുക്കണമെന്ന് അഭ്യർഥിക്കുന്നു.

# ലത്തീൻ സമുദായം നേരിടുന്ന പ്രശ്നങ്ങൾ



**പാട്രിക് മൈക്കിൾ**
സെക്രട്ടറി,
കെആർഎൽസിസി

**18**-ാം മത് പാർലമെന്റ് ഇലക്ഷൻ വരികയാണ്. രാജ്യം എങ്ങോട്ടാണെന്നും രാജ്യം ഭരിക്കുന്നവർ എന്തിനാണ് പ്രാമുഖ്യം നൽകുന്നതെന്നും നമുക്ക് ബോധ്യമുള്ളതാണ്. ഇനിയും കെട്ടടങ്ങാത്ത മണിപ്പൂർ കലാപം, പൗരത്വ ഭേദഗതി യാഥാർത്ഥ്യമാക്കാനുള്ള വെമ്പൽ, ജാതി സെൻസസ് നടപ്പിലാക്കില്ലെന്ന് കേന്ദ്രവും നിലപാടറിയിക്കാതെ കേരളവും... ഇത്തരം സാഹചര്യങ്ങളിലൂടെ രാജ്യം മുന്നോട്ടു പോകുമ്പോൾ ഈ വരുന്ന പാർലമെന്റ് ഇലക്ഷന് വളരെയധികം പ്രാധാന്യമുണ്ട്.

തിരുവനന്തപുരത്തെ സംബന്ധിച്ച് പ്രത്യേകിച്ച് ലത്തീൻ സമുദായം കുറച്ചു നാളുകളായി അനുഭവിച്ചു വരുന്നതും ആവശ്യപ്പെട്ടതുമായ കാര്യങ്ങൾ ഇതുവരെയും തീർപ്പുണ്ടായിട്ടില്ല. ഇത് സമുദായ അംഗങ്ങളിൽ ഉത്കണ്ഠ ഉളവാക്കുന്നു. പ്രധാനമായും വിഴിഞ്ഞം തുറമുഖം മൂലമുണ്ടാകുന്ന തീരശോഷണത്തിനും തൊഴിൽ നഷ്ടത്തിനും ദുരിതങ്ങൾക്കും ശാശ്വത പരിഹാരം കാണാൻ സാധിച്ചിട്ടില്ല. വിഴിഞ്ഞം സമരത്തെ തുടർന്ന് ജനകീയ പഠന സമിതിയുടെ നേതൃത്വത്തിലുള്ള പഠന റിപ്പോർട്ട് പുറത്തു വിട്ടെങ്കിലും അതിനെക്കുറിച്ച് പരാമർശിക്കുകയോ സർക്കാർ നിയോഗിച്ച പഠന സമിതി നൽകിയ റിപ്പോർട്ട് പുറത്തു വിടുകയോ ചെയ്യാതെ ജനങ്ങളുടെ ആകുലത കൂട്ടുകയും പ്രശ്നപരിഹാരം ഇല്ലാതാകുകയും ചെയ്യുന്നു. വിഴിഞ്ഞം പദ്ധതി തുടങ്ങുമ്പോൾ ഇതുമൂലം ഉണ്ടാകാവുന്ന തീരശോഷണ പ്രശ്നങ്ങൾക്ക് പരിഹാരമായി 472 കോടി രൂപയുടെ പാക്കേജ് നടപ്പിലാക്കാമെന്ന് പറഞ്ഞിരുന്നു. എന്നാൽ നാളിതുവരെയായിട്ടും പാക്കേജ് നടപ്പിലാക്കുവാനോ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചെയ്യുവാനോ സാധിച്ചിട്ടില്ല. പദ്ധതിയുടെ പഠന റിപ്പോർട്ട് പുറത്തു വന്നാൽ മാത്രമേ പാക്കേജ് നടപ്പിലാക്കുവാനും തീരദേശ ജനതയുടെ ബുദ്ധിമുട്ടുകൾക്ക് ശാശ്വത പരിഹാരം കാണുവാനും സാധിക്കുകയുള്ളൂ. പൊഴിയൂർ മുതൽ വർക്കല വരെയുള്ള കടൽ തീരങ്ങൾ സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾ ഫലപ്രദമായും അടിയന്തിരമായും നടപ്പിലാക്കാത്തതു കാരണം മൺസൂൺ സമയങ്ങളിലല്ലാതെപോലും വരുന്ന കടലാക്രമണത്തിൽ തീരദേശവാസികൾ വല്ലാതെ കഷ്ടപ്പെടുകയാണ്. അതിന് പുറമെ കടലാക്രമണത്താൽ തൊഴിലും ഭവനവും നഷ്ടപ്പെട്ട് ദുഃഖിതരായി നിൽക്കുന്ന പദ്ധതി രേഖ (DPR) പുറത്തു വിടുന്നതിനു മുൻപ് തന്നെ കല്ലിടൽ പരിപാടികളുമായി മുന്നോട്ട് പോകുന്നത് ജനങ്ങളിൽ ആശങ്കയുളവാക്കുന്നു. ടൂറിസം-വാണിജ്യ ഹബ്ബുകൾ, രാജ്യത്തെ ഏറ്റവും നീളമേറിയ സൈക്കിൾ ട്രാക്ക്, ഇ-വാഹന ചാർജിങ് സ്റ്റേഷനുകൾ എന്നിങ്ങനെ കേരളതീരത്തിന്റെ മുഖച്ഛായ മാറ്റുന്ന അതിനൂതന വികസന പ്രതീക ബിംബങ്ങളാണ് പദ്ധതിക്കായി കുടിയൊഴിപ്പിക്കപ്പെടുന്ന മത്സ്യത്തൊഴിലാളികളുടെയും തീരനിവാസികളുടെയും മുമ്പാകെ സർക്കാർ നാട്ടുന്നത്.

പദ്ധതിയുടെ മുഴുവൻ വിശദവിവരങ്ങളും, പദ്ധതി സംബന്ധിച്ച് കൂടിയിറക്കപെടുന്നവർക്ക് നൽകുന്ന പാക്കേജിന്റെ വിശദാംശങ്ങളും അടിയന്തിരമായി സർക്കാർ പ്രസിദ്ധീകരിക്കണം. പ്രാദേശിക സമൂഹങ്ങളുമായി കൂടിയാലോചിച്ച് അവരുടെ ആശങ്കകൾ പരിഹരിക്കണം.

11. ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് എത്രയും വേഗം നടപ്പിലാക്കുക.

ക്രൈസ്തവ ന്യൂനപക്ഷങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പഠിക്കുന്നതിനു വേണ്ടി നിയുക്തമായ ജെ. ബി. കോശി കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ട് പ്രസിദ്ധീകരിക്കുവാൻ സർക്കാർ തയ്യാറാകണം. വിവിധ വകുപ്പുകൾക്ക് നൽകിയ ശുപാർശകളിന്മേൽ യുദ്ധകാല അടിസ്ഥാനത്തിൽ മറുപടി തേടുകയും കമ്മീഷൻ റിപ്പോർട്ട് പുറത്തുവിടുകയും ചെയ്യണം. ലത്തീൻ കത്തോലിക്ക സമൂഹത്തിന്റെയും ദളിത് ക്രൈസ്തവരുടെയും, ആംഗ്ലോ ഇന്ത്യരുടെയും പ്രശ്നങ്ങൾ കൂടുതൽ തീവ്രവുമായതിനാൽ ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി പ്രത്യേക പദ്ധതികളും നയങ്ങളും ഉണ്ടാകണം.

12. 2019 ലെ തീരനിയന്ത്രണ വിജ്ഞാപനത്തിന്റെ പ്ലാൻ (CZMP) നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുക. തീരദേശവാസികളുടെ വീടുകൾക്ക് സ്ഥിര നമ്പർ നല്കുക.

13. മത്സ്യത്തൊഴിലാളികൾക്ക് തൊഴിൽ സമയങ്ങളിൽ ആധാർ കാർഡും മറ്റും കൈവശമുണ്ടായിരിക്ക

തീരദേശവാസികളുടെ നെഞ്ചത്ത് തറയ്ക്കുന്ന അമ്പായി തീരദേശ ഹൈവേയും. തീരദേശ ഹൈവേ പദ്ധതിമൂലം ഉണ്ടായേക്കാവുന്ന വ്യാപകമായ കുടിയൊഴിപ്പിക്കൽ ജനങ്ങളിൽ വലിയതോതിലുള്ള ആശങ്കയ്ക്ക് ഇടനൽകുകയാണ്.

തീരദേശ ജനതയുടെ ഉപജീവന സാധ്യതകൾ നഷ്ടപ്പെടുത്തുകയും ആവാസവ്യവസ്ഥകൾ അന്യമാക്കപ്പെടുകയും ചെയ്യുന്ന നടപടികൾ ശക്തമായിരിക്കുന്നു. കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നയസമീപനവും കോർപ്പറേറ്റ് അനുകൂല വികസന പദ്ധതികളുമാണ് ഈ സ്ഥിതിവിശേഷം സംജാതമാക്കുന്നത്. തീര നിയന്ത്രണ വിജ്ഞാപനംമൂലം ഭവന നിർമ്മാണ അനുമതി ലഭിക്കാത്തതുമൂലം തീരദേശവാസികൾ പ്രയാസപ്പെടുകയാണ്. 2019 ലെ തീരനിയന്ത്രണ വിജ്ഞാപനത്തിന്റെ പ്ലാൻ (CZMP) നടപ്പിലാക്കുന്നതിലെ കാലതാമസം ഒഴിവാക്കുവാനോ, തീരദേശവാസികളുടെ വീടുകൾക്ക് സ്ഥിര നമ്പർ നൽകുവാനോ കഴിഞ്ഞിട്ടില്ല. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ മത്സ്യബന്ധന നയങ്ങൾ, മത്സ്യബന്ധന മേഖലയിൽ സ്വീകരിച്ചിട്ടുള്ള നിയന്ത്രണങ്ങൾ, കേന്ദ്ര സർക്കാരിന്റെ നീല സമ്പദ് വ്യവസ്ഥാനയവുമായി ബന്ധപ്പെട്ട നടപടികൾ, സാഗർമാല പദ്ധതിയുടെ ഭാഗമായുള്ള തീരദേശ ഹൈവേ ഉൾപ്പടെയുള്ള പദ്ധതികൾ, തീരപരിപാലനത്തിലെ അനാസ്ഥയും അലംഭാവവും, എന്നിവയെല്ലാം തീരത്തെ ജനങ്ങളുടെ ജീവിതത്തെ ദുസ്സഹമാക്കുന്നു.

വിഴിഞ്ഞം സമരവുമായി ബന്ധപ്പെട്ടും മുതലപ്പൊഴി വിഷയവുമായി ബന്ധപ്പെട്ടും സഭാ സാമുദായിക പ്രതിനിധികൾക്കെതിരെ എടുത്തിരിക്കുന്ന ക്രിമിനൽ കേസുകൾ ഇനിയും പിൻവലിച്ചിട്ടില്ല. എന്നാൽ ചില പ്രബല സമുദായങ്ങൾക്കെതിരെയുള്ള കേസുകൾ ഒഴിവാക്കുന്നതിൽ സർക്കാർ കാണിക്കുന്ന ശുഷ്കാന്തി ലത്തീൻകാരോടുള്ള വിവേചനത്തിന്റെ ഉത്തമ ഉദാഹരണമാണ്.

നാളെയുടെ തലമുറകളെ വാർത്തെടുക്കാൻ പാകത്തിനും അവർക്ക് മുന്നോട്ടു പോകുന്നതിനുമായി ജോലി സാധ്യതകൾ വർദ്ധിപ്പിക്കുക അതിനാവശ്യമായ കോച്ചിംഗ് സെന്ററുകൾ സ്ഥാപിക്കുക എന്നു തുടങ്ങിയുള്ള ആവശ്യങ്ങൾ പലതവണ ശ്രദ്ധയിൽ പെടുത്തിയെങ്കിലും അനുകൂല നടപടികൾ ഉണ്ടായിട്ടില്ല. പല രാഷ്ട്രീയ പാർട്ടികളും ഇലക്ഷൻ സമയങ്ങളിൽ നമ്മുടെ മുന്നിൽ അവതരിപ്പിക്കുന്ന പ്രകടനപത്രികയിൽ പലതും അവതരിപ്പിച്ചിട്ടുണ്ടെങ്കിൽപോലും ഫലം വന്നുകഴിയുമ്പോൾ മറന്നു കളയുകയാണ് പതിവ്. എന്നാൽ ഇത് തെറ്റിച്ചുകൊണ്ട് വോട്ടു ചോദിച്ചു വരുന്ന സ്ഥാനാർത്ഥികളോട് നമ്മുടെ ആവശ്യങ്ങൾ നേടിത്തരാൻ തയ്യാറാണോ എന്ന് ചോദിക്കുകയും ഇലക്ഷൻ കഴിഞ്ഞ് അത് നേടിയെടുക്കുന്നതിനായി പ്രയത്നിക്കാൻ തയ്യാറായാൽ മാത്രമേ സമുദായം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാവുകയുള്ളൂ. പാർട്ടികളിൽ പ്രവർത്തിക്കുകയും ഭാരവാഹിത്വം വഹിക്കുകയും ചെയ്യുന്ന സമുദായാംഗങ്ങൾ പാർട്ടിയിൽ കൂറു പുലർത്തുന്നതിനോടൊപ്പം സമുദായത്തിനും സമുദായ ആവശ്യങ്ങൾക്കും മുന്നിട്ടു നിൽക്കുകയും അതുവഴി നേതൃസ്ഥാനങ്ങളിൽ എത്തുകയും ചെയ്യുന്നതിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തിയെടുക്കുകയും ചെയ്യുക എന്ന ലക്ഷ്യമാണ് ഉണ്ടാകേണ്ടത്.

ണം എന്ന നിബന്ധന മത്സ്യത്തൊഴിലാളികളെ ഏറെ ബുദ്ധിമുട്ടിലാക്കുന്നു. അത്തരം നിർദ്ദേശങ്ങൾ ഒഴിവാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുക.

14. വലിയതുറ പാലം സംരക്ഷിക്കുക.

വർഷങ്ങളായി മത്സ്യത്തൊഴിലാളികൾ മൺസൂൺ സമയങ്ങളിലും മറ്റും ആശ്രയിച്ചിരുന്ന വലിയതുറ കടൽപാലം അപകടത്തിലായി വർഷങ്ങളായി. സർക്കാരിന്റെയും മറ്റും ശ്രദ്ധയിൽ പെടുത്തിയിട്ടും ഒരു നടപടികളും കൈക്കൊണ്ടില്ല. പാലം തകർന്ന് ഇപ്പോൾ രണ്ടായി മാറി. പാലം നിലനിർത്താനും സംരക്ഷിക്കുവാനും വേണ്ട നടപടികൾ ഉണ്ടാകണം.

15. ലഹരിയുടെ വ്യാപനം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

കേരളത്തിലും ഏറെ പ്രത്യേകിച്ച് തിരുവനന്തപുരം ജില്ലയിലും കൂടുതലായി വന്നു ചേരുന്നതും പുതുതലമുറയെ ഇല്ലാതാക്കുന്നതുമായ ലഹരിയുടെ അതിപ്രസരം തടയുന്നതിനാവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാകണം. നാളെയുടെ തലമുറയെ വാർത്തെടുക്കാൻ പാകത്തിനും അവർക്ക് മുന്നോട്ടു പോകുന്നതിനുമായി ജോലി സാധ്യതകൾ വർദ്ധിപ്പിക്കുക അതിനാവശ്യമായ കോച്ചിംഗ് സെന്ററുകൾ സ്ഥാപിക്കുക..

16. സാമൂഹിക നീതിക്കായി ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ജാതി സെൻസസ് നടപ്പിലാക്കുക.

സാമൂഹിക നീതിക്കായുള്ള ഭരണഘടനാദത്തമായ സാമുദായിക സംവരണ വിഹിതത്തിനും ജനസംഖ്യാനുപാതികമായ ഭാവാത്മക ക്ഷേമനടപടികൾക്കും (Affirmative Action) ജനാധിപത്യ രാഷ്ട്രീയ പ്രാതിനിധ്യത്തിനും സർക്കാർ ഉദ്യോഗങ്ങൾ ഉൾപ്പെടെ അധികാര ശ്രേണിയിലുള്ള പങ്കാളിത്തത്തിനും അടിസ്ഥാന ഡേറ്റ എന്ന നിലയിൽ ജാതി സെൻസസ് അനുപേക്ഷണീയമാണ്. പിന്നാക്ക വിഭാഗങ്ങളിൽ ലത്തീൻ സമൂഹത്തിനും ദളിത ക്രൈസ്തവർക്കും വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനം, സ്കോളർഷിപ്പുകൾ, സർക്കാർ ജോലി, ക്ഷേമപദ്ധതി

കളിലെ വിഹിതം, തദ്ദേശഭരണ സ്ഥാപനങ്ങളിലും നിയമസഭയിലും ലോകസഭയിലും വനിതാസംവരണം അടക്കമുള്ള അർഹമായ പ്രാതിനിധ്യം എന്നിവയ്ക്ക് ജാതിയും സാമൂഹിക സാമ്പത്തിക സ്ഥിതിവിവരവും അടങ്ങുന്ന ആധികാരിക വിവരശേഖരണം ന്യായമായ അവകാശങ്ങൾ നേടിയെടുക്കാനുള്ള പ്രാഥമിക ഉപാധിയായ ജാതി സെൻസസ് നടപ്പിലാക്കുക.

17. കടൽ കടലിന്റെ മക്കൾക്ക് എന്ന പരമ്പരാഗത അവകാശം സംരക്ഷിച്ചുകൊണ്ടുള്ള നിയമനിർമ്മാണം നടത്തുക.

18. കടൽ / സമുദ്ര മിനിസ്ട്രി (സമുദ്ര മന്ത്രി) Ocean Ministry സമാരംഭിച്ച് കടൽ സംരക്ഷണവും കടൽ തീരത്തെ പരമ്പരാഗത സമൂഹത്തിന്റെയും അവകാശങ്ങൾ സംരക്ഷിക്കുക.

മേല്പറഞ്ഞ അവകാശപത്രികയോടെ രാജ്യത്തെ നിലവിലെ രാഷ്ട്രീയാന്തരീക്ഷം പരിഗണിക്കുമ്പോഴും പ്രശ്നങ്ങളോട് മത്സരാർത്ഥികൾ സ്വീകരിക്കുന്ന നിലപാട് വോട്ട് രേഖപ്പെടുത്തുന്നതിനുള്ള അളവുകോലായി മാറും. ഈ നിലപാടിന്റെ വെളിച്ചത്തിൽ 2024 ൽ തിരുവനന്തപുരം പാർലമെന്റ് നിയോജക മണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികളുമായി ഏപ്രിൽ 3-ാം തീയതി ഒരു കൂടിക്കാഴ്ചയും ആറ്റിങ്ങൽ മണ്ഡലത്തിൽ മത്സരിക്കുന്ന മത്സരാർത്ഥികളുമായി ഒരു കൂടിക്കാഴ്ച ഏപ്രിൽ 5-ാം തീയതിയും സംഘടിപ്പിച്ചിരിക്കുന്നു. കൂടാതെ വരുംദിവസങ്ങളിൽ സമുദായം നേരിടുന്ന പ്രാദേശിക പ്രശ്നങ്ങളെ വിശദീകരിച്ചുകൊണ്ട് മാധ്യമചർച്ചയും സംഘടിപ്പിക്കും.

പൗരധർമത്തിലധിഷ്ഠിതമായി ഉത്തരവാദിത്വബോധത്തോടെ ഇന്ത്യയുടെ ഭരണഘടന ഉറപ്പുതരുന്ന സമ്മതിദാനാവകാശം ഓരോ പൗരന്റെയും ചുമതലയാണെന്ന ബോധ്യത്തോടെ നിർവഹിക്കാൻ കഴിയട്ടെ!

'നിയമനിർമാണം, നീതിനിർവഹണം പങ്കാളിത്ത ഭരണം' എന്നിവ ജനാധിപത്യ ഭരണത്തിന്റെ ഉരകല്ലാണ്. ■

# യുവതയെ പരിഗണിക്കുന്നില്ല

ഈ വരുന്ന ഇലക്ഷനെ യുവജനങ്ങൾ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. മാറിമാറി ഭരിക്കുന്ന രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും മോഹനസുന്ദര വാഗ്ദാനങ്ങൾ നൽകുന്നതല്ലാതെ യുവജനങ്ങളെയോ യുവജനങ്ങളുടെ വളർച്ചയെയോ മുന്നിൽ കണ്ടുകൊണ്ട്, വാഗ്ദാനം നൽകിയ കാര്യങ്ങൾ ചെയ്യാൻ സന്നദ്ധത കാണിക്കുന്നില്ല. യുവജനങ്ങൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തൊഴിലില്ലായ്മയാണ്. തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുവേണ്ടി രാഷ്ട്രീയ നേതൃത്വങ്ങൾ സന്നദ്ധരാകുന്നില്ല. ഇതിന്റെ ഒന്നാമത്തെ ഘടകമാണ് തൊഴിൽ മേഖലയിലുള്ള സംവരണങ്ങൾ നടപ്പിലാക്കാത്തത്. പ്രത്യേകിച്ച് ലത്തീൻ സമുദായത്തിലെ യുവജനങ്ങളുടെ സംവരണങ്ങൾ കൃത്യമായി നടപ്പിലാക്കുന്നില്ല. ഇതേ തുടർന്ന് യുവജനങ്ങളെല്ലാം ഇന്ന് രാജ്യത്തുനിന്നും പലായനം ചെയ്യുന്ന സാഹചര്യമാണുള്ളത്. കേന്ദ്രഗവണ്മെന്റിന്റെയോ എംഎസ്എംഇ പോലുള്ള സർക്കാർ സംവിധാനത്തിന്റെയോ കീഴിലുള്ള സ്വയം തൊഴിൽ കണ്ടെത്തുന്നതിന് വേണ്ടി പലതരത്തിലുള്ള നൂതന വാഗ്ദാനങ്ങൾ നൽകുന്നുവെങ്കിലും ബാങ്കുമായി ബന്ധപ്പെട്ട് കാര്യങ്ങൾ അന്വേഷിക്കുമ്പോൾ ഇത് നടപ്പിലാക്കാൻ കഴിയുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. തന്റെയും തന്റെ കുടുംബത്തിന്റെയും ഭാരങ്ങൾ ചുമലിലേറ്റിക്കൊണ്ട് ഏറെ സ്വപ്നങ്ങൾ കണ്ടുകൊണ്ട് പഠിച്ച് റാങ്ക് ലിസ്റ്റിൽ പേര് വന്നാലോ നിയമനം നടത്താത്ത അവസ്ഥയാണ് യുവതലമുറ നേരിടുന്നത്.


രാജ്യത്തിന്റെ സമ്പത്താണ് യുവജനങ്ങൾ. യുവജനങ്ങളെ ഒരു തരത്തിലുമുള്ള നിലവാരത്തിലേക്ക് ഉയർത്തുന്നതിനുവേണ്ടിയുള്ള പരിശ്രമങ്ങൾ നടപ്പിലാക്കാതെ വളരെ നിസംഗമായ നിലപാടിലൂടെ കടന്നുപോകുന്ന രാഷ്ട്രീയമാണിന്നുള്ളത്. ഒപ്പം ലഹരിയിൽ അടിമപ്പെട്ടുകൊണ്ട് ജീവിക്കുന്ന യുവജനസമൂഹവും നമ്മുടെ ഇടയിലുണ്ട്. ലഹരി ഉപയോഗത്തിൽ നിന്ന് യുവജനങ്ങളെ കൈപിടിച്ച് ഉയർത്തുന്നതിനാവശ്യമായ സർക്കാർ സംവിധാനങ്ങൾ നമുക്കുണ്ടെങ്കിലും അതൊന്നും ഉപയോഗപ്പെടുത്തുന്നില്ല എന്നതാണ് ഇതിന്റെ മറ്റൊരു വശം. ഇവയെല്ലാം മനസ്സിലാക്കിക്കൊണ്ട് നമ്മുടെ ഓരോ വോട്ടും വിവേകത്തോടുകൂടി രേഖപ്പെടുത്തണമെന്ന് ഓർമിപ്പിക്കുന്നു.



**സനു സാജൻ പടിയറയിൽ**
പ്രസിഡന്റ് കെസിവൈഎം

കവിത

# അമ്മയുടെ പുഞ്ചിരിയിൽ വിരിഞ്ഞതെന്താകാം..?



വർഗീസ് ജോർജ്

കൂർത്ത മുള്ളുകൾ
തലയോട്ടി പോറിച്ച
കിരീടധാരണത്തിനു മുന്നിലായി
കാഴ്ച മറയുന്ന
കണ്ണീർച്ചാലുകൾക്കിടയിലൂടെ
ഹൃത്തടം പിളർന്ന
വാൾമുനകൾക്കിടയിലും
നിശ്ശബ്ദസഹനത്തിന്റെ
ദിവ്യസാന്നിദ്ധ്യമാം മാതൃരൂപമിവിടെ
ഹൃദയാർദ്രമായി
നമ്മേ നോക്കുമ്പോൾ

വായിച്ചെടുക്കുവാൻ
കഴിയുന്നതിലപ്പുറം
എനിക്കു മുന്നിൽ
കാരുണ്യ സ്പർശമാകാൻ
കരങ്ങൾ നീട്ടുമ്പോൾ
നീ നിത്യമഹോന്നത,
മനോജ്ഞമായി
പുഞ്ചിരിയ്ക്കുമ്പോളാ–
ശിരസ്സിനഭൗമപ്രൗഢിയേകാൻ
കീർത്തിയേറിടുമൊരു
കാഴ്ച തീർക്കാൻ

മഞ്ഞ ലോഹം
തീർക്കുന്ന മർത്യന്റെ
കേവലബുദ്ധിയ്ക്കാവുമോ
എന്നൊരു സന്ദേഹതേരേറി
ഞാനും ചിന്തയിലാകവേ
വിലയിടാത്ത വിശ്വാസത്തിൽ
വ്യാജ നിർമ്മിതി ലേശമേശാതെ
ഞാനെന്ന യാചനാരൂപമമ്മയെ
വണങ്ങുമ്പോൾ
വെറുതെയാകുന്ന
ഈയഹങ്കാരത്തിൻ
തോരണമാകുമീ
അലങ്കാരപ്പണികൾ.

ലജ്ജയിവിടെ അൽപ്പവും
അസ്തമിച്ചിട്ടില്ലെങ്കിൽ
സ്വർണ്ണത്തിളക്കമോ,
വെള്ളിവെളിച്ചമോ, ചെമ്പിൻ
കലർപ്പോയെന്നതിൻ
വെറും പാഴന്വേഷണം.



മുതലാക്കലിന്റെ
നവരാഷ്ട്രീയ നാടകം
കൊഴുക്കുമണിയറയിൽ
അമ്മയ്ക്കനുപാതം
അലങ്കാരത്തിനാവില്ലെന്ന
തിരിച്ചറിവിന്റെ സത്യവും
അടിമുടി നിറയുന്ന
ഭോഷ്കിന്റെ ആഴവും
ബോദ്ധ്യമേകാൻ
ചിരിയൊതുക്കാൻ
ചിരപ്രാർത്ഥനയേകുമ്പോഴും

മുന മിനുക്കി
മുൾക്കിരീടമൊരുക്കുന്നവർ
നടതള്ളി കടന്നകന്നവർ
ശിരസ്സേറ്റുന്ന തങ്കക്കിരീടപ്രഭയല്ല
എന്നമ്മതൻ ചാരുത
ഏറെ ഘോഷിക്കും
ലളിതോദാത്തമാം നിൻ
അനുഗ്രഹപ്പൂമഴയാകാം
കരുണയേന്തുന്ന കരതലങ്ങളാകാം
ഒരു മാത്ര ഭോജ്യമേകാൻ
ഉള്ളിന്റെ പ്രാപ്തിയേറുമിടങ്ങളിൽ
എൻ അമ്മ കൺതുറക്കും,
പുഞ്ചിരിക്കും.

അൽപ്പമാത്രമെന്നോ
രുചിച്ചൊരാത്മീയതയുടെ
മൊത്തത്തിൽ തണ്ടേറി
കേമരായവർ
തലകുനിച്ചില്ലെങ്കിലും
മാപ്പിരന്നില്ലെങ്കിലും
അല്പം ദയവാകാം
ഈ ശിഷ്ടകാലത്തിലമ്മയെ
ശുഷ്ക്കവിശ്വാസത്തിന്നളവിൽ
തൂക്കി നോക്കരുത്
അത്രമേൽ അപമാനിക്കരുത്.




### പ്രധാനമന്ത്രിയുടെ വാട്ട്സ്ആപ്പ് കത്തിന് തുറന്ന മറുപടി

# എല്ലാവരോടും തുല്യമായി പെരുമാറുക

പ്രിയ ശ്രീ നരേന്ദ്ര മോദി ജി,

മാർച്ച് 15ന് ഹിന്ദിയിലും ഇംഗ്ലീഷിലുമായി നിങ്ങളുടെ കത്ത് വാട്സ് ആപ്പിലൂടെ കിട്ടിയപ്പോൾ ഞാൻ ആശ്ചര്യപ്പെട്ടു. 140 കോടി ജനങ്ങളിൽനിന്ന് എങ്ങനെയാണ് നിങ്ങൾക്ക് വിശ്വാസവും പിന്തുണയും ലഭിച്ചതെന്ന് നിങ്ങളുടെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. നിങ്ങൾ ഇന്ത്യൻ ജനസംഖ്യയിൽ നിന്ന് ആരെയും ഒഴിവാക്കാത്തതിൽ എനിക്ക് സന്തോഷമുണ്ട്.

ഈ അവകാശവാദം ഉന്നയിക്കുമ്പോൾ, നിങ്ങൾക്ക് ഇന്ത്യയിലെ ജനസംഖ്യ കൃത്യമായി നൽകാൻ കഴിഞ്ഞില്ലെന്ന് ഞാൻ ശ്രദ്ധിച്ചു. 2011ൽ ഡോ. മൻമോഹൻ സിംഗ് പ്രധാനമന്ത്രിയായിരുന്ന കാലത്താണ് അവസാനമായി ദശാബ്ദക്കാലത്തെ സെൻസസ് നടന്നത്. നിങ്ങൾ അടുത്ത സെൻസസ് 2021ൽ നടത്തേണ്ടതായിരുന്നു. ശരിയാണ്, കോവിഡ്19 വഴിത്തിരിവായി.

ഞാൻ ഇതെഴുതുമ്പോൾ, അടുത്ത സെൻസസ് എപ്പോൾ നടക്കുമെന്ന് രാജ്യത്തിന് ഉറപ്പില്ല. നിങ്ങൾ ജനസംഖ്യാ കണക്കെടുപ്പ് നടത്തിയിരുന്നെങ്കിൽ, ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് നിങ്ങളുടെ ഭരണം എങ്ങനെ പ്രയോജനപ്പെട്ടുവെന്ന് അത് വെളിപ്പെടുത്തുമായിരുന്നു.

പാവപ്പെട്ട കർഷകരുടെയും യുവാക്കളുടെയും സ്ത്രീകളുടെയും ജീവിതത്തെ മാറ്റിമറിക്കാൻ നിങ്ങൾക്ക് കഴിഞ്ഞുവെന്ന് നിങ്ങൾ സൂചിപ്പിക്കുന്നു.

തങ്ങളുടെ വികാരങ്ങൾ പ്രകടിപ്പിക്കാൻ ആഗ്രഹിച്ച കർഷകരെ ഡൽഹി അതിർത്തിയിൽ തടഞ്ഞുവെച്ചതും അവർക്കിടയിൽ കണ്ണീർ വാതക ഷെല്ലുകൾ പൊട്ടിക്കാൻ ഡ്രോണുകൾ ഉപയോഗിച്ചതും എനിക്ക് മറക്കാൻ കഴിയുന്നില്ല. വാസ്തവത്തിൽ, ഡൽഹി അതിർത്തികൾ ഇന്ത്യ ചൈന അതിർത്തിയേക്കാൾ കൂടുതൽ ഉറപ്പിച്ചതായി കാണപ്പെട്ടു. കർഷകർ സമരം അവസാനിപ്പിച്ചിട്ടില്ല. രാജ്യത്ത് സമാ



എ.ജെ. ഫിലിപ്പ്

ധാനപരമായ പോളിംഗ് സുഗമമാക്കുന്നതിന് വേണ്ടിയായിരിക്കാം അവർ അത് താൽക്കാലികമായി നിർത്തിയത്. യുവാക്കളും സ്ത്രീകളും രൂപാന്തരപ്പെട്ടു നിൽക്കുന്നു എന്ന് നിങ്ങൾ പറയുന്നത് എന്തടിസ്ഥാനത്തിലാണ് എന്ന് എനിക്കു മനസ്സിലാകുന്നില്ല.


പ്രതിവർഷം രണ്ട് കോടി തൊഴിലവസരങ്ങൾ സൃഷ്ടിക്കുമെന്ന് നിങ്ങൾ വാഗ്ദാനം ചെയ്തിരുന്നു. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ, 20–40 വയസ്സിനിടയിലുള്ള 20 കോടി ആളുകൾക്കെങ്കിലും രാജ്യത്ത് പൂർണമായി ജോലി ലഭിക്കുമായിരുന്നു. നിങ്ങൾ വാഗ്ദാനം ചെയ്ത ജോലിയുടെ ഒരു ഭാഗം പോലും സൃഷ്ടിക്കാൻ നിങ്ങൾക്ക് കഴിഞ്ഞോ? യുവാക്കളെ കുറിച്ച് പറയുമ്പോൾ നിങ്ങൾ സ്ത്രീകളെ ഉൾപ്പെടുത്തിയിരുന്നുവെന്ന് എനിക്ക് ഉറപ്പുണ്ട്. സ്ത്രീകൾക്ക് ശരിക്കും ജോലി കിട്ടുന്നുണ്ടോ?

ഗുജറാത്തിൽ നിങ്ങൾ നിർമ്മിച്ച സ്റ്റാച്യു ഓഫ് യൂണിറ്റിയിൽ നൂറുകണക്കിന് സ്ത്രീകൾ ഓട്ടോറിക്ഷാ ഡ്രൈവർമാരായി ജോലി ചെയ്യുന്നത് ഞാൻ കണ്ടു. ഞാൻ അവരിൽ ചിലരുമായി സംസാരിച്ചു, അവർ ജോലിയിൽ ഒട്ടും സന്തുഷ്ടരല്ലെന്ന് കണ്ടെത്തി, കാരണം അത് സീസണൽ സ്വഭാവമുള്ളതും അവരുടെ ജീവിതത്തെ മാറ്റിമറിക്കാൻ കഴിയുന്ന വരുമാനം നൽകുന്നതുമല്ല. മുന്നോട്ട് കൊണ്ടുപോകാനുള്ള ആരോഗ്യമുണ്ടെങ്കിൽ അവർ ജീവിതകാലം മുഴുവൻ ഓട്ടോറിക്ഷാ ഡ്രൈവർമാരായി തുടരും.

ഗുജറാത്തിൽ ജോലി ചെയ്യുന്ന സ്ത്രീകളുടെ അവസ്ഥ ഇതാണെങ്കിൽ രാജ്യത്തെ തൊഴിൽ രഹിതരായ സ്ത്രീകളുടെ അവസ്ഥ എങ്ങനെയായിരിക്കുമെന്ന് ഊഹിക്കാം. നിങ്ങളുടെ ഭവന പദ്ധതി, വൈദ്യുതി, വെള്ളം, എൽപിജി ലഭ്യത, ആയുഷ്മാൻ ഭാരത് വഴി സൗജന്യ വൈദ്യസഹായം എന്നിവയെക്കുറിച്ച് നിങ്ങൾ അഭിമാനകരമായ അവകാശവാദങ്ങൾ ഉന്നയിക്കുന്നു. പഴയ സ്കീമുകൾ ശക്തിപ്പെടുത്താൻ കഴിയുമായിരുന്നപ്പോൾ പുതിയ സ്കീമുകളുടെ ആവശ്യം എന്താണെന്ന് എനിക്ക് ചോദിക്കാൻ ആഗ്രഹമുണ്ടെങ്കിലും നിങ്ങൾ സത്യസന്ധനാണെന്ന് ഞാൻ വിശ്വസിക്കട്ടെ.

ഇന്ത്യയിലെ ഏറ്റവും വലിയ മെഡിക്കൽ കോളേജായ ഓൾ ഇന്ത്യ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ഞാൻ സന്ദർശിച്ചു. 6,000 നഴ്സുമാരാണ് ഇവിടെ ജോലി ചെയ്യുന്നത്. 1973 ൽ ഞാൻ ആദ്യമായി ഡൽഹിയിൽ വന്നപ്പോൾതന്നെ ഇത് പ്രവർത്തിച്ചിരുന്നു. ആശുപത്രിയിൽ ഏറ്റവും മികച്ച അടിസ്ഥാന സൗകര്യങ്ങളുണ്ടെങ്കിലും അവിടെ പോകുന്ന പാവപ്പെട്ട രോഗികൾക്ക് സൗജന്യമായി മരുന്ന് ലഭിക്കുമെന്ന് ഉറപ്പില്ല. അവർ അത് വിപണിയിൽ നിന്ന് വാങ്ങണം.

'രാഷ്ട്രം അതിന്റെ സമ്പന്നമായ സംസ്കാരം ആഘോഷിക്കുന്നതോടൊപ്പംതന്നെ മുന്നോട്ട് പോകുന്നതിൽ ഇന്ന് ഓരോ പൗരനും അഭിമാനിക്കുന്നു' എന്ന് നിങ്ങൾ അവകാശവാദം ഉന്നയിക്കുന്നു. നിങ്ങളുടെ കത്ത് വായിച്ച ഉടൻതന്നെ ഞാൻ ലോക സന്തോഷ റിപ്പോർട്ടിൽ ഇടറി, ലോകമെമ്പാടുമുള്ള പത്രങ്ങളിൽ മിന്നിമറഞ്ഞു. നിങ്ങളുടെ കത്ത് കാരണം, ഏറ്റവും സന്തോഷമുള്ള രാജ്യങ്ങളിൽ ഇന്ത്യ അതിന്റെ സ്ഥാനം മെച്ചപ്പെടുത്തുമെന്ന് ഞാൻ പ്രതീക്ഷിച്ചു. ഇപ്പോൾ ഫിൻലൻഡ് കൈവശപ്പെടുത്തിയിരിക്കുന്ന ഒന്നാം സ്ഥാനത്ത് എത്താൻ വർഷങ്ങളെടുക്കുമെന്ന് എനിക്കറിയാമായിരുന്നു. ആ ദിശയിലെങ്കിലും ഒരു തുടക്കമെങ്കിലും ഉണ്ടാക്കാമായിരുന്നു. പകരം, 126ാം സ്ഥാനത്താണ് ഞാൻ ഇന്ത്യയെ കണ്ടെത്തിയത്, കഴിഞ്ഞ വർഷവും അത് അതേ സ്ഥാനത്തുതന്നെയാണ്. താരതമ്യപ്പെടുത്തുമ്പോൾ, നമ്മുടെ അയൽരാജ്യങ്ങളെല്ലാം മെ



ച്ചപ്പെട്ട നിലയിലായിരിക്കുന്നു.

ഇന്ത്യയ്ക്കും ചൈനയ്ക്കും ഒരേ തരത്തിലുള്ള ജനസംഖ്യയുണ്ട്, ചൈനയിൽ കമ്മ്യൂണിസ്റ്റ് വിപ്ലവം നടന്നതും ബ്രിട്ടീഷുകാർ ഇന്ത്യ വിട്ടതും ഏതാണ്ട് ഒരേ സമയത്താണ്. നമ്മൾ 126-ാം സ്ഥാനത്തായിരിക്കുമ്പോൾ ചൈന 60-ാം സ്ഥാനത്താണ് എന്നത് അതിശയമല്ല.

നമ്മുടെ നേതാക്കൾ പലപ്പോഴും പാക്കിസ്ഥാനെ ഒരു പരാജയപ്പെട്ട രാഷ്ട്രമായി കളിയാക്കാറുണ്ട്. 108ൽ ഞങ്ങളുടെ അയൽക്കാരൻ ഞങ്ങളെക്കാൾ മികച്ചതായിരിക്കുന്നു. യഥാക്രമം 93, 118 സ്ഥാനത്തുണ്ടായിരുന്ന നേപ്പാളിന്റെയും മ്യാൻമറിന്റെയും കാര്യത്തിവും ഇതുതന്നെയാണ്. 10,000 പേർ കൊല്ലപ്പെടുകയും 20 ലക്ഷം പേരെ മാറ്റിപ്പാർപ്പിക്കുകയും ചെയ്ത ബുർക്കിന ഫാസോ പോലെയുള്ള ഒരു രാജ്യം ഇന്ത്യയെക്കാൾ സന്തുഷ്ടമായിരിക്കുന്നു എന്നത് മറക്കാമോ?

റഷ്യയുമായി കടുത്ത പോരാട്ടം നടത്തുന്ന ഉക്രെയ്നിലെ ആളുകൾ 105ാം സ്ഥാനത്തെത്തിയതിനാൽ ഇന്ത്യക്കാരെക്കാൾ സന്തോഷവാനാണ്. ഹാപ്പിനസ് റിപ്പോർട്ട് 2024 ന്റെ സംഘാടകർ ഒരു വിശദീകരണകുറിപ്പ് പ്രസിദ്ധീകരിക്കാൻ നിർബന്ധിതരായി, എന്തുകൊണ്ടാണ് ഇത്രയധികം അവകാശവാദങ്ങൾ ഉണ്ടായിരുന്നിട്ടും, ഇന്ത്യ അഫ്ഗാനിസ്ഥാനേക്കാൾ അല്പം മാത്രം മെച്ചപ്പെട്ടത്.

ഇന്ത്യയിൽ ചിലർക്ക് സന്തോഷം തോന്നുന്നത് എന്തുകൊണ്ടാണെന്നും ബഹുഭൂരിപക്ഷം ആളുകൾക്ക് അസന്തുഷ്ടി തോന്നിയത് എന്തുകൊണ്ടാണെന്നും അതിൽ വിശദീകരിക്കുന്നു. അസന്തുഷ്ടർ ബഹുഭൂരിപക്ഷം ആയതിനാൽ ചുരുക്കം ചിലരുടെ സന്തോഷമല്ല, അവരുടെ അസന്തുഷ്ടിയാണ് കണക്കാക്കുന്നത്. 2014ൽ നിങ്ങൾ അധികാരത്തിൽ വന്ന് അദാനിയുടെ വിമാനത്തിൽ പ്രധാനമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാൻ ഡൽഹിയിൽ എത്തിയപ്പോൾ ഇന്ത്യയിലെ വ്യവസായികൾക്കിടയിൽ ആദാനിയുടെ സ്ഥാനം എന്തായിരുന്നു? അദ്ദേഹം ആദ്യത്തെ 10 പേരിൽ ഉണ്ടായിരുന്നോ? ഒരു സാധ്യതയുമില്ല. എന്നാൽ ഹിൻഡൻബർഗ് റിപ്പോർട്ടിൽ അദ്ദേഹം ഇന്ത്യയുടെയും ഒരുപക്ഷേ, ഇപ്പോൾ ലോകത്തിലെ ഏറ്റവും ധനികനായ വ്യക്തിയുമായിരിക്കുന്നു.

കാറുകളുടെ അസംബ്ലി ലൈൻ ഉൽപ്പാദനം എന്ന ആശയം അവതരിപ്പിച്ച ഹെൻറി ഫോർഡ്, ആപ്പിൾ കമ്പ്യൂട്ടറുകളും ഐഫോണുകളും ഐപാഡുകളും അവതരിപ്പിച്ച സ്റ്റീവ് ജോബ്സ്, ഇന്ത്യയിലെ ജനസംഖ്യയേക്കാൾ വലിയ ഫേസ്ബുക്ക് കമ്മ്യൂണിറ്റി നിർമ്മിച്ച മാർക്ക് സക്കർബർഗ്, ജെഫ് എന്നിവരെപ്പോലെ അദാനി പുതിയ എന്തെങ്കിലും വിപണിയിൽ അവതരിപ്പിച്ചിട്ടുണ്ടോ?

എങ്ങനെ നിക്ഷേപിക്കണമെന്ന് അദാനിക്ക് അറിയാമായിരുന്നു. 2014ലെ തെരഞ്ഞെടുപ്പിൽ രാജ്യത്തുടനീളം പ്രചാരണത്തിനായി ഫുൾ ടാങ്ക് ഇന്ധനവുമായി ഹെലികോപ്റ്റർ നിങ്ങൾക്ക് നൽകിയതാണ് അദ്ദേഹം നടത്തിയ ഏറ്റവും വലിയ നിക്ഷേപം. ലോക്ക്ഡൗൺ കാലത്ത് ദശലക്ഷക്കണക്കിന് ഇന്ത്യക്കാർ ഒരു ദിവസത്തെ ഭക്ഷണം കഴിക്കാൻ പാടുപെട്ടപ്പോൾ, അദാനിയുടെ സ്റ്റോക്ക് മൂല്യം ഓരോ ദിവസവും ആയിരക്കണക്കിന് കോടികൾ വർദ്ധിച്ചുകൊണ്ടിരിക്കുകയായിരുന്നു.

5 ശതമാനം വരുന്ന സമ്പന്നർ ദേശീയ സമ്പത്തിന്റെ 60 ശതമാനത്തോളം കൈവശം വച്ചിരിക്കുന്നതിൽ അതിശയിക്കാനൊന്നുമില്ലെന്നോ? ഇത് പുതിയ കാര്യമല്ല. നമ്മുടെ ഭരണാധികാരികളിൽ ചിലർ തിരുവിതാംകൂർ മഹാരാജാവിനെപ്പോലെ വളരെ സമ്പന്നരായിരുന്നു, ശ്രീപദ്മനാഭ സ്വാമി ക്ഷേത്രത്തിൽ കുമിഞ്ഞുകൂടിയ സമ്പത്തിൽ നിന്ന് മനസ്സിലാക്കാം. അവരിൽ പലരും സമ്പത്ത് ഉപയോഗിച്ച് ക്ഷേത്രങ്ങളും കൊട്ടാരങ്ങളും പണിയാനും റോൾസ് റോയ്സ് കാറുകൾ വാങ്ങാനും ഉത്സാഹിച്ചു. അവരുടെ പ്രജകൾ ദാരിദ്ര്യത്തിൽ അകപ്പെട്ടു.

നിങ്ങളുടെ സുഹൃത്ത് മുകേഷ് അംബാനി ജാംനഗറിൽ വിവാഹത്തിന് മുമ്പുള്ള ഒരു ചടങ്ങ് സംഘടിപ്പിച്ചപ്പോൾ ഇന്ത്യ ഇക്കാര്യത്തിൽ ഒരു പുതിയ മാനദണ്ഡം സ്ഥാപിച്ചു, അവിടെ 2,000 വിഭവങ്ങൾ ഉണ്ടാക്കി. ഞങ്ങളുടെ പാചകരീതി ഇത്ര വിശാലമാണെന്ന് എനിക്കറിയില്ലായിരുന്നു. ഒത്തുകൂടിയവരെ രസിപ്പിക്കാൻ 70 കോടി രൂപ മുടക്കി യുഎസിൽ നിന്ന് ഒരു ഗായകനെയും കൊണ്ടുവന്നു. അംബാനിക്ക് ചെലവഴിക്കാൻ പണമുള്ളതിനാൽ ഇതെല്ലാം പാസായി. സുക്കർബർഗിനെപ്പോലുള്ളവരുടെ വരവും പോക്കും സുഗമമാക്കാൻ പാകിസ്ഥാൻ അതിർത്തിയോട് ചേർന്നുള്ള ജാംനഗർ വിമാനത്താവളം ഇന്ത്യാ ഗവൺമെന്റ് അന്താരാഷ്ട്ര വിമാനത്താവളമാക്കി മാറ്റിയത് എന്തുകൊണ്ടാണ്? സ്വകാര്യ വിമാനങ്ങളോട് അഹമ്മദാബാദിലോ മറ്റേതെങ്കിലും അന്താരാഷ്ട്ര വിമാനത്താവളത്തിലോ ഇറങ്ങാൻ പറഞ്ഞാൽ ആകാശം ഇടിഞ്ഞു വീഴുമായിരുന്നോ? തീർച്ചയായും, നിങ്ങളുടെ ഉദാരമായ സമീപനം വിവാഹത്തിന് മുമ്പുള്ള ചടങ്ങിൽ പങ്കെടുത്ത സമ്പന്നരെ സന്തോഷിപ്പിക്കാനായിരുന്നു. വർത്തമാനകാലത്തിലേക്ക് മടങ്ങുമ്പോൾ, ഇന്ത്യയിലെ ജനസംഖ്യയുടെ താഴെയുള്ള 50 ശതമാനം ആളുകൾക്ക് ദേശീയ സമ്പത്തിന്റെ 3 ശതമാനം മാത്രമേ ഉള്ളൂ. വിടവ് വർദ്ധിച്ചുകൊണ്ടിരിക്കുന്നു, അവരാണ് ഈ രാജ്യത്ത് അസന്തുഷ്ടരായിരിക്കുന്നത്. ഈ പ്രശ്നം പരിഹരിക്കപ്പെടുന്നതുവരെ ഇന്ത്യ സന്തോഷ സൂചികയിൽ ഏറ്റവും താഴെയായി തുടരും. ദയവായി ചിന്തിക്കുക, മണിപ്പൂരിലെ ജനങ്ങൾ സന്തോഷവാന്മാരാണെന്ന് എങ്ങനെ റിപ്പോർട്ട് ചെയ്യാൻ കഴിയുന്നു? ത്രിയേക ദൈവത്തെ ആരാധിച്ചതുകൊണ്ടുമാത്രം ഒരു വിഭാഗം ആളുകൾ താഴ്വരയിൽ നിന്ന് പുറത്താക്കപ്പെട്ടപ്പോൾ മുതൽ നിങ്ങൾ സംസ്ഥാനം സന്ദർശിക്കുമെന്ന് അവർ പ്രതീക്ഷിച്ചു. ഇപ്പോഴും പ്രതീക്ഷിക്കുന്നു.

ഞാൻ ഇത് എഴുതുമ്പോൾ, നിങ്ങൾ ഭൂട്ടാനിലാണ്, അവിടെ ആളുകൾ ഇന്ത്യക്കാരേക്കാൾ സന്തുഷ്ടരാണ്. വിചിത്രമായ സ്ഥലങ്ങൾ സന്ദർശിക്കാൻ നിങ്ങൾക്ക് ലോകമെമ്പാടും സമയമുണ്ട്, എന്നാൽ ദയനീയമായ അവസ്ഥയിൽ കഴിയുന്ന മണിപ്പൂരികളെ സന്ദർശിക്കാൻ സമയമില്ല.

ആർട്ടിക്കിൾ 370 റദ്ദാക്കിയത് വലിയ നേട്ടമായാണ് താങ്കൾ പറയുന്നത്. നിങ്ങൾ നേരിട്ട് ഭരിക്കുന്ന ജമ്മു കശ്മീരിനെ രണ്ട് കേന്ദ്ര ഭരണ പ്രദേശങ്ങളാക്കി ചുരുക്കിയപ്പോൾ നിങ്ങൾ ജനങ്ങളെ വിശ്വാസത്തിലെടുത്തുവോ? ഇന്ത്യയിലെ ഏക മുസ്ലീം ഭൂരിപക്ഷ സംസ്ഥാനമായിരുന്നു ജെ&കെ. ഇന്ത്യയിൽ അങ്ങനെയൊരു സംസ്ഥാനം നിങ്ങൾ ആഗ്രഹിച്ചിരുന്നില്ല എന്നതാണ് വസ്തുത.

**ഒരു തരത്തിലുള്ള അഴിമതിയെയും ഞാൻ പിന്തുണയ്ക്കുന്നില്ല. അരവിന്ദ് കെജ്‌രിവാൾ മദ്യനയത്തിന്റെ പേരിൽ വ്യവസായികളിൽ നിന്ന് പണം പിരിച്ചെങ്കിൽ, അദ്ദേഹം ജയിലിൽ പോകട്ടെ. എന്നാൽ ഡൽഹി കേസിൽ ഉൾപ്പെട്ട മദ്യവ്യവസായികൾ ഉൾപ്പെടെയുള്ള വ്യവസായികളിൽ നിന്ന് ഇലക്ടറൽ ബോണ്ടുകൾ വഴി ആയിരക്കണക്കിന് കോടി രൂപ തട്ടിയെടുത്ത നിങ്ങളുടെ പാർട്ടിയുടെ കാര്യമോ?**




എന്തുകൊണ്ടാണ് നിങ്ങളുടെ മന്ത്രിസഭയിൽ മുസ്ലീമോ ക്രിസ്ത്യാനിയോ ഇല്ലാത്തത്? മുസ്ലീങ്ങളെയും ഹിന്ദുക്കളെയും രാജ്യത്തിന്റെ രണ്ട് കണ്ണികളായി കണക്കാക്കിയിരുന്ന ഒരു കാലമുണ്ടായിരുന്നു. അടുത്തിടെ, ഡൽഹിയിൽ ഒരു പോലീസുകാരന് റോഡരികിൽ പ്രാർത്ഥിച്ചുകൊണ്ടിരുന്ന ഒരു മുസ്ലീം യുവാവിനെ ചവിട്ടാൻ ധൈര്യമുണ്ടായി. ഒരു പരിഷ്കൃതരാജ്യത്ത് ഇത് സംഭവിക്കില്ല.

ഗുരുഗ്രാം പോലെ നിയുക്ത സ്ഥലങ്ങളിൽ പോലും പ്രാർത്ഥിക്കാൻ മുസ്ലീങ്ങൾ ഭയപ്പെടുന്നു. നേരത്തെ, കലാപസമയത്തുപോലും പള്ളികൾ നശിപ്പിക്കപ്പെട്ടിരുന്നില്ല. ഇപ്പോൾ, അവ ബുൾഡോസർ കൊണ്ട് നശിപ്പിക്കുന്നു. സ്ഥലമില്ലായ്മയുടെ പേരിൽ, മുസ്‌ലിംകളെ തല്ലിക്കൊന്നതോ, മുസ്‌ലിംകളെപ്പോലെ തോന്നിച്ചതിന്റെ പേരിൽ തീവണ്ടിയിൽ വെടിവച്ചുകൊല്ലുന്നതോ, അവരുടെ സ്വത്തുക്കൾ നശിപ്പിച്ചതോ ആയ സംഭവങ്ങൾ എണ്ണിപ്പറയാൻ എനിക്കാവുന്നില്ല.

പുതിയ നിയമപ്രകാരം രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം നിങ്ങൾക്ക് രാജ്യത്തിന് നൽകാമോ? ബിൽക്കീസ് ബാനോയുടെ ജീവിതവും സമാധാനവും തകർത്ത കൂട്ട ബലാത്സംഗക്കാരെയും കൊലയാളികളെയും മോചിപ്പിക്കുകയും ചന്ദ്രനിൽ ദേശീയ പതാക നാട്ടിയതുപോലെ പെരുമാറുകയും ചെയ്തപ്പോൾ മുസ്ലീം സ്ത്രീകളോടുള്ള നിങ്ങളുടെ ആശങ്ക ഞാൻ കണ്ടില്ല?


പുതിയ പാർലമെന്റ് മന്ദിരത്തെക്കുറിച്ച് നിങ്ങൾ വീമ്പിളക്കിയിരിക്കുന്നു. പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടന വേളയിൽ ഒരു തിരഞ്ഞെടുപ്പിലും വോട്ട് ചെയ്യാത്ത തമിഴ്നാട്ടിൽ നിന്നുള്ള ചില സ്വാമികൾക്ക് പകരം നിങ്ങൾ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് തിരഞ്ഞെടുക്കപ്പെട്ട 75 പഞ്ചായത്ത് അംഗങ്ങളെ കൊണ്ടുവന്നിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിച്ചു. നിങ്ങളുടെ സ്വന്തം പാർട്ടി എംപി ശുപാർശ ചെയ്ത വ്യക്തികളാണ് പാർലമെന്റ് സുരക്ഷ ലംഘിച്ചത്. നന്ദി, അവർ മുസ്ലീങ്ങൾ ആയിരുന്നില്ല!

‘ഇടതുപക്ഷ തീവ്രവാദം‘ നിയന്ത്രിക്കുന്നതിൽ താങ്കൾ വിജയിച്ചു എന്നു പറയുന്നു. എന്തുകൊണ്ടാണ് നിങ്ങൾ വലതുപക്ഷ തീവ്രവാദത്തെക്കുറിച്ച് മിണ്ടാത്തത്? ഒരു ചെറിയ സംഘത്തിന് പോലും പ്രാർത്ഥനാ ഹാളിൽ കയറി വിശ്വാസികളെ ആക്രമിക്കാൻ കഴിയുന്ന തരത്തിൽ കാര്യങ്ങൾ വഷളായതായി നിങ്ങൾക്കറിയാമോ? പോലീസ് സൗകര്യപൂർവ്വം മറുവശം നോക്കും. അതുകൊണ്ടാണ് രാജ്യത്ത് ക്രൈസ്തവ വിരുദ്ധ പ്രവർത്തനങ്ങൾ വർധിച്ചിരിക്കുന്നത്. പല ഗ്രാമങ്ങളിലും, ഒരാളുടെ വിശ്വാസം ഏറ്റുപറയുക അസാധ്യമായിരിക്കുന്നു. ന്യൂനപക്ഷ സമുദായത്തിൽപ്പെട്ട ആളുകൾ വലതുപക്ഷ തീവ്രവാദികളുടെ കൈകളിൽ കഷ്ടപ്പെടുമ്പോൾ നിങ്ങൾ എപ്പോഴും നിശബ്ദത പാലിക്കുന്നു. നിങ്ങൾ രാമക്ഷേത്രം പ്രതിഷ്ഠിച്ചപ്പോൾ 35 ദൂരദർശൻ ക്യാമറ യൂണിറ്റുകൾ വിന്യസിച്ചിരുന്നു. നിങ്ങൾക്ക് രാമനെ ആരാധിക്കാൻ കഴിയുന്നതുപോലെ ഛത്തീസ്ഗഢ് പോലുള്ള സംസ്ഥാനങ്ങളിലെ ന്യൂനപക്ഷങ്ങൾക്ക് ഇഷ്ടമുള്ള ദൈവത്തെ ആരാധിക്കാനുള്ള അവകാശം ഉണ്ടായിരുന്നെങ്കിൽ എന്ന് ഞാൻ ആഗ്രഹിക്കുന്നു.

ഒരു തരത്തിലുള്ള അഴിമതിയെയും ഞാൻ പിന്തുണയ്ക്കുന്നില്ല. അരവിന്ദ് കെജ്‌രിവാൾ മദ്യനയത്തിന്റെ പേരിൽ വ്യവസായികളിൽ നിന്ന് പണം പിരിച്ചെങ്കിൽ, അദ്ദേഹം ജയിലിൽ പോകട്ടെ. എന്നാൽ ഡൽഹി കേസിൽ ഉൾപ്പെട്ട മദ്യവ്യവസായികൾ ഉൾപ്പെടെയുള്ള വ്യവസായികളിൽ നിന്ന് ഇലക്ടറൽ ബോണ്ടുകൾ വഴി ആയിരക്കണക്കിന് കോടി രൂപ തട്ടിയെടുത്ത നിങ്ങളുടെ പാർട്ടിയുടെ കാര്യമോ? ക്ഷമിക്കണം, ‘കപടഭക്തിക്കാരാ, ആദ്യം സ്വന്തം കണ്ണിലെ കോൽ എടുത്തുകളയുക, പിന്നെ നിങ്ങളുടെ സഹോദരന്റെ കണ്ണിലെ കരട് എടുത്തുകളയുവാൻ നിങ്ങൾ വ്യക്തമായും കാണും‘ എന്ന് ബൈബിൾ ചോദിക്കുമ്പോൾ മാത്രമേ എനിക്ക് അത് ഉദ്ധരിക്കാൻ കഴിയൂ. ■



# ഇടവേളയിലെ മനനങ്ങൾ



ലിസി കുരിയാക്കോസ്

മറിയ വല്ലാതെ അസ്വസ്ഥയായിരുന്നു.

തലയ്ക്ക് എന്തോ ഭാരം. ദേഹത്തിനു എന്തോ അരുതായ്ക. ഭക്ഷണം കഴിക്കാൻ തോന്നുന്നു പോലുമില്ല. കഴിഞ്ഞ രണ്ടു മൂന്ന് ദിവസങ്ങളായി വല്ലാത്ത തളർച്ചയും അനുഭവപ്പെടുന്നു. ജോസഫ് തന്നെ കൂട്ടിക്കൊണ്ടുപോകാൻ ഉടനെ വരും. തങ്ങളുടെ ആചാരപ്രകാരം മണിയറ ഒരുക്കാൻ വൈകിയതുകൊണ്ടാണ്, വിവാഹനിശ്ചയം കഴിഞ്ഞിട്ടു വരാൻ ഇത്രയും താമസിച്ചത്.

പക്ഷേ, അതിനിടയിൽ എന്തൊക്കെ സംഭവിച്ചിരിക്കുന്നു. ഇപ്പോൾ അദ്ദേഹത്തെ നേരിടാൻ ഒരു ഭയം. താൻ പറയുന്നതൊക്കെ അദ്ദേഹം വിശ്വസിക്കുമോ? ഇപ്പോൾ മൂന്നു മാസം കഴിഞ്ഞിരിക്കുന്നു. എലിസബേത് അമ്മായിയെ സന്ദർശിക്കാൻ പോയത് എന്തു സന്തോഷത്തോടെയായിരുന്നു, ദൈവദൂതന്റെ അരുളപ്പാടു അറിയിക്കാൻ ഓടിപ്പോയതാണ് അങ്ങോട്ടേക്ക്. തനിക്കു പ്രത്യേകമായി എന്തെങ്കിലുമൊക്കെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ എപ്പോഴും അങ്ങോട്ടേക്കാണ് പോകുന്നത്. പക്ഷേ അമ്മായിയുടെ, 'എന്റെ കർത്താവിന്റെ മാതാവ്' എന്നുള്ള സംബോധന കേട്ടപ്പോ തന്നെ പിടികിട്ടി അമ്മായി പരിശുദ്ധാത്മാവിൽ എല്ലാം അറിഞ്ഞിരിക്കുന്നുവെന്ന്. ആ മൂന്ന് മാസം എത്ര സന്തോഷമായിരുന്നു, ഇവിടെ മടങ്ങിയെത്തിയ താൻ ആകെ മാറിയിരിക്കുന്നു. മനസ്സും ശരീരവും വേറൊരവസ്ഥയിൽ. ഇന്നലെ ഒരാൾവശം അദ്ദേഹം ഒരു വിവരം അറിയിച്ചിരുന്നു, കൂട്ടികൊ

ണ്ടു പോകുന്നതിനു മുൻപേ അദ്ദേഹത്തിന് തന്നെ ഒന്ന് കാണണമെന്ന്. ഒരുകണക്കിന് അത് നന്നായി.

കാരണം പലപ്പോഴും മണവാളനും കൂട്ടരും വിളിക്കുവാൻ താമസിച്ചെത്തിയാൽ പല പെൺകുട്ടികളും നിശ്ചയിച്ച ഉടമ്പടിയിൽ നിന്ന് പിന്മാറാറുണ്ട്. ഇനിയും തന്റെ മനസ്സിന് ചാഞ്ചല്യം ഉണ്ടോയെന്നറിയാനാണോ തന്നെ കാണണമെന്ന് അറിയിച്ചത്.

'ദൈവമേ' അവിടുത്തെ ഹിത പ്രകാരമല്ലാതെ ഒരു നാഴികയോ വിനാഴികയോ ഞാൻ ജീവിച്ചിട്ടില്ല, അവിടുന്ന് എന്നെ മുഴുവനായി അറിയുന്നല്ലോ!' മറിയയുടെ മനസ്സ് പ്രാർത്ഥനയിൽ മുഴുകി .

എത്ര നേരം പ്രാർത്ഥന നടത്തിയെന്നോ, എന്തൊക്കെ പ്രാർഥിച്ചുവെന്നോ അവളറിഞ്ഞില്ല.

'മറിയ, മറിയ...' വിളി കേട്ടിട്ടാവണം അവൾ കണ്ണു തുറന്നു. പുറത്തേക്കു നോക്കി. ജോസഫ് വരുന്നു.

മറിയ മുറ്റത്തേക്കിറങ്ങി.

'സുഖമല്ലേ മറിയേ, നിന്റെ എലിസബത്ത് അമ്മാവി സുഖമായിരിക്കുന്നവോ?' ജോസഫ് ചോദിച്ചു.

'അതെ.'

'യഹൂദ്യ മലനിരകളിൽ പോയി വന്ന നിനക്ക് അത്ര പ്രസരിപ്പ് തോന്നുന്നില്ലല്ലോ എന്തേ?'

'അത്, അത്', മറിയ തുടരാനാവാതെ നിന്നു.

'ഞാൻ രണ്ടു ദിവസത്തിനകം നിന്നെ വിളിച്ചുകൊണ്ടു പോകും, എന്റെ കഴിവനുസരിച്ചുള്ള സൗകര്യങ്ങൾ ഒരുക്കീട്ടുണ്ട്, സംതൃപ്തമായ ഒരു കുടുംബ ജീവിതം നമുക്ക് നയിക്കണം, എന്താ സമ്മതമല്ലേ? എന്തേലും പൊരുത്തപ്പെടായ്കയുണ്ടേൽ ഇപ്പൊ.പറയണം. അതാ ഞാൻ നിന്നെ കാണാൻ വന്നത്.'

'ഒരു സമ്മതിക്കുറവുമില്ല, പക്ഷേ ഒരു കാര്യമുണ്ട്.'

'എന്ത്?'

'അത്...'

'ഞാൻ ഞാൻ ഗർഭിണിയാണ്.'

ആ വാർത്ത ഉൾക്കൊള്ളാനാവാതെ ജോസഫ് ഞെട്ടി,

'എന്തസംബന്ധം നീ യീപ്പറയുന്നത്?' ഞെട്ടലിൽ നിന്നും വിമുക്തനായ ജോസഫിന്റെ ശബ്ദം ഉയർന്നിരുന്നു.

'ഇത് സത്യമാണ്.' മറിയ വിതുമ്പലിനിടയിൽ പറഞ്ഞു.

'നിന്നെ ഇതുവരെ അരുതാത്ത ഒരു നോട്ടം പോലും നോക്കിയിട്ടില്ല, ഒരു മാടപ്രാവ് പോലെ പരിശുദ്ധയായ നിനക്ക് ഇതെങ്ങനെ ഭവിച്ചു? ആരാണ് നിന്നെ കളങ്കപ്പെടുത്തിയത്?' ഒറ്റ ശ്വാസത്തിൽ അനേകം ചോദ്യങ്ങൾ? ആ നാവിൽ നിന്നും നിരനിരയായി പുറത്തേക്കു തെറിച്ചു. ജോസഫ് വീണ്ടും തുടർന്നു;

'നിനക്കറിയുമോ, വിവാഹ നിശ്ചയ ഉടമ്പടയിൽ നമ്മുടെ സമ്മതവും മുദ്രയും ചാർത്തിയാൽ ശാരീരികമായി ബന്ധപ്പെടുന്നതിന് നമ്മുടെ നിയമം അനുവദിക്കുന്നുവെങ്കിലും വളരെ വിരളമായി മാത്രമേ അതു നടക്കുന്നുള്ളൂ. ഇവിടെ ശാലീനയായ നിനക്കു വഴി തെറ്റിയോ? നിനക്ക് എന്നെ ഇഷ്ടമില്ലായിരുന്നുവെങ്കിൽ എന്തിനു നിശ്ചയ ഉടമ്പടിവരെ കൊണ്ടെത്തിച്ചു? നിന്നിലുള്ള എന്റെ വിശ്വാസത്തെ നീ ചോർത്തിക്കളഞ്ഞു.'

'എന്താണ് സംഭവിച്ചത്, ഞാൻ പറയാം, ഒന്നു പറയാൻ അനുവദിക്കുമോ?' ഇത്രയും നേരം നിശ്ശബ്ദയായി വിതുമ്പിയ മറിയയിൽ വാക്കുകൾ ഉതിർന്നു,

'എന്നെ വിശ്വസിപ്പിക്കാൻ എന്തേലും കഥകൾ മെനയുകയോ?' ജോസഫ് വീണ്ടും ചോദ്യമെറിഞ്ഞു.

'അല്ല അല്ല ഞാൻ പറയുന്നത് സത്യം മാത്രം. നമ്മൾ രണ്ടുപേരും വിശ്വസിക്കുന്നത് യഹോവയായ ദൈവത്തിലല്ലേ?'

'അതെ, അതിനു ആ യഹോവെക്കു അഹിതമായി ഞാൻ ഒന്നും പ്രവർത്തിച്ചിട്ടില്ല.'

'നീ നിന്നെത്തന്നെ നീതികരിക്കുന്നു.'

'അല്ല അല്ല , നിങ്ങൾ എന്നെ പറയുവാൻ അനുവദിക്കുക. എല്ലാം കേട്ട ശേഷം അവിടുത്തേക്കിഷ്ടംപോലെ എന്നെ ശിക്ഷിക്കാം. പ്രവചനത്തിൽ വലിയ പാണ്ഡിത്യമുള്ള ആളല്ലേ, അതിൽ യിസ്രായേലിന്നു ഒരു വീണ്ടെടുപ്പുകാരൻ, രക്ഷകൻ വരുമെന്ന് ദീർഘദർശിമാർ എന്താണ് വെളിപ്പെടുത്തിയിട്ടുള്ളത്? അത് പറയൂ...' മറിയ ജോസഫിനെ നിർബന്ധിച്ചു.

'കന്യക ഗർഭിണിയായി ഒരു മകനെ പ്രസവിക്കും. 'അപ്പൊ, ആ കന്യക നീയാണെന്നാണോ?'

'അതെ. '

'നീയെന്നെ അപമാനിക്കുകയാണ്, നീ സത്യം പറയൂ...'

'ഞാൻ സത്യം തന്നെയാണ് പറഞ്ഞത്. ഇതെങ്ങനെ സംഭവിച്ചുവെന്ന് അങ്ങറിയണം.' മറിയ തുടർന്നു;

'ഒരുനാൾ ഞാൻ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ ഭയങ്കര മുഴക്കംപോലെ ഒരു ശബ്ദം കേട്ട്, കണ്ണു തുറന്നപ്പോൾ വലിയ പ്രകാശം. മുൻപിൽ അഗ്നിജ്വാലപോലെ സദൃശ്യമായ ഒരാൾ. അദ്ദേഹം എന്നെ സംബോധന ചെയ്തത്, 'കൃപ നിറഞ്ഞവളെ...' ഞാൻ ഇതെന്തൊരു വന്ദനം എന്ന് കരുതി ഭ്രമിച്ചു. അപ്പോൾ ആ ദൂതൻ വീണ്ടും പറഞ്ഞു; 'മറിയയെ ഭയപ്പെടേണ്ട, നിനക്ക് ദൈവത്തിന്റെ കൃപ ലഭിച്ചു, നീ ഗർഭം ധരിച്ചു ഒരു മകനെ പ്രസവിക്കും, അവനു യേശു എന്ന് പേർ വിളിക്കണം, അവൻ വലിയവൻ ആകും, അത്യുന്നതന്റെ പുത്രൻ എന്ന് വിളിക്കപ്പെടും...' മറിയ തുടർന്നു; "ഞാൻ ദൂതനോട് ചോദിച്ചതാ, പുരുഷനെ അറിയാതെ ഇതെങ്ങനെ സംഭവിക്കും? അപ്പോൾ ദൂതൻ പറഞ്ഞത്, 'പരിശുദ്ധാത്മാവ് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി നിന്റെ മേൽ നിഴലിടും, ആകയാൽ ഉത്ഭവിക്കുന്ന വിശുദ്ധ പ്രജ ദൈവപുത്രൻ എന്ന് വിളിക്കപ്പെടും.' ഇതാണ് സംഭവിച്ചത്, ഈ വാർത്ത എലിസബത്ത് അമ്മാവിയെ അറിയിക്കാൻ ചെന്നപ്പോൾ അമ്മാവി ദൂരേന്നു എന്നെ കണ്ടപ്പോൾ വിളിച്ചത് കർത്താവിന്റെ മാതാവെന്നാണ്.'

ജോസഫ് വിശ്വാസം വരാതെ അവളെ നോക്കി. അത് മനസ്സിലാക്കിയ മറിയ തുടർന്നു;

'ഇനിയും ഇഷ്ടം പോലെ എന്നെ ശിക്ഷിക്കാം.'

ജോസഫ് മറുപടിയൊന്നും പറയാതെ വന്ന വഴിയിലേക്ക് തിരികെ നടന്നു. ജോസഫിന്റെ മനസ്സ് വല്ലാതെ കലുഷിതമായിരുന്നു. ഒന്നിനും ഒരു രൂപവുമില്ല. സത്യമേത്, മിഥ്യയേത്, ഒന്നും തിരിച്ചറിയാൻ പറ്റുന്നില്ല, വല്ലാത്ത ചാഞ്ചല്യം. താനും ഒരു മനുഷ്യനാണ്, വിവാഹം കഴിക്കുന്നത് ഒരു കന്യകയെ തന്നെ എന്ന് വളരെ നിർബന്ധമായിരുന്നു. അതാ

ണ് വിവാഹം തന്നെ താമസിച്ചത്. എന്നിട്ടിപ്പോൾ? തന്റെ മിത്രങ്ങളായ ആഖേറും, മേനായിയും പരിഹസിക്കും തീർച്ച, തന്റെ ചാർച്ചക്കാരുടെ മുഖത്ത് എങ്ങനെ നോക്കും? ചിന്തിച്ചു ചിന്തിച്ചു വീടെത്തിയതറിഞ്ഞില്ല. മറിയക്കുവേണ്ടിയൊരുക്കിയ മണിയറ കണ്ടപ്പോൾ ദേഷ്യവും സങ്കടവും ഇരട്ടിച്ചു. കന്യകയല്ലാത്തവളുമായി താൻ എങ്ങനെയിതിൽ കഴിയും, എത്ര മിനക്കെട്ടാണ് പുതുമണവാട്ടിക്കു വേണ്ടി മനോഹരമായ ചിത്രപ്പണികളാൽ ഈ കട്ടിലുണ്ടാക്കിയത്, മറിയയിൽ ഉണ്ടാകുന്ന സന്തോഷം ഭാവനയിൽ കണ്ടുകൊണ്ടാണ് ഓരോ പണികളും ഇതിൽ അലങ്കാരമായി പിടിപ്പിച്ചത്, എല്ലാം വൃഥാവിലായി.

'എന്റെ ദൈവമായ യഹോവേ,' പരിസരം മറന്നു ജോസഫ് ഉച്ചത്തിൽ വിളിച്ചു.

എന്ത് ചെയ്യണം, എന്തായാലും ഭാര്യയായി അവളെ സ്വീകരിക്കാൻ ബുദ്ധിമുട്ടാണ്, ഇനി ദയ തോന്നി സ്വീകരിച്ചാലും മുന്നോട്ടുള്ള ജീവിതം അത്ര സുഖകരമാകില്ല. അടുത്തപടി അവളെ ഉപേക്ഷിക്കാം. പ്രമാണിമാരുടെ മുൻപിൽ അവളെ വിചാരണ ചെയ്യാം. അവളുടെ മൊഴികൾ ആരും വിശ്വസിക്കില്ല. യിസ്രായേലിൽ വ്യഭിചാരത്തിനുള്ള ശിക്ഷ വളരെ കടുത്തതാണ്, മോശയുടെ ന്യായപ്രമാണത്തിൽനിന്നും അണുവിട വ്യതി ചലിക്കില്ല, അവൾക്കുള്ള ശിക്ഷ കല്ലെറിഞ്ഞു കൊല്ലുക. അവളെ കൊല്ലുന്നത് കാണാനുള്ള കരുത്തുമില്ല. മനസ്സ് സംഘർഷ ഭൂമിയായിരിക്കുന്നു. കുറേനേരം ആ മണിയറയിൽ ചിന്താഭാരത്തോടെ ജോസഫ് അങ്ങോട്ടുമിങ്ങോട്ടും നടന്നു. മനസ്സും ശരീരവും ഒരേപോലെ തളർന്നു, ജോസഫ് കട്ടിലിൽ ഇരുന്നു. തനിക്കു ഒന്നേ ചെയ്‌വാനുള്ളൂ, അവളെ രഹസ്യത്തിൽ ഉപേക്ഷിക്കുക, നാളെ രാവിലെ തന്നെ ഇവിടം വിട്ടുപോകണം, കർമ്മേൽ പർവത നിരക്കപ്പുറത്തേക്ക്, അവിടെ തന്റെ സ്നേഹിതനായ ബസ്സർ വസിക്കുന്നുണ്ട്, അവനും തന്നെപ്പോലെ മരപ്പണിക്കാരനാണ്.

കുറേനാളുകൾക്കു മുൻപ് ജറുസലേമിൽ മര ഉരപ്പടികളുടെ വിപണത്തിനായി പോയപ്പോൾ കണ്ടതാണ്, തന്റെ ബാല്യകാല സുഹൃത്തായിരുന്നു, അവന്റെ കുടുംബം കുറെ വർഷങ്ങള്ക്കു മുൻപേ അവിടെ കുടിയേറിയതാണ്. മറിയയെ ഇപ്പോൾ ഉപേക്ഷിച്ചു പോയാൽ ആളുകൾ തന്നെ കുറ്റപ്പെടുത്തും, അവളെ ഗർഭിണിയാക്കി ഉപേക്ഷിച്ചുവെന്ന്. സാരമില്ല, ആ പഴി കേട്ടാലും, അവൾ ശിക്ഷയിൽ നിന്നും ഒഴിവാക്കപ്പെടും, അത്രയും മതി. കാടു കയറിയ ചിന്തകളുടെ മൂർധന്യത്തിൽ ജോസഫ് അറിയാതെ ഉറങ്ങിപ്പോയി .

എത്രനേരം അവിടെ കിടന്നന്നോ ഉറങ്ങിയെന്നോ ഒന്നും ജോസഫ് അറിഞ്ഞില്ല. രാത്രിയുടെ ഏതോ യാമത്തിൽ ഞെട്ടിയുണർന്ന ജോസഫിന്റെ തലക്കുള്ളിൽ ആ ദൃശ്യങ്ങൾ വീണ്ടും തെളിഞ്ഞു, കേട്ട ശബ്ദങ്ങൾ കാതുകളിൽ വീണ്ടും അലയടിച്ചു. അതെ തനിക്കു സ്വപ്ന ദർശനം ഉണ്ടായിരിക്കുന്നു. ഒരു ദൈവദൂതനായിരുന്നല്ലോ സ്വപ്നത്തിൽ അരുളപ്പാടു തന്നത്, മറിയ കളങ്കിത അല്ലായെന്നും, അവൾ പറഞ്ഞത് സത്യമാണെന്നും അവളിലുല്പാദിതമായതു പരിശുദ്ധാത്മാവിലാണെന്നും, അതിനാൽ അവളെ സംശയിക്കാതെ തന്നോട് ചേർത്തുകൊള്ളേണമെന്നും...

ജോസഫിന് വല്ലാത്ത കുറ്റബോധം തോന്നി, മറിയയോട് മാപ്പിരക്കണം. നേരം പുലരാൻ ഇനിയും വിനാഴികകൾ ബാക്കി. എങ്കിലും അയാൾ മറിയയുടെ വീട് ലക്ഷ്യമാക്കി നടന്നു. ■



# സെമിത്തേരിയിൽ സ്ഥലമില്ല

സെമിത്തേരിയിൽ സ്ഥലമില്ല
മരിക്കാനിനി മണ്ണില്ല
കല്ലറ കെട്ടിയ മണ്ണിനു വാടക
വിഴുങ്ങാനൊരു വഴിയില്ല
അടുത്തടുത്തും ഞെരിഞ്ഞമർന്നും
വലഞ്ഞൊരാത്മാക്കൾ
കുഴിക്കു മേനികൾ നടിച്ചു പോരിൽ
പിടഞ്ഞൊരാത്മാക്കൾ
ആണ്ടിലൊരിക്കൽ മെഴുകു വിളക്കിൽ
എരിഞ്ഞൊരാത്മക്കൾ
പിഴവ് പറഞ്ഞാൽ കേൾക്കാനുള്ളവർ
ചത്തവർക്കൊപ്പം താൻ
തോന്നിയ പോലെ കുഴിമാന്തുന്നു
ജീവ പ്രേതങ്ങൾ
ഉള്ളതിനപ്പുറം മോടി കൊഴുക്കും
പ്രേതക്കൂടാരം
നമ്മുടെയപ്പൻ നമ്മുടെയമ്മ
നമ്മുടെ ബന്ധുക്കൾ
അന്ത്യമയക്കം കൊള്ളണ മണ്ണിന്
അങ്കപ്പോരാട്ടം
ഞങ്ങടെ കുഴികൾക്കുള്ളതിലേറെ
വർണ്ണം മറ്റെന്ത്
ഞങ്ങടെ കുരിശിൽ പേരെഴുതും പോ-
ലാർക്കാണീ ചന്തം
നോക്കാനാളില്ലാത്തൊരു കുഴികൾ
ആർക്കാണവകാശം
പുല്ല് കിളിർത്ത് നായ്ക്കളുറങ്ങും
പാവം പുൽമാടം
അങ്ങനെയെങ്കിൽ അക്കുഴിമാടം
ഞങ്ങൾക്കാവശ്യം
നിങ്ങടെ മയ്യക്കുഴി കണ്ടെത്താൻ
പുതുതായുണ്ടു വഴി

കുഴിവെട്ടുന്നതു മാത്രമതല്ല
അടവുകൾ പലതുണ്ടേ
കുരിശൊന്നവിടന്നിളക്കി മാറ്റാം
നിങ്ങൾക്കിതു സ്വന്തം
ആരാന്റപ്പനുറങ്ങണ മണ്ണിൽ
എന്തൊരു കയ്യേറ്റം
ആരാന്റമ്മക്കോതിയ കൊന്ത
ക്കെന്തൊരു സന്താപം
ഭൂത പ്രേത പിശാചുകളായി
നമ്മൾ മാറുമ്പോൾ
സർവാത്മാക്കളുറങ്ങണ മണ്ണിൽ
സർവം പോരാട്ടം
ഈയാത്മാക്കടെ പേരിൽ കണ്ടോ
ചാവിൻ ദോഷങ്ങൾ
വീട്ടാക്കടമതു വല്ലതുമുണ്ടോ
എന്താ പരിഹാരം
ഈയാത്മാക്കടെ പേരിൽ നാലണ
കാണിക്കയിലിട്ടാൽ
ഈയാത്മാക്കടെ പേരിൽ നേർച്ചകൾ
പലവുരു പലതിട്ടാൽ
ഈയാത്മാക്കടെ പേരിൽ ബഹുതര
സദ്യയൊരുമ്പെട്ടാൽ
ഒക്കെ മറക്കാം ശുദ്ധികൾ നേടാം
നമ്മുടെ പാപങ്ങൾ
ആണ്ടിലൊരിക്കൽ ഒത്തൊരുമിച്ച്
തിരികൾ കത്തിക്കാം
അനുമതിയുണ്ടേൽ കതിനകൾ ചുറ്റും
വെടികൾ പൊട്ടിക്കാം
മർത്യാ മണ്ണായ് പോവുക നീയെ
ന്നോതിയ വചനങ്ങൾ
പാലിച്ചിനിയും കുഴി മാന്തിക്കാൻ
ഒരു തരി മണ്ണില്ല
നിത്യത പൂകാൻ നിത്യമുറങ്ങാൻ
വെമ്പിയൊരാത്മാക്കൾ
ഒന്നെഴുന്നേൽക്കാനൊത്താലിവരെ
ആട്ടിപ്പായിക്കും.




ലോറൻസ്
പുതുക്കുറിച്ചി

ലേഖനം



**'ഞങ്ങൾക്ക് ഞങ്ങളുടെ ഇന്ത്യയെ വേണം, ബഹുസ്വരതയുടെ ഇന്ത്യയെ വേണം, മതനിരപേക്ഷതയുടെ ഇന്ത്യയെ വേണം, ജനാധിപത്യ ധ്വംസനങ്ങൾ ഇല്ലാത്ത ഇന്ത്യയെ വേണം'**

# ബഹുസ്വരഭാരതം




**വിമല സ്റ്റാൻലി**
സെക്രട്ടറി, കെഎൽസിഡബ്ല്യുഎ
തിരുവനന്തപുരം
ലത്തീൻ അതിരൂപത


ലോകം വളരെ ആശ്ചര്യപൂർവം നോക്കി കണ്ടിരുന്ന ഒരു രാജ്യമാണ് നമ്മുടെ ഇന്ത്യരാജ്യം. വ്യത്യസ്തങ്ങളായ സംസ്കാരങ്ങൾ, ഭാഷകൾ, മതങ്ങൾ എല്ലാം ഒന്നായി പൂത്തുലഞ്ഞ മനോഹരമായ ബഹുസ്വര ദേശീയത. വിഭിന്നങ്ങളായ വിശ്വാസങ്ങളിലും ആചാരങ്ങളിലും മുന്നോട്ട് പോകുമ്പോൾതന്നെ നാടിനുവേണ്ടി നാടിന്റെ നന്മയ്ക്കുവേണ്ടി ഒരുമിച്ച് നിൽക്കുക എന്ന വലിയൊരു സംസ്കാരം ഇവിടെ നിലനിന്നിരുന്നു. നൂറ്റാണ്ടുകളായി നിലനിന്നു പോന്ന സംസ്കാരം. ഈ സംസ്കാരം ഉൾക്കൊണ്ടുകൊണ്ടാണ് ഭാരതത്തിന്റെ ഭരണഘടനയ്ക്ക് പോലും രൂപം നൽകിയത്. ഇന്ത്യൻ ഭരണഘടനയിൽ എല്ലാ മതങ്ങൾക്കും തുല്യപ്രാധാന്യം ഭരണഘടനാശില്പികൾ ഉറപ്പുവരുത്തിയിരുന്നു. എല്ലാ മതവിശ്വാസികൾക്കും തുല്യ പരിഗണന നൽകുമെന്ന് ഭരണഘടനയിൽ എഴുതി വച്ചിട്ടുമുണ്ട്. എന്നാൽ നമ്മുടെ ഭരണഘടനയെ വെല്ലുവിളിക്കുന്ന വളരെ നിർഭാഗ്യകരമായ സംഭവങ്ങൾ നമുക്ക് ചുറ്റും നടന്നുകൊണ്ടിരിക്കുന്നു. ബഹുസ്വര ദേശീയതയെയും മതനിരപേക്ഷതയെയും തകർക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമങ്ങളാണ് ഇന്ന് നടന്നുകൊണ്ടിരിക്കുന്നത്. എല്ലാ മതങ്ങളെയും ഒന്നുപോലെ കണ്ടിരുന്ന സ

മത്വ മനോഭാവം ഇന്ന് നഷ്ടമായിക്കൊണ്ടിരിക്കുന്നു. നിസ്സാര പ്രശ്നങ്ങൾ പോലും മതത്തിന്റെ പരിവേഷം ചാർത്തി രക്തപ്പുഴ ഒഴുകുന്നത് ഇന്ന് സാധാരണമായിരിക്കുന്നു. ഇന്ത്യയിലെ ന്യൂനപക്ഷ ജനസമൂഹം ഭീതിയിലാണ്, ഭയത്തിലാണ്. ഭൂരിപക്ഷ വർഗീയ രാഷ്ട്രീയത്തെ നട്ടു നനച്ച് വേരുറപ്പിക്കുന്ന കാഴ്ച കഴിഞ്ഞ കുറേ വർഷങ്ങളായി നാം കണ്ടുകൊണ്ടിരിക്കുന്നു. ഒരിക്കലും ഉണ്ടാകാൻ പാടില്ലാത്ത ധ്രുവീകരണത്തിന്റെ സ്വരഭേദങ്ങൾ നമ്മുടെ ഉറക്കം കെടുത്തുന്നു. ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്രൈസ്തവ വിശ്വാസികൾക്കെതിരെയുള്ള അക്രമ പരമ്പര തുടർന്നുകൊണ്ടേയിരിക്കുന്നു. നീതി നടത്തേണ്ടവരും ക്രമസമാധാനം ഉറപ്പുവരുത്തേണ്ടവരും ആലസ്യത്തിലാണ്. ഇന്ത്യയിലെ പൊതുസമൂഹവും മഹാഭൂരിപക്ഷം മാധ്യമങ്ങളും അതിനെതിരെ ഒരക്ഷരവും ശബ്ദിക്കുന്നില്ല. അവരുടെ മൗനവ്രതം തുടർന്നുകൊണ്ടേയിരിക്കുന്നു. ജാതിയുടെയും മതത്തിന്റെയും പേരിലുള്ള ചേരിതിരിവുകളും അക്രമങ്ങളും നടക്കുന്ന ഈ കാലത്ത് മതമൈത്രിയുടെയും മാനവ സ്നേഹത്തിന്റെയും സന്ദേശത്തിന് വളരെ പ്രസക്തിയുണ്ട്. സ്വന്തം മത തത്വങ്ങൾ ജീവിതത്തിന്റെ എല്ലാ മേഖലകളിലും ആവോളം ആവേശിക്കുന്നതിനോടൊപ്പം ഇതര മതസ്ഥരെ അംഗീകരിക്കുവാനും അവരുടെ വിശ്വാസത്തെ ആദരിക്കുവാനുമുള്ള മനുഷ്യമനസ്സിന്റെ വിശാലതയാണ് മതസൗഹാർദ്ദം. ഈ ഭൂമിയിൽ എല്ലാ മതങ്ങൾക്കും ഒരുപോലെ സൗഹാർദത്തിലും സ്നേഹത്തിലും വളരുവാനുള്ള സാഹചര്യമാണ് നാം വിഭാവന ചെയ്യേണ്ടത്. ജനാധിപത്യത്തെ പോലും ദുർബലമാക്കുന്ന ദൃശ്യങ്ങളാണ് കാലം ചെല്ലുംതോറും നാം കണ്ടുകൊണ്ടിരിക്കുന്നത്. ജനാധിപത്യത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് വാതോരാതെ സംസാരിക്കുമ്പോഴും എതിർ ശബ്ദത്തെ അടിച്ചമർത്തുകയാണ്. ജനാധിപത്യത്തിന്റെ ശ്രീകോവിലായ നിയമനിർമ്മാണ സഭകളിൽ പ്രതിപക്ഷശബ്ദങ്ങൾ ഉയരുമ്പോഴാണ് ജനാധിപത്യത്തിന്റെ സൗന്ദര്യം വർദ്ധിക്കുന്നത്. എതിർ ശബ്ദങ്ങൾ നഷ്ടപ്പെടുമ്പോൾ അത് ഏകാധിപത്യത്തിലേക്ക് പതുക്കെ നീങ്ങുകയാണ്. ജനാധിപത്യത്തിന്റെ ശ്രേഷ്ഠത കെടുത്തിക്കളയുന്നവർ തന്നെ അതിന്റെ സംരക്ഷകരായി രംഗത്ത് വരുന്നതും മറ്റൊരു വിരോധാഭാസം. ഇന്ത്യയെ സ്നേഹിക്കുന്ന ഇന്ത്യക്കാർ ഒരുമിച്ച്, 'ഞങ്ങൾക്ക് ഞങ്ങളുടെ ഇന്ത്യയെ വേണം, ബഹുസ്വരതയുടെ ഇന്ത്യയെ വേണം, മതനിരപേക്ഷതയുടെ ഇന്ത്യയെ വേണം, ജനാധിപത്യ ധ്വംസനങ്ങൾ ഇല്ലാത്ത ഇന്ത്യയെ വേണം' എന്ന് ആവശ്യപ്പെടേണ്ട സമയമായിരിക്കുന്നു. നമ്മുടെ രാജ്യത്തെ വീണ്ടെടുക്കുക എന്ന് നാം ആവശ്യപ്പെടുമ്പോൾ നമ്മുടെ ബഹുസ്വരത, മതേതരത്വം, ജനാധിപത്യം എന്നിവയെ അടിസ്ഥാനമാക്കി എഴുതപ്പെട്ടിട്ടുള്ള ഭരണഘടന നിലനിൽക്കുവാനുള്ള പോരാട്ടത്തിലാണ് നാം അണിചേരുന്നത്. ■






# കേരളത്തിലെ മധ്യകാല ക്രൈസ്തവർ



ഇഗ്നേഷ്യസ് തോമസ്

ക്രിസ്തുമാർഗത്തിൽ നിന്ന് അകന്ന് ഉച്ചനീചത്വങ്ങൾ നിറഞ്ഞ സാമൂഹ്യഘടനയാണ് മധ്യകാല ക്രൈസ്തവരുടെ ഇടയിൽ നിലനിന്നുപോന്നത്. നാലും അഞ്ചും തവണ വിവാഹം കഴിക്കാനും ഭൗതിക ജീവിതത്തിന്റെ സുഖാനുഭൂതികൾ നുകരാനും പുരോഹിതരുൾപ്പെടെയുള്ള പുരുഷന്മാർക്ക് സ്വാതന്ത്ര്യമുണ്ടായിരുന്നു. ദിവ്യബലിയിൽ പ്രാർഥനയുടെയും ആരാധനാ കർമങ്ങളുടെയും ആന്തരാർഥം ഗ്രഹിക്കാതെയാണ് അവർ പങ്കെടുത്തിരുന്നത്. ക്രൈസ്തവ മൂല്യങ്ങൾ ജീവിതത്തിൽ പിൻചെല്ലുവാനോ മതതത്വങ്ങൾക്കനുസരിച്ച് ജീവിക്കാനോ ശുഷ്കാന്തി കാട്ടിയിരുന്നില്ല. നസ്രാണി ക്രിസ്ത്യാനികളുടെ ആത്മീയാവശ്യങ്ങൾ നിർവഹിക്കുവാൻ നിയുക്തരായ ബാബിലോണിൽ നിന്ന് വന്ന നെസ്തോറിയൻ മെത്രാന്മാരാകട്ടെ ആത്മീയപിതാക്കൾ എന്നതിനേക്കാൾ ചുങ്കം പിരിവുകാർ എന്നനിലയിലാണ് പ്രവർത്തിച്ചിരുന്നതെന്ന് പോർട്ടുഗീസ് ചരിത്രകാരനായ ജൊവാവോ ഡബറോസ് പറയുന്നു.

തീണ്ടൽ, തൊടീൽ, വെപ്പാട്ടി സമ്പ്രദായം, ബഹുഭാര്യാത്വം ബഹുഭർതൃത്വം, കൂടോത്രം, ആഭിചാര മന്ത്രവാദം, ചാത്തൻസേവ, മനുഷ്യക്കുരുതി, ജന്തുബലി തുടങ്ങിയ പ്രാകൃതാചാരങ്ങൾ നസ്രാണി ക്രിസ്ത്യാനി സമൂഹത്തെ ഗ്രസിച്ചിരുന്നതായി ഡോ. ജോൺ ഓച്ചന്തുരുത്ത് തന്റെ ഗ്രന്ഥത്തിൽ എടുത്തുപറയുന്നു.

മിഷൻ പ്രവർത്തനം എന്ന ദൗത്യം നസ്രാണികളുടെ ഇടയിലില്ലായിരുന്നുവെന്നുതന്നെ പറയാം. ഹൈന്ദവസ്ത്രീകളെ ജ്ഞാനസ്നാനപ്പെടുത്തി പുരുഷന്മാർ വിവാഹം ചെയ്യുന്ന രീതി നിലനിന്നിരുന്നു. വീടുകളിൽ വച്ചാണ് വിവാഹകർമം നടന്നിരുന്നത്. വൈദികവൃത്തിക്കുപുറമെ പുരോഹിതർ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന് മറ്റുതൊഴിലുകളിലും ഏർപ്പെട്ടിരുന്നു. വൈദികർ പട്ടമേറ്റിരുന്നത്

രൂപതയ്ക്ക് വേണ്ടിയായിരുന്നില്ല ഇടവകയ്ക്ക് വേണ്ടിയാണ് പട്ടം സ്വീകരിച്ചിരുന്നത്.

അക്കാലത്ത് കേരളത്തിലെ നസ്രാണി പുരുഷന്മാരും സ്ത്രീകളും നായന്മാരുടേതുപോലുള്ള വസ്ത്രധാരണ രീതിയാണ് അവലംബിച്ചുപോന്നത്. സ്ത്രീകൾ മാറുമറച്ച് ദൈവാലയത്തിൽ വരണം എന്ന ഉദയം പേരൂർ സുനഹദോസ് പ്രമാണരേഖയിലൂടെ വ്യക്തമാക്കുന്നു.

മാമ്മോദീസ, തിരുപട്ടം, വിശുദ്ധ കുർബാന എന്നീ മൂന്നു കൂദാശകൾ മാത്രമേ നസ്രാണി ക്രിസ്ത്യാനികൾക്കുണ്ടായിരുന്നുള്ളൂ.

ഇന്ന് സഭയിൽ നിലനിൽക്കുന്ന ആചാരങ്ങളോ അനുഷ്ഠാനങ്ങളോ ആദർശാത്മകവും ദൈവശാസ്ത്രപരവും വചനാധിഷ്ഠിതവുമായ സഭാത്മകജീവിതമോ കേരള നസ്രാണി സമൂഹത്തിന് സങ്കല്പിക്കാൻപോലുമാകുമായിരുന്നില്ല.

സഭാജീവിതം മാത്രമല്ല, സാമൂഹ്യസാംസ്കാരിക വ്യക്തി കുടുംബജീവിതങ്ങളിലാകെ ജീർണത കുടികൊണ്ടിരുന്ന കാലയളവിലാണ് വചനാധിഷ്ഠിതവും വ്യവസ്ഥാപിതവുമായ, സഭാത്മാക ജീവിതത്തിനും സാംസ്കാരികമായ അഭ്യുന്നതിക്കും സുഭദ്രമായ സാമൂഹ്യ ജീവിത്തിനും അടിത്തറപാകുകയെന്ന ലക്ഷ്യത്തോടെ 1599 ജൂൺമാസത്തിൽ ഉദയം പേരൂർ സുനഹദോസ് സംഘടിപ്പിക്കപ്പെട്ടത്. കേരള സഭാചരിത്രത്തിലെ സുപ്രധാന നാഴികക്കല്ലായിരുന്നു ഉദയം പേരൂർ സുനഹദോസ്. ചരിത്രകാരനായ പ്രൊഫ. ശ്രീധരമേനോൻ വിശേഷിപ്പിക്കുന്നത് “കേരള ക്രൈസ്തവസഭയുടെ ചരിത്രത്തിലുണ്ടായ പ്രധാനസംഭവമെന്നാണ്. നെസ്തോറിയൻ മിഥ്യാവാദത്തെ ഉന്മൂലനം ചെയ്യുകയും കേരളത്തിലെ ക്രൈസ്തവ സമുദായം റോമൻസഭയുടെ ആധിപത്യത്തിൽ കൊണ്ടുവരികയുമായിരുന്നു സുനഹദോസിന്റെ ലക്ഷ്യങ്ങൾ. ഗോവ ആർച്ച് ബിഷപ്പായിരുന്ന അലക്സിസ് ദെ മെനെസിസിന്റെ അധ്യക്ഷതയിൽ ചേർന്ന സുനഹദോസിൽ 813 പ്രതിനിധികൾ പങ്കെടുത്തു.”

ഉദയംപേരൂർ സുനഹദോസിനെ തുടർന്ന് ‘ഡിവിനാം ദേയി’ എന്ന തിരുവെഴുത്തിലൂടെ 1601 മെയ് 19 ന് ക്ലെമന്റ് എട്ടാമൻ പാപ്പ ഇങ്ങനെ പ്രസ്താവിച്ചു: “നമ്മുടെ ആദരണീയനായ സഹോദരൻ ഗോവാ ആർച്ച് ബിഷപ്പ്, തന്റെ ഭക്തിയാലും ദൈവമഹത്വം, ആത്മാക്കളുടെ രക്ഷ എന്നിവയെപ്പറ്റിയുള്ള തീഷ്ണതയാലും പ്രേരിതനായി നാട്ടിലെ അൽമായരുടെ സാന്നിധ്യത്തിലും വൈദികരുടെ പങ്കാളിത്തത്തോടെയും സുനഹദോസ് വിളിച്ചുകൂട്ടിയതിലുള്ള നമ്മുടെ സന്തോഷവും ആനന്ദവും അറിയിക്കുന്നു.”

ആർച്ച്ബിഷപ്പ് മെനെസസിന്റെ നിശ്ചയദാർഢ്യവും ആത്മാർത്ഥതയും മൂലം സുനഹദോസിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ നേടിയെടുക്കാനും നെസ്തോറിയൻ പാഷണ്ഡതയിൽ നിന്ന് കേരള സഭയെ മോചിപ്പിക്കാനും കഴിഞ്ഞുവെന്നതിൽ തർക്കമില്ല. അഗാധമായ വിജ്ഞാനവും ആഴമേറിയ ഭക്തിയുമായിരുന്നു അദ്ദേഹത്തിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ. ഇന്ത്യാചരിത്രാവലോകനം എന്ന ഗ്രന്ഥത്തിൽ സർദാർ കെ.എം.പണിക്കർ രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്: “കത്തോലിക്കാസഭ ഇന്ത്യയ്ക്ക് രണ്ട് വിശ്രുത പ്രതിഭകളെ സമ്മാനിച്ചിരിക്കുന്നു. വിശുദ്ധ ഫ്രാൻസിസ് സേവ്യറിനെയും ഡോ. അലക്സിസ്മെനെസിസ് മെത്രാപ്പൊലീത്തയെയും.”



ഉദയംപേരൂർ സുനഹദോസിന്റെ നടപടിക്രമങ്ങളെക്കുറിച്ച് പ്രൊഫ. ശ്രീധരമേനോൻ ഇപ്രകാരം രേഖപ്പെടുത്തുന്നു: “സുനഹദോസ് സുറിയാനി ഗ്രന്ഥങ്ങൾ പരിശോധിച്ച് അനാവശ്യമായ ഭാഗങ്ങൾ എടുത്തുമാറ്റി. സുറിയാനി കുർബാന ലത്തീൻ കുർബാനക്കനുസൃതമായി ഭേദഗതികൾ വരുത്തി. കേരള ക്രൈസ്തവ സഭയ്ക്ക് അനുസൃതമായി ഭേദപ്പെടുത്തപ്പെട്ടു. കേരള ക്രൈസ്തവ സഭയ്ക്ക് ബാബിലോണിലെ പാത്രിയാർക്കീസുമായുണ്ടായിരുന്ന സുദീർഘമായ ബന്ധം വിച്ഛേദിപ്പിച്ചു. പകരം റോം ആസ്ഥാനമായുള്ള പോപ്പിന്റെ ആധിപത്യം സ്ഥാപിച്ചു.”

ഉദയം പേരൂർ സുനഹദോസ് വഴി മലബാർ സഭയിൽ സമ്പൂർണമായ നവീകരണത്തിന് തുടക്കംകുറിച്ചു. സഭാനവീകരണത്തോടൊപ്പം സാമൂഹ്യ സാംസ്കാരിക നവീകരണവും സമൂഹത്തിൽ സാധ്യമാക്കി. കേരളത്തിന്റെ സാമൂഹിക നവോത്ഥാനം ശക്തവും സമ്പൂർണവുമായി മുന്നേറിയത് 19-ാം നൂറ്റാണ്ടിലാണെന്ന് ചരിത്രകാരന്മാർ വിലയിരുത്തുന്നുവെങ്കിലും 15-ാം നൂറ്റാണ്ടിൽ ഉദയം പേരൂർ സുനഹദോസിലൂടെ നവോത്ഥാനത്തിന് തുടക്കം കുറിക്കുകയും അതിന്റെ തുടർച്ചയായി 19-ാം നൂറ്റാണ്ടിൽ ഒരിക്കൽക്കൂടി നവോത്ഥാനത്തിന്റെ ശക്തമായ കൊടുങ്കാറ്റ് ആഞ്ഞുവീശുകയും ചെയ്തു.

(തുടരും)

കാനൻ ലോ


**ഫാ. ജോസ് ജി.**
ജുഡീഷ്യൽ വികാർ

# കുമ്പസാരമെന്ന കൂദാശയുടെ ദുരുപയോഗവും തുടർ നടപടികളും

കത്തോലിക്കാ സഭയുടെ മതബോധന ഗ്രന്ഥം (CCC) 1224, ലത്തീൻ സഭയ്ക്കുവേണ്ടിയുള്ള കാനോൻ നിയമം (CIC) 959 എന്നിവ പ്രകാരം, കുമ്പസാരമെന്ന കൂദാശ അനുതാപത്തിന്റെയും കാരുണ്യത്തിന്റെയും പാപമോചനത്തിന്റെയും അനുരഞ്ജനത്തിന്റെയും കൂദാശയാണ്. സാധാരണയായി ഈ കൂദാശ വ്യക്തിഗത കുമ്പസാരമായാണ് ആഘോഷിക്കുന്നത്. ഇതിന്റെ പ്രധാന കാരണം അനുതപിക്കുന്ന പാപിയുടെ അഭിമാന സംരക്ഷണമാണ്. എന്നിരുന്നാലും, രണ്ടുതരത്തിൽ കുമ്പസാരമെന്ന കൂദാശ ദുരുപയോഗം ചെയ്യപ്പെടാനുള്ള സാധ്യത സഭ കാണുന്നുണ്ട്: 1) കുമ്പസാരിക്കാൻ വരുന്ന വ്യക്തിയെ ആറാം പ്രമാണത്തിനെതിരായ അതായത്, ലൈംഗികമായ പാപത്തിലേക്ക് ക്ഷണിക്കാനുള്ള മാർഗ്ഗമായി പുരോഹിതൻ കാണാനുള്ള സാധ്യതയോ അനുതാപിയെന്ന വ്യാജേന കുമ്പസാരക്കാരനെ കുമ്പസാരക്കൂട്ടിൽവച്ച് ആറാം പ്രമാണത്തിനെതിരായ ലൈംഗിക പാപത്തിലേക്ക് ക്ഷണിക്കാനോ ഉള്ള സാധ്യത.

2) ആറാം പ്രമാണത്തിനെതിരായ പാപം ചെയ്യാൻ കുമ്പസാരക്കാരൻ തന്നെ ക്ഷണിച്ചുവെന്ന് സഭാധികാരിയുടെ മുമ്പാകെ വ്യാജാരോപണം ഉന്നയിക്കാനുള്ള സാധ്യത.

കുമ്പസാര കൂദാശ ദുരുപയോഗം ചെയ്യപ്പെട്ടാൽ സ്വീകരിക്കേണ്ട തുടർ നടപടികൾ സഭ സ്വീകരിക്കുകയും ചെയ്യുന്നു. CIC1387 പ്രകാരം, കുമ്പസാരിപ്പിക്കുമ്പോഴോ കുമ്പസാര സാഹചര്യത്തിലോ കുമ്പസാരിപ്പിക്കുന്നുവെന്ന വ്യാജേനയോ അനുതാപിയോടു പത്തുകല്പനകളിലെ ആറാം പ്രമാണത്തിനെതിരായി പാപം ചെയ്യാൻ ആവശ്യപ്പെടുന്ന പുരോഹിതനെ, കുറ്റത്തിന്റെ ഗൗരവം കണക്കിലെടുത്ത്, സസ്പെൻഷനോ, വിലക്കുകളോ, നീക്കം ചെയ്യലുകളോ നല്കി ശിക്ഷിക്കേണ്ടതും; കൂടുതൽ ഗൗരവമുള്ള കാര്യങ്ങളിൽ പുരോഹിതനെ ക്ലർജിയുടെ ജീവിതാന്തസ്സിൽ നിന്നും (from clerical status) പുറത്താക്കേണ്ടതുമാണ്. അതുപോലെ CIC 1387-ൽ പറഞ്ഞിരിക്കുന്ന തെറ്റുകൾ കുമ്പസാരക്കാരനെതിരെ വ്യാജമായി ആരോപിക്കുന്നതും ഗുരുതരമായ തെറ്റാണ്. CIC 1390 പ്രകാരം, CIC 1387-ൽ പറഞ്ഞിരിക്കുന്ന കുറ്റം കുമ്പസാരക്കാരനെതിരെ സഭാധികാരി (സുപ്പീരിയർ) യുടെ മുൻപാകെ വ്യാജാരോപണം നടത്തുന്ന വ്യക്തി സഭാപരമായ ചില അവകാശങ്ങളുടെ മേലുള്ള നിയമപരമായ സ്വാഭാവിക വിലക്കിലാണ്. ക്ലർജിയാണെങ്കിൽ സസ്പെൻഷനും ലഭിക്കുന്നു. കൂടാതെ, ഇത്തരം വ്യക്തികളെ ന്യായമായ ശിക്ഷ നല്കി ശിക്ഷിക്കാവുന്നതും ഉചിതമായ പരിഹാരം ചെയ്യാൻ നിർബന്ധിക്കാവുന്നതുമാണ്.



ഈ സന്ദർഭത്തിൽ ആറാം പ്രമാണത്തിനെതിരെ പാപം ചെയ്യാൻ നിഷ്ക്കളങ്കനായ ഒരു കുമ്പസാരക്കാരൻ തന്നെ ക്ഷണിച്ചെന്ന് സഭാപരമായ അധികാരിയുടെ മുൻപിൽ സത്യവിരുദ്ധ ആരോപണം ഉന്നയിച്ച വ്യക്തിയെ കുമ്പസാരിപ്പിക്കുന്ന പുരോഹിതൻ പാലിക്കേണ്ട കാര്യങ്ങൾ പഠിപ്പിക്കുന്നു. അതനുസരിച്ച് താഴെപ്പറയുന്ന രണ്ടുകാര്യങ്ങൾ ഉറപ്പുവരുത്തിയാൽ മാത്രമേ ടി വ്യക്തിക്ക് പാപമോചനം നല്കാനാവൂ: 1) സത്യവിരുദ്ധമായ കുറ്റാരോപണം ഔപചാരികമായി ആദ്യം പിൻവലിക്കുക 2) നിഷ്ക്കളങ്കനായ കുമ്പസാരക്കാരന് മാനഹാനി വരുത്തിയിട്ടുണ്ടെങ്കിൽ അത് പരിഹരിക്കുക.

ആയതിനാൽ CCC 1424, CIC 959, 982, 1387,1390 എന്നിവ പ്രകാരം, കുമ്പസാര കൂദാശ ദുരുപയോഗം ചെയ്യുന്ന വ്യക്തി CIC 982 പ്രകാരമുള്ള രണ്ട് നിബന്ധനകളും പാലിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്താതെ പാപമോചനം നല്കുന്നത് സഭാവിരുദ്ധവും അസാധുവുമാണ്.


കഥ



# അലയുന്നവൻ

**ആ** നാല്ക്കവലയിൽ വച്ചാണ് ഞാൻ അവനെ കണ്ടത്. വേദനയുടെ മൂടുപടമണിഞ്ഞ മുഖത്തോടുകൂടിയ അവന് ഒരു പഴകിയ കോട്ടും ഊന്നുവടിയും മാത്രമാണുണ്ടായിരുന്നത്. ഞങ്ങൾ പരസ്പരം അഭിവാദ്യം ചെയ്തു. എന്നിട്ട് ഞാൻ പറഞ്ഞു: "എന്റെ ഭവനത്തിലേക്ക് വരുക, എന്റെ അതിഥിയാവുക." അവൻ വന്നു. എന്റെ ഭാര്യയും കുഞ്ഞുങ്ങളും പൂമുഖത്ത് ഞങ്ങളെ എതിരേറ്റു. അവൻ അവരെ നോക്കി മന്ദഹസിച്ചു. അവന്റെ ആഗമനം അവർക്കിഷ്ടമായി. ഞങ്ങളെല്ലാവരും കൂടി തീൻമേശയ്ക്കുചുറ്റുമിരുന്നു. അവന്റെ സാന്നിധ്യം ഞങ്ങളെ ആനന്ദിപ്പിച്ചു. കാരണം, അവനിൽ നിശബ്ദതയും നിഗൂഢതയുമുണ്ടായിരുന്നു. അത്താഴം കഴിഞ്ഞ് നെരുപ്പോടിന് സമീപത്ത് ഞങ്ങൾ ഒരുമിച്ചിരുന്നു. അവന്റെ അലഞ്ഞുതിരിയലുകളെക്കുറിച്ച് ഞാൻ അന്വേഷിച്ചു. അന്നു രാത്രിയും അടുത്ത ദിവസവും അവൻ വളരെയധികം കഥകൾ പറഞ്ഞു. പറഞ്ഞതൊക്കെ അവന്റെ പാതകളിലെ മൺതരികളുടെയും ക്ഷമയുടെയും കഥകളായിരുന്നെങ്കിലും, അവൻ സൗമ്യനും ശാന്തനുമായിരുന്നെങ്കിലും, എനിക്ക് കുറിക്കുവാനുള്ളതൊക്കെ അവന്റെ ദിനങ്ങളിലെ കയ്ക്കുന്ന സത്യങ്ങൾ മാത്രമാണ്.

മൂന്നുദിവസങ്ങൾക്കുശേഷം, അവൻ ഞങ്ങളോട് യാത്രപറഞ്ഞുകഴിഞ്ഞപ്പോൾ, അത് ഒരു അതിഥിയുടെ മടങ്ങിപ്പോകലായിരുന്നില്ല. ഞങ്ങളിൽ ഒരാളാണ് പുറത്തെ വിശാലമായ പൂന്തോട്ടത്തിലേക്ക് ഉലാത്തുവാൻ പോയത്. ഇതുവരെയും അവൻ മടങ്ങിവന്നിട്ടില്ല എന്നും ഞങ്ങളറിയുന്നു.



ഖലിൽ ജിബ്രാൻ




# ലത്തീൻ രൂപതകളിലെ മാനസികാരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ സമ്മേളനം സമാപിച്ചു



കൊച്ചി: കേരളത്തിലെ 12 ലത്തീൻ രൂപതകളിലെയും മാനസികാരോഗ്യ മേഖലയിൽ പ്രവർത്തിക്കുന്ന സൈക്കോളജിസ്റ്റുകളുടെയും കൗൺസിലർമാരുടെയും കൂട്ടായ്മയായ CLAP ന്റെ മൂന്നാമത് സമ്മേളനവും സെമിനാറും 2024 മാർച്ച് 15, 16 തിയതികളിൽ കൊച്ചി ആൽഫ പാസ്റ്ററൽ സെന്ററിൽ നടന്നു. ഫാമിലി കമ്മിഷൻ കെ.ആർ.എൽ. സി.ബി.സി ചെയർമാൻ ബിഷപ് ഡോ. സെബാസ്റ്റ്യൻ തെക്കെത്തേച്ചേരിൽ അധ്യക്ഷത വഹിച്ച ഉദ്ഘാടന സമ്മേളനം എറണാകുളം മുൻ സെഷൻ ജഡ്ജി ശ്രീ. പാപ്പച്ചൻ ഉദ്ഘാടനം ചെയ്തു. കൊച്ചി രൂപത ചാൻസിലർ ഫാ. ജോണി സേവ്യർ പുതുക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി. കെ.സി.ബി.സി ഫാമിലി കമ്മിഷൻ സെക്രട്ടറി ഫാ. ഡോ. ക്ലീറ്റസ് കതിർപറമ്പിൽ ആശംസകളർപ്പിച്ച് സംസാരിച്ചു. നെയ്യാറ്റിൻകര രൂപത കുടുംബ ശുശ്രൂഷ ഡയറക്ടർ ഫാ. ജോസഫ് രാജേഷ് കൃതജ്ഞതയർപ്പിച്ചു. തുടർന്ന് കുസാറ്റ് സെന്റർ ഫോർ ന്യൂറോസയൻസ് ഡയറക്ടർ ഡോ. ബേബി ചക്രപാണി മുഖ്യപ്രഭാഷണം നടത്തി.

കെ.ആർ.എൽ.സി.ബി.സി ഫാമിലികമ്മിഷന്റെ നേതൃത്വത്തിൽ നടന്ന മൂന്നാമത് കോൺഫറൻസിന്റെ ചിന്താവിഷയം 'വിവാഹവും കുടുംബവും: കൗൺസിലിംഗും ചികിത്സാ ഇടപെടലുകളും' എന്നതായിരുന്നു. നിലവിലെ സാഹചര്യത്തിൽ വൈവാഹിക, കുടുംബ വ്യവസ്ഥയുടെ വിലയിരുത്തലും കൗൺസിലിംഗും എന്ന വിഷയത്തിൽ ക്ലിനിക്കൽ സൈക്കോളജിസ്റ്റ് ഡോ. ഗീതാഞ്ജലി നടരാജൻ ക്ലാസ്സ് നയിച്ചു.



*വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ചുനടന്ന തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ 2024-25 വാർഷിക പദ്ധതിയവതരണം*

## മദയാനയെ ഞൊടിയിൽ തളക്കാൻ ഉപകരണം: പൊഴിയൂർ സ്വദേശി അനു വിൽഫ്രഡിന്റെ കണ്ടുപിടിത്തം ശ്രദ്ധനേടുന്നു






തിരുവനന്തപുരം: ആനപ്പേടിയിൽ വിറങ്ങലിച്ചുനിൽക്കുകയാണ് ഇന്ന് കേരളം. കാട്ടാനയും നാട്ടാനയും ഒരുപോലെ മനുഷ്യന് ഭീഷണിയാകുന്നു. ആനപ്പേടി അവസാനിപ്പിക്കുന്നതിനും ആശങ്കക്ക് പരിഹാരം കാണാനുമായി നൂതന സാങ്കേതിക വിദ്യയുമായി രംഗത്തെത്തിയിരിക്കുകയാണ് ആർ ആൻഡ് ടിയിൽ ജോലിചെയ്യുന്ന അനു വിൽഫ്രഡ് എന്ന യുവാവ്. നാട്ടിലെ ഏത് മദയാനയെയും ഞൊടിയിടയിൽ തളക്കാൻ കഴിയുന്ന 'ആക്ടീവ് എലിഫെൻറ് ലോക്കിങ് സിസ്റ്റ'വുമായാണ് ഇദ്ദേഹം ശ്രദ്ധേയമായിരിക്കുന്നത്. മത്സ്യത്തൊഴിലാളി കുടുംബത്തിൽ ജനിച്ച അനു വിൽഫ്രഡ് തിരുവനന്തപുരം, പൊഴിയൂർ സ്വദേശിയാണ്. ഒരുവർഷത്തോളം നീണ്ട ഗവേഷണഫലമാണ് കണ്ടുപിടിത്തം. ഉത്സവപ്പറമ്പിലും മറ്റും എഴുന്നള്ളിക്കുന്ന സമയത്ത് മദപ്പാടിന്റെ ലക്ഷണങ്ങൾ കണ്ടാലുടൻ ആനപോലും അറിയാതെ വളരെ ലളിതമായി തളക്കാൻ കഴിയും എന്നതാണ് ഈ സംവിധാനത്തിന്റെ പ്രത്യേകത. മദപ്പാട് കാട്ടി വളരെ വേഗം ഓടുകയാണെങ്കിലും ഈ ഉപകരണം ഉപയോഗിച്ച് വളരെ പെട്ടെന്ന് ആനയെ തളക്കാം. കൂടാതെ ആർട്ടിഫിഷ്യൽ ഇൻറലിജൻസ് (എ.ഐ) സംവിധാനംവഴി പ്രവർത്തിക്കുമെന്നതിനാൽ ആനയുടെ ശാരീരികമാനസികാവസ്ഥ മുൻകൂട്ടി അറിഞ്ഞ് ഉപകരണം തനിയെ ആനയെ ലോക്ക് ചെയ്യും.

വനംവകുപ്പിന്റെ കോട്ടൂർ ആനവളർത്തൽ കേന്ദ്രത്തിൽ രണ്ട് ആനകളിലും മന്ത്രി ഗണേഷ്കുമാറിന്റെ ആനയിലുമടക്കം പരീക്ഷിച്ച് വിജയിച്ചു. കൂടുതൽ ആനകളിൽ പരീക്ഷണം നടത്താൻ വനംവകുപ്പിന്റെ അനുമതിക്കായി കാത്തിരിക്കുകയാണ്. ഇലക്ട്രിക്കൽ എൻജിനീയറിങ് പാസായ അനു വിൽഫ്രഡ് തിരുവനന്തപുരം സ്വാതിതിരുനാൾ സംഗീത കോളജിലെ റെക്കോഡിങ് തിയറ്ററിലെ ആദ്യത്തെ ഇലക്ട്രിക്കൽ എൻജിനീയറാണ്.

## ലക്ഷ്യാധിഷ്ഠിത വാർഷിക പദ്ധതി നമ്മെ വളർച്ചയിലേക്ക് നയിക്കണം: ആർച്ച്ബിഷപ് തോമസ് ജെ. നെറ്റോ

വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപതയുടെ 2024-25 വാർഷിക പദ്ധതിയവതരണം വെള്ളയമ്പലം ആനിമേഷൻ സെന്ററിൽ വച്ച് നടന്നു. പാസ്റ്ററൽ കൗൺസിൽ യോഗത്തിലാണ് അതിരൂപത ശുശ്രൂഷകളുടെയും സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതി അവതരിപ്പിച്ചത്. അതിനുമുന്നോടിയായി അതിരൂപത മെത്രാപ്പൊലീത്ത തോമസ് ജെ. നെറ്റോ ആമുഖപ്രഭാഷണം നടത്തി. സന്ദേശത്തിൽ ക്രിസ്തു അഞ്ചപ്പംകൊണ്ട് അയ്യായിരം പേർക്ക് പങ്കുവച്ച വചനഭാഗം ഓർമ്മപ്പെടുത്തി. അതിരൂപതയുടെ പരിമിതമായ സാഹചര്യങ്ങൾ ഉൾക്കൊണ്ട് യേശുവിന്റെ കരം പിടിച്ച് സമൃദ്ധമായ വളർച്ചയിലേക്ക് കടക്കാൻ നമുക്കാകണമെന്ന് മെത്രാപൊലീത്ത പറഞ്ഞു.

അതിരൂപതയിൽ മുൻ വർഷങ്ങളിലെ പ്ലാൻ ആൻഡ് ബഡ്ജറ്റ് രൂപീകരണത്തിൽ നിന്നും വ്യത്യസ്തമായി ലക്ഷ്യാധിഷ്ഠിത പദ്ധതി രൂപീകണത്തിലൂടെയാണ് ഈ വർഷത്തെ വാർഷിക പദ്ധതി രൂപപ്പെടുത്തിയത്. ഇതിനായി വിവിധ തലങ്ങളിൽ ദീർഘകാല ഹ്രസ്വകാല ലക്ഷ്യങ്ങൾ കണ്ടെത്തുന്നതിനായുള്ള പരിശീലനങ്ങളും കൂടിവരവുകളും നടന്നുവരികയായിരുന്നു. അതിന്റെ ഫലമാണ് ദീർഘകാല ലക്ഷ്യത്തിലെത്തിച്ചേരാനുള്ള ഹ്രസ്വകാല ലക്ഷ്യങ്ങളും അത് കൈവരിക്കാനുള്ള പ്രവർത്തനങ്ങളും ഉൾകൊള്ളുന്ന വാർഷികപദ്ധതി അവതരിപ്പിക്കപ്പെട്ടത്.

ലക്ഷ്യാധിഷ്ഠിത പദ്ധതി രൂപീകരണത്തിന് നേതൃത്വം നല്കിയ അതിരൂപത വികാരി ജനറൽ മോൺ. യൂജിൻ എച്ച്. പെരേര, ശുശ്രൂഷ കോഓർഡിനേറ്റർ ഡോ. ലോറൻസ് കുലാസ് എന്നിവരെ യോഗം അഭിനന്ദിച്ചു. അതിരൂപത സഹായ മെത്രാൻ ഡോ. ക്രിസ്തുദാസ് ആർ., വിവിധ ശുശ്രൂഷകളുടെയും സ്ഥാപനങ്ങളുടെയും ഡയറക്ടർമാർ, എക്സിക്യൂട്ടീവ് സെക്രട്ടറിമാർ, മാനേജർമാർ, പാസ്റ്ററൽ കൗൺസിൽ അംഗങ്ങൾ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# പുതുക്കുറിച്ചി ഫൊറോനയിൽ യുവജനവർഷാചരണത്തിന് തുടക്കമായി

പുതുക്കുറിച്ചി: KCBC യുവജന വർഷമായി പ്രഖ്യാപിച്ചതിന്റെ ഭാഗമായി പുതുക്കുറിച്ചി ഫൊറോനയിൽ കെസിവൈഎം അംഗങ്ങൾ യുവജനവർഷാചരണത്തിന് തുടക്കംകുറിച്ചു. പുതുക്കുറിച്ചി ദേവാലയ അങ്കണത്തിൽ ഫൊറോനയിലെ ഏകദേശം 70 ഓളം യുവജനങ്ങൾ ഒത്തുചേർന്ന് പരിഹാര കുരിശിന്റെ വഴി നടത്തി. തുടർന്ന് നടന്ന സമ്മേളനത്തിൽ യുവജനവർഷാചരണത്തിന്റെ ഉദ്ഘാടനവും ലോഗോ പ്രകാശനവും നടന്നു. ഫൊറോനയിലെ യുവജന ശുശ്രൂഷ പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുന്നതിനായി കെസിവൈഎം പുതുക്കുറിച്ചി എന്ന പേരിൽ ഒരു ഇൻസ്റ്റഗ്രാം പേജും രൂപീകരിച്ചു. സമ്മേളനത്തിൽ പള്ളിത്തുറ ഇടവക വികാരിയും മുൻ കെസിവൈഎം രൂപത ഡയറക്ടറുമായ ഫാ. ജോസഫ് ബിനു അലക്സ് മുഖ്യാഥിതിയായിരുന്നു. പുതുക്കുറിച്ചി ഫൊറോന ഡയറക്ടർ ഫാ. പ്രമോദ് അനുഗ്രഹപ്രഭാഷണം നടത്തി. പുതുക്കുറിച്ചി ഫൊറോന കെസിവൈഎം പ്രസിഡന്റ് ശ്രീമതി ശാലിനി അധ്യക്ഷത വഹിച്ചു. ഫൊറോന ആനിമേറ്റർ സിസ്റ്റർ വിനീത 'കണ്ണിൽ കനിവും, കരളിൽ കനലും, കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം' എന്ന ആപ്തവാക്യം ഉൾകൊള്ളുന്ന യുവജനവർഷ ലോഗോയെക്കുറിച്ച് വിവരിച്ചു.



## സിസ്റ്റർ നാൻസിക്ക് പി.എച്ച്.ഡി.



തിരുനെൽവേലിയിലെ മനോൻമണിയം സുന്ദരനാർ സർവകലാശാലയിൽ നിന്നും ലൈബ്രറി ആൻഡ് ഇൻഫോർമേഷൻ സയൻസിൽ പി.എച്ച്. ഡി. നേടിയ സിസ്റ്റർ നാൻസി വാറൽ CCR. തിരുവനന്തപുരം ആൾ സൈന്റ്സ് കോളേജ് യുജിസി ലൈബ്രേറിയനും പുതിയതുറ ചെക്കിട്ട വിളാകം പിയൂസിന്റെയും ലൂർദമ്മയുടെയും മകളുമാണ്.

## 'അധ്യാപകർ പകൽ മാതാപിതാക്കൾ' കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 32-ാമത് വാർഷിക കൺവെൻഷൻ നടന്നു



വെള്ളയമ്പലം: തിരുവനന്തപുരം ലത്തീൻ അതിരൂപത കാത്തലിക് ടീച്ചേഴ്സ് ഗിൽഡിന്റെ 32-ാമത് വാർഷിക കൺവെൻഷൻ വെള്ളയമ്പലം ലിറ്റിൽ ഫ്ളവർ ഹാളിൽ വച്ച് നടന്നു. 'അധ്യാപകർ പകൽ മാതാപിതാക്കൾ' എന്നതായിരുന്നു കൺവെൻഷന്റെ മുഖ്യപ്രമേയം. ടിച്ചേഴ്സ് ഗിൽഡ് പ്രസിഡൻറ് ശ്രീ. ഇഗനേഷ്യസ് ലയോള അധ്യക്ഷത വഹിച്ച സമ്മേളനത്തിൽ ടീച്ചേഴ്സ് ഗിൽഡ് ജോയിന്റ് സെക്രട്ടറി ശ്രീ. പ്രശാന്ത് പി. റ്റി. സ്വാഗതം ആശംസിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപതാ കോർപ്പറേറ്റ് മാനേജർ ഫാ. ഡോ. ഡൈസൻ വൈ. ആമുഖ പ്രസംഗം നടത്തി. ടിച്ചേഴ്സ് ഗിൽഡ് സെക്രട്ടറി ശ്രീമതി നിഷ പി. ജോസ് 2023-24 അധ്യയനവർഷത്തെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. തിരുവനന്തപുരം ലത്തീൻ അതിരൂപത ആർച്ച് ബിഷപ്പ് സമ്മേളനം ഉദ്ഘാടനം ചെയ്തു. ആർച്ച്ബിഷപ് എമിരിത്തൂസ് മോസ്റ്റ്. റവ. ഡോ. സൂസപാക്യം മുഖ്യപ്രഭാഷണം നടത്തി. അതിരൂപത സഹായ മെത്രാൻ അധ്യാപകരുടെ സർഗശേഷി പ്രകടമാക്കുന്ന 'പകർന്നതും പകർത്തപ്പെട്ടതും' എന്ന മാഗാസിൻ പ്രകാശനം ചെയ്തു. വിദ്യാഭ്യാസ ശുശ്രൂഷ ഡയറക്ടർ ഫാ. സജു റോൾഡൻ, വിരമിക്കുന്ന അധ്യാപകരുടെ പ്രതിനിധിയായി വിഴിഞ്ഞം സെന്റ്. മേരീസ് ഹയർസെക്കൻഡറി സ്കൂളിലെ അധ്യാപിക ശ്രീമതി സൂസി മിനി എന്നിവർ ആശംസകളർപ്പിച്ച് സംസാരിച്ചു.

# സ്ഥാനാർത്ഥികളുമായുള്ള മുഖാമുഖം പരിപാടി കൊണ്ടും കൊടുത്തും മുന്നേറി




വെള്ളയമ്പലം: പുറത്തു വേനൽ ചൂട്; ആകത്ത് തെരഞ്ഞെടുപ്പ് ചൂട്. സ്ഥാനാർത്ഥികളുടെ അവകാശവാദങ്ങൾ; കാണികളുടെ ചൂടേറിയ ചോദ്യങ്ങൾ, മെയ്യ് വഴക്കത്തോടെ ഉത്തരം നൽകുന്ന സ്ഥാനാർത്ഥികൾ ;ആനിമേഷൻ സെന്ററിൽ തിരുവനന്തപുരം പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർഥികളുമായി നടന്ന മുഖാമുഖം പരിപാടി കൊണ്ടും കൊടുത്തും മുന്നേറി. തിരുവനന്തപുരം അതിരൂപത രാഷ്ട്രീയ കാര്യസമിതി സംഘടിപ്പിച്ച മുഖാമുഖം പരിപാടിയായിരുന്നു വേദി. തിരുവനന്ത്പുരം പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർഥികളായ ഡോ .ശശി തരൂരും ശ്രീ രാജീവ് ചന്ദ്രശേഖറും പരിപാടിയിൽ പങ്കെടുത്തു. തീരദേശ ജനത അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങളെ അടിസ്ഥാനമാക്കി ഗഘഇഅ അതിരൂപത പ്രസിഡന്റ് പാട്രിക് മൈക്കൾ അവതരിപ്പിച്ച അവകാശപത്രിക അടിസ്ഥാനമാക്കിയാണ് സംവാദം മുന്നോട്ടു പോയത്. വിഴിഞ്ഞം തുറമുഖ നിർമാണവും തീരശോഷണവും, തീരദേശ ഹൈവേ നിർമാണം, ബ്ലൂ ഇക്കോണമി, പരമ്പരാഗത മൽസ്യത്തൊഴിലാളികളുടെ അവകാശ സംരക്ഷണം, ന്യൂന പക്ഷ അവകാശ ധ്വസനം തുടങ്ങി അതിരൂപതയിലെ ജനവിഭാഗങ്ങൾ അഭിമുഖീകരിക്കുന്ന നീറുന്ന പ്രശ്നങ്ങളോടുള്ള നയങ്ങളും,സമീപനങ്ങളും കാഴ്ചപ്പാടുകളും സ്ഥാനാർത്ഥികൾ അവതരിപ്പിച്ചു.

പ്രവർത്തനനിരതവും ഭാവാത്മകവുമായ രാഷ്ട്രീയ പ്രവർത്തനത്തിലൂടെ പൊതുരംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം തേടുമെന്ന് രാജീവ് ചന്ദ്രശേഖർ വ്യക്തമാക്കി. തിരുവനന്തപുരത്തെ ജനങ്ങൾക്കുമുമ്പിൽ വികസനത്തിന്റെ മാസ്റ്റർ പ്ലാൻ മുന്നോട്ടു വെച്ച് ജനങ്ങളുമായി ഏർപ്പെടുന്ന ഉടമ്പടിയുടെ അടിസ്ഥാനത്തിലായിരിക്കും താൻ തെരഞ്ഞെടുക്കപ്പെട്ടാൽ പ്രവർത്തിക്കുകയെന്നു അദ്ദേഹം പറഞ്ഞു. നിക്ഷേപത്തിലൂടെ സർവതലസ്പർശിയായ വികസനം സാധ്യമാക്കുമെന്ന് അദ്ദേഹം പറഞ്ഞു. തീരജനതയുടെ അവകാശവും നീതിയും ഉറപ്പുവരുത്തിയുള്ള പ്രവർത്തനമായിരിക്കും താൻ നടത്തുകയെന്ന് അദ്ദേഹം വ്യക്തമാക്കി.

ജനങ്ങളുടെ നന്മക്കും നാടിന്റെ മോചനത്തിനുമായുള്ള ഭരണ മാറ്റത്തിലൂടെയെ തീരമേഖലക്ക് രക്ഷയുള്ളുവെന്നു ശശി തരൂർ പ്രസ്താവിച്ചു. തീരദേശവുമായി ബന്ധപെട്ടു 20ലധികം തവണ പാർലമെന്റിൽ പ്രശ്നങ്ങൾ അവതരിപ്പിച്ചു. വിഴിഞ്ഞം പദ്ധതി നടപ്പിലാക്കുമ്പോൾ മൽസ്യത്തൊഴിലാളികൾക്കുവേണ്ടി ഉമ്മൻ ചാണ്ടി സർക്കാർ നീക്കിവെച്ച 475 കോടി രൂപയുടെ പുനരധിവാസ പാക്കേജ് നടപ്പിലാക്കാൻ ഇടതുപക്ഷ സർക്കാർ തയ്യാറായില്ല. മുതലപൊഴി വിഷയത്തിൽ അടൂർപ്രകാശ് എം.പി യുമൊരുമിച്ചു പലവട്ടം കേന്ദ്രസംസ്ഥാനസർക്കാരുകളുടെ മുൻപിൽ പ്രശനം അവതരിപ്പിച്ചു. ജനനന്മക്കായി വികസനപരിപാടികൾ നടപ്പിലാക്കണം. തീരദേശ ജനതയുടെ അവകാശങ്ങൾ സംരക്ഷിക്കാൻ താൻ തീരജനതയോടൊപ്പമുണ്ടാകുമെന്നും തരൂർ പറഞ്ഞു.

സമുദ്രതീര ഗവേഷകൻ ഡോ. ജോൺസൻ ജമെന്റ് സംവാദപരിപാടിയിൽ മോഡറേറ്ററായിരുന്നു. വിമലാ സ്റ്റാൻലി, ഇഗ്നേഷ്യസ് തോമസ് എന്നിവർ പ്രസംഗിച്ചു. മോൺ. യൂജിൻ പേരേര, മോൺ. ജെയിംസ് കുലാസ്, ഫാ. ലോറൻസ് കുലാസ്, ഫാ. മൈക്കിൾ തോമസ് എന്നിവർ സന്നിഹിതരായിരുന്നു. അതിരൂപത പാസ്റ്ററൽ കൗൺസിൽ സെക്രട്ടറി ശ്രീ. ഇഗ്നേഷ്യസ് തോമസ് കൃതജ്ഞതയർപ്പിച്ചു. ആറ്റിങ്ങൽ പാർലമെന്റ് മണ്ഡലത്തിലെ സ്ഥാനാർത്ഥികളുമായുള്ള മുഖാമുഖം പരിപാടി ഏപ്രിൽ 5 വെള്ളിയാഴ്ച മേനംകുളം മരിയൻ എഞ്ചിനീയറിംഗ് കോളേജിൽ വച്ച് നടക്കും.

# അവധിക്കാല വിശ്വാസോത്സവത്തിനായുള്ള പരിശീലനം നടത്തി അജപാലന ശുശ്രൂഷ



**വെള്ളയമ്പലം:** അവധിക്കാലത്ത് കുട്ടികളുടെ വിശ്വാസ ജീവിതം ശക്തിപ്പെടുത്താനുപകരിക്കുന്ന വിശ്വാസോത്സവത്തിനായുള്ള മതാധ്യാപകരുടെ പരിശീലന പരിപാടി അജപാലന ശുശ്രൂഷയുടെ നേതൃത്വത്തിൽ നടന്നു. വെള്ളയമ്പലം പാരിഷ്ഹാളിൽ നടന്ന പരിശീലന പരിപാടി അജപാലന ശുശ്രൂഷ ഡയറക്ടർ ഫാ. ഷാജു വില്യം ഉദ്ഘാടനം ചെയ്തു. പരിശീലനത്തിൽ പങ്കെടുത്ത 107 ക്രിസ്തീയ ജീവിത പരിശീലന അധ്യാപകരെ 8 ഗ്രൂപ്പുകളാക്കി ഉല്പത്തി പുസ്തകം ആസ്പദമാക്കിയാണ് പരിശീലനം നൽകിയത്.

ബൈബിളിലെ വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തിയും കുട്ടികളിൽ വിശ്വാസം, അനുസരണം, പ്രത്യാശ, സമർപ്പണം, കൂട്ടായ്മ, നേതൃത്വം എന്നീ ഗുണങ്ങൾ വളർത്തുന്നതിനും സഹായകരമാകും വിധത്തിൽ കളികളിലൂടെയും ഗാനങ്ങളിലൂടെയും സ്കിറ്റുകളിലൂടെയുമാണ് അധ്യാപകരെ പരിശീലിപ്പിച്ചത്. പരിശീലനത്തിന് റിസോഴ്സ് ടീം അംഗങ്ങളായ ഷാജു ആന്റണി, ബെന്നി ജെയിംസ് എന്നിവർ നേതൃത്വം നല്കി.

പരിശീലനത്തിൽ പങ്കെടുത്ത അധ്യാപകരുടെ നേതൃത്വത്തിൽ അവധിക്കാലത്ത് ഇടവകകളിൽ കുട്ടികൾക്കായി വിശ്വാസോത്സവം സംഘടിപ്പിക്കും. പരിപാടിയിൽ പങ്കെടുത്തവർക്ക് അതിരൂപത മതബോധന സെക്രട്ടറി ശ്രീ സിൽവദാസ് കൃതജ്ഞതയേകി.





*തിരുവനന്തപുരം ലത്തീൻ അതിരൂപതയിലെ വിശുദ്ധ യൂദാ തദേവൂസിന്റെ നാമധേയത്തിലുള്ള കാച്ചാണി ഇടവകയിൽ ഹോം മിഷൻ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചപ്പോൾ*

## വായന






നിമ്ന വിജയ്

# ഏറ്റവും പ്രിയപ്പെട്ട എന്നോട്

'താൻ വഞ്ചിക്കപ്പെട്ടു എന്ന തിരിച്ചറിവ് ഒരാളെ ആത്മഹത്യയിലേക്ക് നയിക്കുന്നു' എന്ന് ഒന്നാം അധ്യായത്തിൽ കുറിച്ചിട്ടുകൊണ്ടാണ് അതിഥി തന്റെ കഥ പറഞ്ഞു തുടങ്ങുന്നത്... 'നിമ്ന വിജയ്' എന്ന യുവ എഴുത്തുകാരി ഏറ്റവും പ്രിയപ്പെട്ട എന്നോട് എന്ന നോവലിൽ തന്റെ ലോകത്തിന്റെ അല്ലെങ്കിൽ തന്റേതാകണം എന്ന് കരുതിയ ലോകത്തിന്റെ കാഴ്ചകൾ വാക്കുകളാൽ വരയ്ക്കാൻ ശ്രമിക്കുന്നു. കഥയും കഥാപാത്രങ്ങളും തന്റെ തന്നെയാകുമ്പോഴുള്ള ഒരു ഭംഗിയും കരുതലും ഒതുക്കവും ഈ നോവലിനുണ്ട്. എങ്ങനെയും വായിച്ച് തീർക്കുക എന്നതിനപ്പുറം ഒരു പെൺകുട്ടിതന്നെ ജീവിതകഥ പറയുന്നത് കേൾക്കുമ്പോഴുള്ള അതിശയോക്തിയും ജിജ്ഞാസയും വായനയെ ആവേശഭരിതമാക്കി. ഒരു എഴുത്തുകാരി തന്റെ ജീവിതകഥ തന്നോട് തന്നെ പറയുമ്പോൾ എത്രയായിരിക്കും അതിന്റെ ഭംഗി എന്നറിയാൻ ഒരു ആകാംക്ഷയുണ്ടായിരുന്നു ഈ നോവൽ വായിക്കുമ്പോൾ ഉടനീളം. 23 അധ്യായങ്ങളിലായാണ് 'അതിഥി' എന്ന് പേരിട്ട തന്റെ തന്നെ സ്വത്വം കഥ പറഞ്ഞു തീർക്കുന്നത്.

എന്നും നോവലിൽ ആവേശഭരിതമാകുന്ന പലതും ഈ നോവലിലും കടന്നു വന്നിട്ടുണ്ട് എന്ന് പറയാതെ വയ്യ. ഒരാൾ തന്നെത്തന്നെ സ്നേഹിക്കുന്നിടത്താണ് നോവൽ പൂർണ്ണമാകുന്നത് എന്ന് എഴുത്തുകാരി തന്നെ പറഞ്ഞു വയ്ക്കുന്നു. കഷ്ടപ്പെട്ട് ഒരുമിച്ച് ജീവിക്കേണ്ടി വരുന്ന ദമ്പതിമാരും കപട അഭിമാനത്തിനും അന്തസ്സിനും വേണ്ടി മക്കളെയും അവരുടെ ജീവിതത്തെയും ഇരയാക്കുന്ന അച്ഛനമ്മമാരും, ഏറ്റവും പ്രിയപ്പെട്ടവർ എന്ന് കരുതുന്ന, അല്ലെങ്കിൽ ഏറ്റവും ഒറ്റപ്പെട്ടുപോകുന്ന നിമിഷങ്ങളിൽ സഹായിക്കും എന്ന് കരുതുന്നവരിൽ നിന്ന് ഏൽക്കേണ്ടിവരുന്ന ലൈംഗിക ചൂഷണങ്ങളും ഈ കഥയിൽ വല്ലാതെ മുഴച്ചു നിൽക്കുന്നു. അല്ലെങ്കിൽ അവ വായനക്കാരനെ ഏറെ വേദനിപ്പിക്കുന്നു എന്ന് പറയാം. സൗഹൃദത്തിന്റെ ആഴവും നല്ല സൗഹൃദങ്ങൾ എന്നും താങ്ങാവുകതന്നെ ചെയ്യും എന്നും എഴുത്തുകാരി പറയുന്നു. അതിഥി തന്റെ ജീവിതകഥ പറഞ്ഞു തുടങ്ങുന്നത് വളരെ മനോഹരമായാണ്. ഒരിക്കലും ചിന്തിച്ചിട്ട് പോലുമില്ലാത്ത വഴികളിലൂടെ സഞ്ചരിക്കേണ്ടി വരികയും അവിടെ തന്റെ അതിജീവനം സാധ്യമാക്കുകയും ചെയ്യുന്ന പെൺകുട്ടിയാണ് അതിഥി.

ആധുനിക ലോകത്തിൽ ശാസ്ത്രം ഇത്ര പുരോഗമിച്ചിട്ടും അംഗീകരിക്കാൻ ആകാത്ത'ഗേ' കളുടെ ജീവിതവും അതിജീവനവും ഇതിൽ ഭാഗഭാക്കാകുന്നു. ഒറ്റയ്ക്ക് ജീവിക്കാൻ കൊതിക്കുന്ന യുവതയും അതിലും തൃപ്തി വരാതെ വീണ്ടും പുതിയ തൊഴിലിടങ്ങൾ കണ്ടെത്താൻ കൊതിക്കുന്ന മനസ്സും നമുക്ക് ഇതിൽ കാണാം. ഒരുപക്ഷേ പഴയ കാലത്തിൽ ഏതെങ്കിലും ഒരു ജോലി എന്ന ചിന്തയോടെ തൊഴിൽ അന്വേഷണങ്ങൾ അവസാനിപ്പിക്കുന്നിടത്താണ് ഇന്നത്തെ യുവത അവരുടെ സംതൃപ്തി കൂടെ തൊഴിലിടങ്ങളിൽ കണ്ടെത്താൻ ശ്രമിക്കുന്നത്. മക്കളുടെ ജീവിതവും ജീവനവും കണ്ടില്ല എന്ന് വയ്ക്കുമ്പോഴും അവരുടെ വരുമാനം മുഴുവനായി ആഗ്രഹിക്കുന്ന മാതാപിതാക്കളും നമ്മുടെ ചുറ്റിലുമുണ്ട് എന്ന് നോവൽ ഓർമ്മപ്പെടുത്തുന്നു. കുറച്ചെങ്കിലും ത്രസിപ്പിക്കാനും പിടിച്ചിരുത്താനും നിമ്നാ വിജയ്ന് കഴിഞ്ഞു എന്ന് പറയണം.

നിമ്നാ വിജയ് പറയാൻ കൊതിക്കുന്നതുപോലെ ഓരോ വായനക്കാരനും പറയണം എനിക്ക് ഏറ്റവും പ്രിയപ്പെട്ടത് ഞാൻ തന്നെയാണ്. എന്നെ തന്നെയാണ് എന്ന്....



താര ഇഗ്നേഷ്യസ്

# ജീവന്റെ വില

**പെസഹാക്കാലം 2-ാം ഞായർ (ഏപ്രിൽ 7)** അപ്പ 4:32-35, 1 യോഹ. 5:1-6, യോഹ. 20:19-31

**ഫാ. മനീഷ് പീറ്റർ**

ഉത്ഥിതനായവൻ നമ്മെയും ചേർത്ത് പിടിച്ചിട്ട് പറയുന്നു, ഐ ഡോണ്ട് വാണ്ട് ടു മിസ് യു... കാരണം നിനക്ക് എന്റെ ജീവന്റെ വിലയാണ്.

അരികിൽ നീ ഉണ്ടായിരുന്നെങ്കിലെന്നു ഞാൻ
ഒരു മാത്ര വെറുതെ നിനച്ചുപോയി
– *ഒഎൻവി*

**'ഐ** ഡോണ്ട് വാണ്ട് ടു മിസ് യു..." പരസ്പരം പറഞ്ഞും പറയാതെയും സൂക്ഷിക്കുന്ന ഈ ഒറ്റവരിക്ക് കടലാഴത്തോളം കഥകൾ പറയുവാനുണ്ടാവും. പ്രണയവും സൗഹൃദങ്ങളും ആത്മബന്ധത്തിന്റെ മാറ്റൊലികളും അങ്ങനെ പലതും ഈ ഒറ്റവരിയുടെ ഭ്രമണപഥത്തിൽ ചേർത്തുവയ്ക്കുവാനാകും. ആഴ്ചയുടെ ആദ്യദിവസം ഭയന്ന് കതകടച്ചിരുന്ന ശിഷ്യന്മാരെ യേശുനാഥൻ തേടിവന്നത് അവരെ അത്രയ്ക്ക് 'മിസ് ചെയ്തത്' കൊണ്ടുതന്നെയാകാം.

ഉത്ഥാനത്തിന് ശേഷം ക്രിസ്തു തന്റെ ശിഷ്യന്മാർക്ക് നൽകുന്ന ആദ്യസമ്മാനം സമാധാനമാണ്. പരിശുദ്ധാത്മാവിന്റെ ഫലമായ സമാധാനം നിയമത്തെ ഭയന്ന് യഹൂദരെ ഭയന്ന് സമൂഹത്തിൽ നിന്ന് മാറി നിന്നിരുന്ന ശിഷ്യന്മാർക്ക് ഗുരുനൽകിയ ശ്രേഷ്ഠമായ സമ്മാനം. 'ആത്മാവിന്റെ ഫലങ്ങൾ സ്നേഹം, ആനന്ദം, സമാധാനം, ക്ഷമ, ദയ, നന്മ, വിശ്വസ്ഥത, സൗമ്യത, ആത്മസംയമനം ഇവയാണ്. ഇവയ്ക്കെതിരായി ഒരു നിയമവുമില്ല' (ഗലാ 5:22). സർവ്വ നിയമത്തിന്റെയും പൂർത്തീകരണം അവർക്ക് നൽകിയ ഉത്ഥിതൻ അവർക്ക് കാണിച്ചുകൊടുക്കുന്നത് തന്റെ മുറിവുകളാണ്. തള്ളിപ്പറഞ്ഞതിന്റെയോ ഉപേക്ഷിച്ചുപോയതിന്റെയോ പരാതിയോ പരിഭവമോ ഇല്ലാതെ അവൻ അവരെ ചേർത്തുപിടിക്കുമ്പോൾ ശിഷ്യന്മാർ സന്തോഷിക്കുകയാണ്. മാപ്പ് ലഭിച്ചവന്റെ ആനന്ദമായിരുന്നു അവർക്ക്. "അവിടുത്തെ കൃപയുടെ സമൃദ്ധിയ്ക്കൊത്ത് നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തം വഴി രക്ഷയും കൈവന്നിരിക്കുന്നു. (എഫേ. 1:7)

ക്രിസ്തുനാഥൻ അവരോട് ക്ഷമിച്ച് അവരുടെ പാപങ്ങൾ മോചിപ്പിച്ചത് ലോകത്തോട് ക്ഷമിക്കുവാനും പാപങ്ങൾ മോചിപ്പിക്കുവാനുമായിരുന്നു. തോൽവി അറിഞ്ഞവനേ തോറ്റുപോയവന്റെ വേദന അറിയുവാനും അവനെ മനസ്സിലാക്കി ആശ്വസിപ്പിക്കുവാനും സാധിക്കുകയുള്ളൂ എന്ന് ക്രിസ്തുവിന് ബോധ്യമുണ്ടായിരുന്നു. ബലഹീനരായവരെ ആത്മാവിന്റെ ഫലങ്ങളാൽ ബലപ്പെടുത്തി. അവൻ അയക്കുന്നത് അവന്റെ രക്ഷ പ്രഘോഷിക്കുവാനും നിത്യതയിലേക്ക് ആനയിക്കാനുമാണ്.

തന്റെ ശിഷ്യന്മാരെ കണ്ട് അവരോടൊപ്പം ആയിരുന്ന ക്രിസ്തുനാഥൻ ഒരുവനെ 'മിസ് ചെയ്തു', ദിദിമോസ് എന്ന് വിളിക്കപ്പെടുന്ന തോമസിനെ. ക്രിസ്തു ഉത്ഥാനം ചെയ്തുവെന്ന് വിശ്വസിക്കുവാൻ തോമസിന് മാനദണ്ഡങ്ങൾ ഉണ്ടായിരുന്നു. കാര്യങ്ങൾ സൂക്ഷ്മമായി നിരീക്ഷിച്ചുപഠിച്ച് അതിനെ യുക്തിയുടെ അടിസ്ഥാനത്തിൽ വിശകലനം ചെയ്ത് മനസ്സിലാക്കുന്ന ആധുനിക മനുഷ്യനെ പ്രതിനിധാനം ചെയ്യുന്ന തോമസ്സിനോട് കർത്താവ് അവന്റെ ആഗ്രഹപ്രകാരം പെ



രുമാറുന്നു. തോമസ് നിന്റെ എല്ലാ നിബന്ധനകളും ഞാൻ സമ്മതിച്ചിരിക്കുന്നു എനിക്ക് നിന്നെ മതി എന്ന മനോഭാവത്തിൽ തോമസ്സിനോട് പറയുന്നു, "അവിശ്വാസിയാകാതെ വിശ്വാസിയായിരിക്കുക". ഇടയൻ, നഷ്ടപ്പെട്ട ആടിനെ കണ്ടെത്തുമ്പോൾ ഉണ്ടാകുന്ന ആനന്ദംപോലെ തോമസും കർത്താവും പരസ്പരം കണ്ടുമുട്ടുന്നു. എന്റെ കർത്താവേ, എന്റെ ദൈവമേ! എന്ന നിലവിളി അവന്റെ വശ്വാസ പ്രഖ്യാപനമായിരുന്നെങ്കിൽ കർത്താവ് അവനെ അനേകം ജനതകളുടെ വിശ്വാസ പ്രതീകമാക്കിമാറ്റുന്നു. 'കാണാതെ വിശ്വസിക്കുന്നവർ ഭാഗ്യവാന്മാർ' എന്ന് അരുൾചെയ്തുകൊണ്ട്.

ഉയിർപ്പ് ഞായർ കഴിഞ്ഞുവരുന്ന ഞായർ ദൈവകരുണയുടെ തിരുനാളായി ആഘോഷിക്കുമ്പോൾ "യേശുവേ ഞാൻ അങ്ങയിൽ ശരണപ്പെടുന്നു" എന്ന പ്രാർഥന നമ്മുടെ പ്രാർഥനാജീവിതത്തിന്റെ അടിസ്ഥാനമാകണം, കാരണം പരിശുദ്ധ അമ്മ നമ്മോട് പറയുന്നു, "അവിടുത്തെ ഭക്തരുടെമേൽ തലമുറകൾ തോറും അവിടുന്ന് കരുണവർഷിക്കും (ലൂക്ക. 1:50)

ദൈവത്തെ സ്നേഹിക്കുകയെന്നാൽ അവിടുത്തെ കൽപ്പനകൾ അനുസരിക്കുകയെന്ന് അർത്ഥമെന്ന് വി. യോഹന്നാൻ ഇന്നത്തെ രണ്ടാം വായനയിൽ പറയുമ്പോൾ ലോകത്തിന്മേലുള്ള വിജയം വിശ്വാസത്തിലൂടെ മാത്രമേ സാധ്യമാവുകയുള്ളൂ എന്നും ആത്മാവ് സത്യമാണെന്ന് വിശ്വസിക്കുവാനും നമ്മെ ഓർമിപ്പിക്കുന്നുണ്ട്.

അങ്ങനെ ഉത്ഥിതനായ യേശുനാഥൻ തന്റെ ശിഷ്യന്മാർക്ക് നൽകിയ ദൗത്യം അവർ അനുസരിക്കുന്നതായി ഇന്നത്തെ ഒന്നാം വായനയിൽ നമ്മൾ കാണുന്നുണ്ട്. 'അപ്പസ്തോലന്മാർ കർത്താവായ യേശുവിന്റെ പുനരുത്ഥാനത്തിന് വലിയ ശക്തിയോടെ സാക്ഷ്യം നൽകി (അപ്പ. 4:33).

ആരെയും നഷ്ടപ്പെടുത്താതെ ഹൃദയത്തോട് എല്ലാവരെയും ചേർത്തുവയ്ക്കുന്ന അവരുടെ ജീവിതത്തിലെ കുറവുകൾ അവർപോലും അറിയാതെ നിറവുകളാക്കുന്ന ദൈവത്തിന്റെ ചിത്രമുണ്ട്. ആദത്തിന്റെ ഏകാന്തതയിൽ കൂട്ടിനായ് ഹവ്വ, കായേന്റെ ജീവൻ സംരക്ഷിക്കുവാനായി മുദ്ര, പ്രതീക്ഷയറ്റ നോഹയ്ക്ക് പുത്തൻ ഉണർവ്വ് നൽകാനായി മഴവില്ല്, അബ്രഹത്തിന്റെ ആശങ്കയിൽ നക്ഷത്രങ്ങൾ, ഹാഗാറിന്റെ നിസഹായതയിൽ നവോന്മേഷമായി നീരുറവ... അങ്ങനെ ദൈവവചനത്തിന്റെ ആദ്യപുസ്തകങ്ങൾ മുതൽ ദൈവസ്നേഹത്തിന്റെ ചേർത്തുപിടിക്കലുകൾ നമ്മൾ കാണുന്നു, അനുഭവിക്കുന്നു. നമ്മുടെയും ജീവിത പ്രതിസന്ധികളിൽ ദൈവത്തിന്റെ കരം നമ്മെ ചേർത്തുപിടിക്കും ബലപ്പെടുത്തും. നിങ്ങൾ സന്തോഷത്തോടെ പുറപ്പെടും; സമാധാനത്തിൽ നയിക്കപ്പെടും; മലകളും കുന്നുകളും നിങ്ങളുടെ മുൻപിൽ ആർത്തുപാടും; വനവൃക്ഷങ്ങൾ കൈകൊട്ടും (ഏശ. 55:12).

ഉത്ഥിതനായവൻ നമ്മെയും ചേർത്ത് പിടിച്ചിട്ട് പറയുന്നു, ഐ ഡോണ്ട് വാണ്ട് ടു മിസ് യു... കാരണം നിനക്ക് എന്റെ ജീവന്റെ വിലയാണ്. ▪

# കല്ലുകൾ ഉരുട്ടിമാറ്റുക

**പെസഹാക്കാലം 3-ാം ഞായർ (ഏപ്രിൽ 14)** അപ്പ. 3:13-15, 17-19, 1 യോഹ. 2: 1-5a, ലൂക്ക. 24:35-48

**ഫാ. പോൾ സണ്ണി**

പത്രോസ് യേശുവിനെ പ്രഘോഷിക്കുന്നത് യേശു ഉയിർത്തെഴുന്നേറ്റ് പ്രത്യക്ഷപ്പെട്ടതുകൊണ്ടു മാത്രമല്ല, അവൻ മാറിയിരുന്ന് ചിന്തിച്ചപ്പോൾ മനസ്സിലാക്കുന്നു യേശു തന്റെ ജീവിതത്തിൽ എത്രമാത്രം ഇടപെട്ടുവെന്ന്. ഉയിർത്തെഴുന്നേറ്റവന്റെ സുവിശേഷം പ്രഘോഷിക്കാൻ മുമ്പെങ്ങുമില്ലാത്ത ധൈര്യം പത്രോസിനു കിട്ടുന്നു. ഭഗ്നാശനായി ഒരിക്കൽക്കൂടി വഞ്ചിയിലേക്ക് മടങ്ങിയവനായിരുന്നു പത്രോസ്.

യോഹന്നാന്റെ രണ്ടാം ലേഖനത്തിൽ അഭിസംബോധന തിരഞ്ഞെടുക്കപ്പെട്ട മഹതിക്കും അവളുടെ മക്കൾക്കുമാണ്. അവൾ എലക്ത് തയാണോ? മർത്തായാണോ? അവൾ ഒരു അമ്മയാണോ? സഭയിലെ ഒരു നേതാവാണോ? റോമാക്കാരുടെ ലേഖനത്തിൽ റൂഫസിനെയും അവന്റെ അമ്മയെയുംകുറിച്ച് പറയുന്നുണ്ട്. അതുപോലെ ഈ സ്ത്രീയും തിരഞ്ഞെടുക്കപ്പെട്ട ഒരു വ്യക്തിയാണ്. എല്ലാവരാലും സ്നേഹിക്കപ്പെടുന്ന കുടുംബം. ദൈവത്തിൽനിന്നും പുത്രനിൽനിന്നും കൃപയും കരുണയും സമാധാനവും ആശംസിക്കുന്നു; സത്യത്തിലും സ്നേഹത്തിലുമാണ് ആശംസിക്കുന്നത്. യേശു കുരിശിൽ മരിച്ചപ്പോൾ കീറപ്പെട്ട ദേവാലയതിരശ്ശീല ദൈവത്തെ മനുഷ്യർക്ക് ദൃഷ്ടിഗോചരമാക്കുക മാത്രമല്ല ചെയ്തത്, യഹൂദനും പുറജാതിക്കാരനും ഇടയിലുണ്ടായിരുന്ന വേർപാടിന്റെ നടുച്ചുവർ തകർക്കപ്പെട്ടു.

## പത്രോസിന്റെയും യോഹന്നാന്റെയും ഓട്ടമത്സരം

ഒരു വയസ്സനും ഒരു ചെറുപ്പക്കാരനും. ആദ്യം ഓടിയെത്തിയത് യോഹന്നാൻതന്നെ. പക്ഷേ, അവൻ പുറത്തുതന്നെനിന്നു. പത്രോസ് ഓടി അകത്തുകയറി. യഹൂദ മര്യാദയനുസരിച്ച് മൃതശരീരം സു

ഗന്ധദ്രവ്യങ്ങളിലിട്ടു കാൽമുതൽ തോൾ വരെ മുകളിലോട്ട് ഭദ്രമായി ചുറ്റിക്കെട്ടി തലയിലൊരു വട്ടക്കെട്ടുമായാണ് സംസ്കാരം ചെയ്യപ്പെടുക പതിവ്. യേശുവിനെ ചുറ്റിയിരുന്ന വസ്ത്രം ആരും അഴിക്കുകയോ സ്പർശിക്കുകപോലുമോ ചെയ്തിട്ടില്ല. തലയിലുണ്ടായിരുന്ന കെട്ടും അതുപോലെതന്നെ തലനീക്കപ്പെട്ടാലെന്നപോലെ പുറകോട്ടു മറഞ്ഞുകിടപ്പുണ്ട്.

ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെടുംമുമ്പേ യേശു മറിയത്തിനു പ്രത്യക്ഷപ്പെട്ടു. കല്ലറയ്ക്കരികിലെ കാത്തിരിപ്പിന്റെ പ്രതിഫലം. കല്ലറയിൽ ഓടിവന്ന പത്രോസിന് യേശുവിനെ കാണാൻ സാധിച്ചില്ലെങ്കിലും യേശു പിന്നീട് ശിഷ്യന്മാർക്ക് പ്രത്യക്ഷപ്പെട്ടു. സമാധാനം (Shalom) ആശംസിച്ചു. പക്ഷേ, ഭയമാണ് അപ്പോസ്തലന്മാർക്ക് ഉണ്ടായത്. ഭൂതത്തെയാണ് കാണുന്നതെന്ന് അവർ ധരിച്ചു. മഗ്ദലേനമറിയവും എമ്മാവൂസിലേക്കുപോയ ശിഷ്യരും പറഞ്ഞ ഉയിർപ്പുകഥ കേട്ടിട്ടും യേശുവിനെ കണ്ടമാത്രയിൽ അവർക്ക് ഭയം തോന്നി. ഭൂതത്തിന് ശരീരമുണ്ടാവുകയില്ല. തന്റെ കൈകളും കാലുകളും നീട്ടി അവ സ്പർശിച്ചുനോക്കാൻ യേശു ശിഷ്യന്മാരെ ക്ഷണിച്ചു. ശിഷ്യന്മാർ വികാരത്തള്ളിച്ചയിലായിരുന്നു. അവരെ വീണ്ടും സമാധാനിപ്പിക്കാൻ അരങ്ങേറുന്നതാണ് മീൻസദ്യ (fish meal). ഒത്തിരി വിഭവങ്ങളില്ല. യോഹ 21 അധ്യായത്തിൽ യേശു മീൻ പാചകംചെയ്യുന്ന സംഭവവുമായി സമാന്തരബന്ധമുണ്ട്. യോഹന്നാന്റെ സുവിശേഷത്തിൽ യേശു പാചകം ചെയ്ത് ശിഷ്യന്മാർക്ക് ഭക്ഷിക്കാൻ നല്കി. ലൂക്കായിൽ ശിഷ്യന്മാർ യേശുവിന് ഭക്ഷിക്കാൻ നല്കുന്നു. എമ്മാവൂസിലെ സംഭവവുമായി ലൂക്കാ ഇത് ഇടകലർത്തുന്നു. രണ്ടിടത്തും അപ്പം മുറിക്കലുണ്ട്. അപ്പവും മീനും ഗലീലിയ തീരത്തും ജറുസലേമിലും സാധാരണ ഭക്ഷണമായിരുന്നു. സാധാരണക്കാരുടെ ഭക്ഷണമായി ഉണക്കമീൻ മാർക്കറ്റിൽ വിറ്റഴിക്കപ്പെട്ടിരുന്നു. യേശുവിന്റെയും ശിഷ്യന്മാരുടെയും യാത്രയിൽ ഇത് എപ്പോഴും ഭക്ഷണമായിരുന്നു. ഇന്നു നാം ക്രിസ്തുവിനെ കാണുകയും കേൾക്കുകയും സ്പർശിക്കുകയും ചെയ്യുന്നത് കൂദാശകളിലൂടെയാണ്.

വിശുദ്ധ ലിഖിതങ്ങൾ ഗ്രഹിക്കാനുള്ള പ്രാപ്തി ശിഷ്യന്മാർക്കു ലഭിച്ചു. പാപമോചനത്തിനുള്ള അനുതാപമാണ് ശിഷ്യർ പ്രഘോഷിക്കേണ്ടത്. ദൈവം ആദത്തോട് ചോദിക്കുന്നത് 'നീ എവിടെയാണ്' (ഉൽപ 3:11) ചോദ്യം ചോദിക്കാതെതന്നെ ദൈവത്തിന് ആദം എവിടെയാണെന്ന് അറിയാം. അവന്റെ അനുതാപമാണ് ആഗ്രഹിച്ചത്. പശ്ചാത്താപത്തിനുപകരം കുറ്റപ്പെടുത്തലുകളാണ് ഉണ്ടായത്. സഭാപിതാവായ തെർത്തുല്യൻ പറയുന്നു: 'ജ്ഞാനസ്നാനവും അനുതാപവുമാണ് രക്ഷയുടെ രണ്ട് പ്രകാശഗോപുരങ്ങൾ'. 'ജ്ഞാനസ്നാനം, അനുതാപം എന്നീ രണ്ടു വാതിലുകളിലൂടെയാണ് കത്തോലിക്കർ സത്യഭവനത്തിലേക്കു പ്രവേശിക്കുന്നത്' എന്ന് വിശുദ്ധ ജറോമും പറഞ്ഞിട്ടുണ്ട്.

> സഭ തന്റെ ഏറ്റവും ദുർബലരായ മക്കളെ ശ്രദ്ധയോടും കരുതലോടും കൂടെ സഹഗമിക്കണം. അവർ മുറിവേറ്റതും ദ്രോഹിക്കപ്പെട്ടതുമായ സ്നേഹത്തിന്റെ അടയാളങ്ങൾ കാണിക്കുന്നു. അവരിൽ പ്രത്യാശയും ആത്മധൈര്യവും പുനഃസ്ഥാപിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്.



## ചില കല്ലുകൾ ഉരുട്ടിമാറ്റപ്പെടേണ്ടതുണ്ട്

മറ്റുള്ളവരോട് തുറവിയില്ലാത്ത മനോഭാവങ്ങൾ നമുക്കുണ്ട്. സഹോദരങ്ങളോട് ഹൃദൈക്യപ്പെടാതെ സ്വാർത്ഥതയുടെ കല്ലുരുട്ടിവച്ച് മറ തീർക്കുന്നത് എന്തിനാണ്. സ്വയം ഇരുളിൽ തളയ്ക്കപ്പെടുന്നവരുണ്ട്. ആത്മീയപ്രകാശം ചോർന്നുപോയവർ. ഇരുട്ടിന്റെ മഹാനിദ്രയിൽ പാപത്തിന്റെ ഭാരവുമായി കഴിയുന്നവർ. കല്ല് നീക്കിയേ പറ്റൂ. വചനപ്രകാശം കടന്നുവരുമ്പോൾ അവർക്ക് ക്രിസ്തുവിനെ അനുഭവിക്കാനാകും. സ്നേഹിക്കുക, നല്കുക, പങ്കുവയ്ക്കുക ഇങ്ങനെ ലളിതമാണ് ക്രിസ്തുവിന്റെ സന്ദേശങ്ങൾ. ഈ സന്ദേശങ്ങൾ ജീവിതവഴികളിൽ പ്രാവർത്തികമാക്കാത്തതാണ് ക്രൈസ്തവദുരന്തം. മോശയ്ക്ക് ദൈവത്തിന്റെ മുഖം കാണണമെന്നുണ്ടായിരുന്നു. 'നീ എന്റെ മുഖം കണ്ടുകൂടാ; എന്തെന്നാൽ, എന്നെ കാണുന്ന ഒരു മനുഷ്യനും ജീവനോടിരിക്കുകയില്ല' (പുറ 33:1820). രൂപാന്തരപ്പെട്ടവർക്കേ പിതൃദർശനം സാധ്യമാകുകയുള്ളൂ. യേശുവുമായുള്ള നമ്മുടെ ഐക്യത്തിലൂടെയേ അത് സാധിക്കുകയുള്ളൂ.

സഭ തന്റെ ഏറ്റവും ദുർബലരായ മക്കളെ ശ്രദ്ധയോടും കരുതലോടുംകൂടെ സഹഗമിക്കണം. അവർ മുറിവേറ്റതും ദ്രോഹിക്കപ്പെട്ടതുമായ സ്നേഹത്തിന്റെ അടയാളങ്ങൾ കാണിക്കുന്നു. അവരിൽ പ്രത്യാശയും ആത്മധൈര്യവും പുനഃസ്ഥാപിച്ചുകൊണ്ടാണ് അങ്ങനെ ചെയ്യുന്നത്. ഒരു തുറമുഖത്തെ ലൈറ്റ്ഹൗസിൽ നിന്നുള്ള പ്രകാശരശ്മിപോലെ അല്ലെങ്കിൽ വഴിതെറ്റിയവർക്കോ കൊടുങ്കാറ്റിൽപ്പെട്ടവർക്കോ പ്രകാശം നല്കാൻ ജനങ്ങളുടെയിടയിൽ വഹിക്കപ്പെടുന്ന വിളക്കുപോലെതന്നെ. സഭയുടെ ദൗത്യം മിക്കപ്പോഴും യുദ്ധരംഗത്തിനടുത്തു സ്ഥാപിക്കപ്പെട്ട ആശുപത്രിയുടേതിനു സമാനമാണെന്ന കാര്യം നമുക്കു മറക്കാതിരിക്കാം. ■

# ഇടറിപ്പോകുന്ന ഇടയന്മാരും ചിതറിപ്പോകുന്ന അജഗണവും

**പെസഹാക്കാലം 4-ാം ഞായർ (ഏപ്രിൽ 21)** അപ്പ. 4:8-12, 1 യോഹ. 3:1-2, യോഹ. 10:11-18

**ഫാ. സി.കെ. തോപ്പിൽ**

ആടുകളെ രക്ഷിക്കുന്ന സാഹസികതയാണ് നല്ല ഇടയന്റെ യോഗ്യത. അജഗണമായ നമ്മെ രക്ഷിക്കാൻ ഈശോ തന്റെ ജീവൻ സമർപ്പിച്ചു. ഈ മഹാസമർപ്പണം യേശുവിന് പിതാവിനോടുള്ള സ്നേഹബന്ധത്തിൽ നിന്നുയരുന്നതാണ്.

യോഹന്നാന്റെ സുവിശേഷമൊരുക്കിയ ഏറ്റവും മനോഹരമായ വാങ്മയ ചിത്രം നല്ല ഇടയന്റേതാണ്. പഴയ നിയമത്തിൽ ചിതറിക്കിടക്കുന്ന ഒട്ടേറെ ഇടയസങ്കല്പങ്ങളിൽ നിന്നാണ് അത് രൂപപ്പെട്ടത്. ജീവൻ അപകടപ്പെടുത്തിയും ആടുകളുടെ രക്ഷ ഉറപ്പാക്കുന്നവനാണ് യഹൂദ സങ്കല്പത്തിലെ നല്ല ഇടയൻ. ആടുകളുടെ പൂർണ ഉത്തരവാദിത്വം ഇടയനാണ്. അശ്രദ്ധ മൂലം ആടുകളിലൊന്ന് നഷ്ടപ്പെടുകയോ അപകടപ്പെടുകയോ ചെയ്താൽ ശിക്ഷാർഹമായ കുറ്റമാണത്. ആടിനെ സിംഹമോ ചെന്നായോ പിടിച്ചാൽ അതിനെ വായിൽ നിന്ന് അവശിഷ്ടങ്ങൾ ശേഖരിച്ച് തെളിവ് ഹാജരാക്കണമായിരുന്നു (ആമോസ് 3:12). ജീവൻ അപകടപ്പെടുത്തിയും ആടിനെ രക്ഷിക്കാൻ ശ്രമിച്ചു എന്നതിന്റെ അടയാളമാണത്. പുറപ്പാട് 22:13 ലും 1 സാമുവൽ 17.34-36 ലും തെളിയുന്നത് ജീവഭയമില്ലാതെ ആടുകളെ സംരക്ഷിക്കുന്ന ഹൃദയഹാരിയായ നല്ല ഇടയന്റെ ചിത്രമാണ്. ഈ ഇടയചിത്രമാണ് പുതിയ നിയമത്താളുകളിൽ തെളിയുന്ന യേശുവാകുന്ന നല്ല ഇടയനെക്കുറിച്ചുള്ള പരാമർശങ്ങളിൽ പശ്ചാത്തലമായി നിലകൊള്ളുന്നത്.

ഇന്നത്തെ സുവിശേഷത്തിന്റെ മുഖ്യ പ്രമേയം യേശു നല്ല ഇടയനാണെന്നതാണ്. ഇടയനെ കൂടാതെ ആടിന് അസ്തിത്വമോ അഭയമോ ഇല്ല എന്നുള്ളതാണ്. ആടുകളുടെ ജീവപരമായ സവിശേഷതകളാണ് ഇതിന് കാരണം.

1. മൃഗങ്ങളിൽ കാഴ്ചശക്തി ഏറ്റവും കുറഞ്ഞ ജീവികളിലൊന്നാണ് ആട്. ഏതാനും മീറ്ററുകൾ മാത്രമേ അവയ്ക്ക് വ്യക്തമായി കാണാനാവൂ. കൂട്ടം തെറ്റി പിന്നിലായിപ്പോയാൽ അവ വഴി തെറ്റുന്നതിന് കാരണമിതാണ്. തന്മൂലം ആടുകളുടെ കണ്ണായി വർത്തിക്കുന്നത് ഇടയനാണ്.

2. പ്രതിരോധശേഷി നന്നേ കുറഞ്ഞവയാണ് ആടുകൾ. പ്രതിസന്ധികൾക്കുമുന്നിൽ ഭയന്നോടാനേ അവയ്ക്ക് സാധിക്കുകയുള്ളൂ. എന്നാൽ അവയ്ക്ക് ഓട്ടത്തിലും വൈദഗ്ധ്യമില്ല. ശരീരത്തിന് ആനുപാതികമായ വലിപ്പവും ബലവും കാലുകൾക്കില്ലാത്തതിനാൽ അവ കുഴഞ്ഞുവീഴുന്നു. സ്വയം പ്രതിരോധിക്കാനാവാത്തതിനാൽ അവയ്ക്കുവേണ്ടി ഇടയൻ പ്രതിരോധിക്കുന്നു.

3. ഭക്ഷണവിവേചന ക്രമം ഇല്ലാത്തവയാണ് ആടുകൾ. എന്തു തിന്നണം, തിന്നരുത്, എത്ര മാത്രം തിന്നണം തുടങ്ങിയ ജീവപരമായ വാസനകൾ കുറവായതിനാൽ കാണ്ടതെല്ലാം തിന്ന് വയറുസ്തംഭിച്ച് ചത്തുപോകുന്ന അവസ്ഥ ആടുകൾക്ക് പൊതുവേ കൂടുതലാണ്. അതുകൊണ്ട് ഇടയധർമമാണ് ആടുകളെ മേച്ചിൽസ്ഥലത്തേക്ക് നയിക്കുന്നതും വിവേചനത്തോടെ ഊട്ടുന്നതും.

ചുരുക്കത്തിൽ ഇടയനെ കൂടാതെ ജീവിക്കാനാവാത്തവിധം ബലഹീനമാണ് ആടുകൾ എന്നതിനാൽ നല്ല ഇടയനോടു ചേർന്ന് നിൽക്കേണ്ടതിന്റെ പ്രാധാന്യം ഏറെയാണ്. ആടുകളെ രക്ഷിക്കുന്ന സാഹസികതയാണ് നല്ല ഇടയന്റെ യോഗ്യത. അജഗണമായ നമ്മെ രക്ഷിക്കാൻ ഈശോ തന്റെ ജീവൻ സമർപ്പിച്ചു. ഈ മഹാസമർപ്പണം യേശുവിന് പിതാവിനോടുള്ള സ്നേഹബന്ധത്തിൽ നിന്നുയരുന്നതാണ്. പിതാവും പുത്രനും ആഴമായി പരസ്പരം അറിയുന്നതുപോലെ യേശുവും തന്റെ അജഗണത്തേയും അജഗണം യേശുവിനെയും അറിയുന്നു.

ഇടയന്മാരുടെ കൂട്ടത്തിൽ കൂലിമാത്രം മോഹിച്ച് 'ഇടയപ്പണി' ചെയ്യുന്നവരുണ്ട്. അവർക്ക് ആടുകളെ സ്നേഹിക്കാനോ ആടുകൾക്കുവേണ്ടി ജീവൻ സമർപ്പിക്കാനോ സാധ്യമല്ല. ആടുകളെ അനാഥരാക്കുന്ന, ചിതറിക്കുന്ന, അന്യവൽക്കരിക്കുന്ന അരികുവൽക്കരിക്കുന്ന, പണവും പദവിയും പ്രതാപവും മാത്രം ലക്ഷ്യം വയ്ക്കുന്ന ഇടയന്മാർക്ക് താക്കീതാണ് ഇന്നത്തെ സുവിശേഷം. ഒപ്പം ഇടയന്മാരെ ചെവികൊള്ളാത്ത, തിരുത്തലുകൾ തള്ളിക്കളയുന്ന സ്വാർത്ഥ താല്പര്യം മാത്രം ലക്ഷ്യം വയ്ക്കുന്ന അജഗണങ്ങൾക്കും ഇന്നത്തെ സുവിശേഷം ഒരു ഓർമപ്പെടുത്തലാണ്. ഇടയനായാലും അജഗണമായാലും ക്രിസ്തുവിനോടുള്ള സ്നേഹമായിരിക്കണം ജീവവായു. ■



# അവനിൽ വസിച്ച് ഫലമുള്ളവരാകാം

**പെസഹാക്കാലം 5-ാം ഞായർ (ഏപ്രിൽ 28)** അപ്പ. 9: 26-31, 1 യോഹ. 3:18-24, യോഹ. 15: 1-8

**ഫാ. ഡേവിഡ്സൺ ജസ്റ്റസ്**

'നമ്മിലേക്ക് നോക്കുന്നത് അവസാനിപ്പിക്കുവാനും ദൈവകരങ്ങളിൽ നമ്മെ സമർപ്പിച്ച് ദൈവത്തിന് മാത്രം നമ്മിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്നത് തിരിച്ചറിയുവാനുമുള്ള ഉപാധിയാണ് ദൈവാശ്രയം'

ജലത്തിനു രൂപമില്ലത്രേ. അത് എന്തിൽ നിലകൊള്ളുന്നോ അതിന്റെ രൂപം സ്വന്തമാക്കുന്നു. കല്ല് വിരൂപമാണല്ലോ, ശില്പി അതിലേക്ക് നല്കുന്ന രൂപമല്ലേ അതിന്റെ വിലാസം. ചില്ലകളുടെ ജീവിതം മനോഹരമാണ്. കാരണം അവയിലേക്കാണ് വൃക്ഷം തന്റെ ജീവാംശം മുഴുവനായി നൽകുന്നത്. ചില്ലകളിലാണത്രേ ഹരിതാഭമായ ഇലകളും തേനൂറും പൂക്കളും മാധുര്യമേറും ഫലങ്ങളും. എന്നാൽ ഇവയെല്ലാം സാധ്യമാകാൻ ഒരേയൊരു നിബന്ധനമാത്രം; തായ്തണ്ടിനോട് ചേർന്ന് നിൽക്കണം, അത് തരുന്നതെല്ലാം സ്വീകരിക്കണം. നിലനില്പിന് ഏറ്റവും ആവശ്യം നിൽക്കാൻ ഒരു നിലമാണല്ലോ.

ഈ സുവിശേഷഭാഗം ഒരു ദൃഷ്ടാന്തമാണ്. അതിലെ ഓരോ ഭാഗവും ഓരോ അടയാളമാണ്. ആഴമായ അർഥങ്ങൾ അളവിലൊതുക്കി വയ്ക്കുന്ന വാക്കുകൾ. എന്തുകൊണ്ട് മുന്തിരിച്ചെടി. വളരെ സുലഭമായ് കാണുന്ന അത്തിമരമോ കാലങ്ങളോളം ആയുസുള്ള ഒലിവ് മരമോ എന്തിനേറെ സ്വർഗീയ പരിവേഷം നൽകപ്പെടുന്ന ദേവദാരുവോ തന്നോടനുരൂപപ്പെടുത്തുവാൻ ഗുരുവിന് തോന്നിയില്ല. വചനം ഒരുപിടി ഉത്തരങ്ങൾ കരുതുന്നുണ്ട് ഈ ചിന്തക്ക്. മുന്തിരി ദേവന്മാരെയും മനുഷ്യരെയും സന്തോഷിപ്പിക്കുന്നതാണ് (ന്യായ. 9:13). സഹനദാസന്റെ രൂപമായി ഏശയ്യ പ്രവാചകൻ വിവരിക്കുന്നതും മുന്തിരിയുടെ വിശേഷണമാണ്, "ശ്രദ്ധാർഹമായ രൂപഭംഗിയോ ഗാംഭീര്യമോ, ആകർഷകമായ സൗന്ദര്യമോ അവനുണ്ടായിരുന്നില്ല." (ഏശ. 53:2). പിതാവായ ദൈവമെന്ന കൃഷിക്കാരൻ നട്ടുവളർത്തിയ ഗുണമേന്മകളുള്ള മുന്തിരിയാണവൻ. എലീഷായുടെ കാലത്ത് ഗിൽഗായിൽ വച്ച് പ്രവാചകഗണത്തിന് ഭക്ഷണമൊരുക്കാൻ ഭൃത്യൻ കായകൾ പറിച്ചെടുത്ത അപകടം പതിയിരിക്കുന്ന കാട്ടുമുന്തിരികൾ പോലെയല്ല അവൻ (2 രാജ. 4:39). ഇസ്രായേൽ തന്റെ മക്കളെ അനുഗ്രഹിക്കുന്നതിൽ അധികാരത്തിന്റെ ചെങ്കോൽ പേറുന്ന യൂദായോട് പ്രതിബാധിക്കുന്ന വിശിഷ്ടമായ മുന്തിരിച്ചെടിയാണവൻ (ഉൽ. 49:11). പ്രവചനങ്ങളുടെ സ്വരം കൂടാതെ യഹൂദരുടെ ജീവിതശൈലിയിൽ വേരൂന്നിയ സമൃദ്ധിയുടെ പ്രതീകമാണ് മുന്തിരി. ആഘോഷവും തീൻമേശയും യഹൂദനാട്ടിൽ മുന്തിരിയില്ലാതെ ഒരുക്കപ്പെട്ടിരുന്നില്ല. യഥാർഥ മുന്തിരി ആയവന് മാത്രമേ സാധാരണ ജലം പോലും അന്നുവരെ രുചിച്ചിട്ടില്ലാത്തതിൽ വച്ച് ഏറ്റവും സ്വാദിഷ്ഠമായ മുന്തിരിച്ചാറ് ആക്കുവാൻ സാധിക്കൂ. ഗുരു പ്രത്യക്ഷനാകുന്ന ആദ്യ ആഘോഷമത്രേ ഇത്. ഒടുവിൽ അവൻ ഒരു ആഘോഷം ഒരുക്കുകയാണ്. ഒരു യാത്രയാകലിന്റെ പെസഹ. ആ മേശയിലിരുന്ന് ആ മുന്തിരിച്ചാറ് സ്വന്തം രക്തമായി നൽകി. അനേകരുടെ പാപമോചനത്തിനായി ചിന്തപ്പെടാനിരിക്കുന്ന ഉടമ്പടിയുടെ രക്തമായ് മാറേണ്ടതും യഥാർഥ മുന്തിരി അല്ലേ!

ക്രിസ്ത്യാനി ആവുക എന്നാൽ ഒരു നല്ല വ്യക്തി ആയിരിക്കുക എന്നല്ല, മറിച്ച് നിന്നിൽ ക്രിസ്തു ഉണ്ടായിരിക്കുക എന്നാണ്. ഛായയും സാദൃശ്യവും ആരിൽ നിന്ന് സ്വീകരിച്ചോ അവനില്ലാതെ പ്രതിഛായ നഷ്ടപ്പെട്ട വിശ്വരൂപമാക്കപ്പെട്ട അവസ്ഥാന്തരമാകും മാനവന്റേത്. അവൻ ഉണങ്ങിപോകുന്ന മുറിച്ച ശാഖപോലെയാണ്. എസക്കിയേൽ പ്രവാചകന് ദർശിക്കുവാൻ ദൈവം കൃപയാകുന്ന അസ്ഥികളുടെ താഴ്‌വരയിൽ നിന്ന് ഒരു സൈന്യം ഉരുവാകുന്നത് അവന് മാത്രം സാധ്യമാകുന്നതല്ലേ. എത്ര ഉണങ്ങി വരണ്ടതായാലും ദൈവത്തിന്റെ നിശ്വാസം ഒന്നുമാത്രം മതി അവയൊക്കെ പുനർ ജീവിക്കുക മാത്രമല്ല, അവൻ ശക്തമായ ഫലം പുറപ്പെടുവിക്കുന്നവരായും പരിണമിക്കുന്നു. അങ്ങനെയെങ്കിൽ മനുഷ്യ ഉത്ഭവത്തിൽ തന്നെ ആ'ശ്വാസം' സ്വീകരിച്ച മനുഷ്യൻ എത്രമേൽ ഫലമേകുന്നവരായിരിക്കണം. അതിലുപരി ആ 'ശ്വാസം' ന



ഷ്ടപ്പെട്ടാൽ പുറത്തെറിയപ്പെടാനല്ലാതെ മറ്റെന്തിന് അവൻ ഉപകരിക്കും. ഉറകെട്ടുപോയ ഉപ്പുപോലെ, എണ്ണ വറ്റിയ വിളക്കുപോലെ.

വി. ഇഗ്നേഷ്യസ് കുറിക്കുന്നത് ഞാൻ ക്രൈസ്തവനെന്ന് വെറുതെ വിളിക്കപ്പെടുവാൻ അല്ല ആഗ്രഹിക്കുന്നത്. മറിച്ച് ഒരു ക്രൈസ്തവൻ ആകുവാൻ ആണ് ആഗ്രഹിക്കുന്നത്. ആയിരിക്കുന്നത് എന്ത്, എവിടെ എന്നതാണ് നമ്മുടെ വിലാസം. മനുഷ്യന്റെ നിലനിൽപ്പിന് അർഥം നൽകുന്നത് അവൻ എന്തുനൽകുന്നു എന്നതാണ്. മനുഷ്യൻ പുറപ്പെടുവിക്കുന്ന ഫലങ്ങളെല്ലാം മാനുഷികമെങ്കിൽ അവ യഥാർത്ഥത്തിൽ നിഷ്ഫലമല്ലേ. മനുഷ്യൻ ആഗ്രഹിക്കേണ്ടതും നൽകേണ്ടതും ആത്മാവിന്റെ ഫലങ്ങളാണ്.

പൗലോസ് അപ്പോസ്തലൻ മനോഹരമായ് കുറിക്കുന്നുണ്ട് മനുഷ്യൻ വെറുക്കേണ്ട ജഡികതയുടെ ഫലങ്ങളും നേടേണ്ട ആത്മാവിന്റെ ഫലങ്ങളും (ഗലാ. 5:16-26). ഈ നേടിയെടുക്കലിന് ആധാരമായ് നിൽക്കുന്ന രണ്ടുകാര്യങ്ങൾ അപ്പോസ്തലൻ ഓർമ്മപ്പെടുത്തുന്നുണ്ട്. ഒന്ന്, യേശുക്രിസ്തുവിനുള്ളവർ ആവുക (5:24) രണ്ട്, ആത്മാവിൽ ജീവിക്കുക (5:25).

നരഹത്യ നടത്തുവാൻ ഒരുങ്ങിയ സാവൂൾ എന്ന കിരാതനായ മനുഷ്യനെ ആത്മഫലങ്ങൾ പുറപ്പെടുവിക്കുവാൻ ഒരുക്കിയത് സുവിശേഷം പറയുന്നപോലെ ഗുരുവിന്റെ വാക്ക് അവനിൽ നിലകൊണ്ടതിനാലാണ്; ക്രിസ്തു അവനിൽ നിറഞ്ഞതിനാലാണ്. അതിന് അപ്പസ്തോലൻ തന്നെ സാക്ഷ്യം നൽകുന്നു. 'ഞാൻ അല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്' (ഗലാ. 2:20).

'ഇതാണ് ദൈവാശ്രയം' എന്ന ഫ്രാൻസിസ് പാപ്പയുടെ അപ്പസ്തോലിക ഉദ്ബോധനത്തിൽ വി. കൊച്ചുത്രേസ്യയുടെ ജീവിതം അടിസ്ഥാനമാക്കി പാപ്പ എഴുതുന്നത് ഇപ്രകാരമാണ്. "നമ്മിലേക്ക് നോക്കുന്നത് അവസാനിപ്പിക്കുവാനും ദൈവകരങ്ങളിൽ നമ്മെ സമർപ്പിച്ച് ദൈവത്തിന് മാത്രം നമ്മിൽ പൂർത്തിയാക്കുവാൻ സാധിക്കുമെന്നത് തിരിച്ചറിയുവാനുമുള്ള ഉപാധിയാണ് ദൈവാശ്രയം"

അവനിൽ വസിക്കാത്തവർക്ക് സ്വയമേ ഫലം പുറപ്പെടുവിക്കുവാൻ സാധിക്കുകയില്ല. അവനിൽ വസിക്കാം ഫലമുള്ളവരാകാം. ■

# ഇന്ത്യയിൽ ക്രിസ്ത്യൻ പീഡനങ്ങൾ വർധിക്കുന്നതായി റിപ്പോർട്ട്





ന്യൂഡൽഹി: ഇന്ത്യയിൽ ക്രിസ്ത്യൻ പീഡനങ്ങൾ വർധിക്കുന്നതായി റിപ്പോർട്ട്. 28 സംസ്ഥാനങ്ങളിൽ 19 സംസ്ഥാനങ്ങളിലും 'ക്രിസ്ത്യാനികൾ അവരുടെ വിശ്വാസം ആചരിക്കുന്നതിന്റെ പേരിൽ ജീവന് ഭീഷണി നേരിടേണ്ടി വന്നിട്ടുണ്ട് എന്ന് ന്യൂഡൽഹി ആസ്ഥാനമായുള്ള യുണൈറ്റഡ് ക്രിസ്ത്യൻ ഫോറം (യുസിഎഫ്) പുറത്തിറക്കിയ റിപ്പോർട്ടിൽ പറയുന്നു. ഈ വർഷം മാർച്ച് 15 വരെ 122 ക്രിസ്ത്യാനികളെങ്കിലും മതപരിവർത്തനം നടത്തിയെന്ന തെറ്റായ ആരോപണങ്ങളിൽ തടവിലാക്കപ്പെടുകയോ അറസ്റ്റ് ചെയ്യപ്പെടുകയോ ചെയ്തിട്ടുണ്ട്. അതേ കാലയളവിൽ, ക്രിസ്ത്യാനികൾക്കെതിരായ 161 അക്രമ സംഭവങ്ങൾ ഫോറത്തിന്റെ ഹെൽപ്പ് ലൈൻ നമ്പറുകളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ടെന്ന് യുസിഎഫ് അറിയിച്ചു.

'ഇത് രാജ്യത്തെ ക്രിസ്ത്യാനികൾക്ക് ഗുരുതരമായ ആശങ്കയുണ്ടാക്കുന്ന കാര്യമാണ്. യുസിഎഫിന്റെ ദേശീയ കോഓർഡിനേറ്റർ എ.സി. മൈക്കൽ പറഞ്ഞു. 'ഭൂരിപക്ഷ സമുദായങ്ങളെ പ്രീണിപ്പിക്കുന്ന ഭരണ സംവിധാനത്തിന്റെ പ്രത്യയശാസ്ത്രമാണ് ന്യൂനപക്ഷ സമുദായങ്ങൾ അരക്ഷിതരാണെന്ന് തോന്നിപ്പിക്കുന്ന ഈ സാഹചര്യം ഉണ്ടാക്കിയതെന്ന് എ.സി. മൈക്കൽ പറഞ്ഞു. ബി.ജെ.പി ഭരിക്കുന്ന സംസ്ഥാനങ്ങളിൽ വ്യാപകമായി മതപരിവർത്തന നിരോധ നിയമം നടപ്പാക്കിയിട്ടുണ്ട്. പ്രാദേശിക പോലീസിന്റെ പിന്തുണയോടെ തീവ്രഹിന്ദു ഗ്രൂപ്പുകൾ ക്രിസ്ത്യാനികളെ ദ്രോഹിക്കാൻ ഇത് ദുരുപയോഗം ചെയ്യുകയാണെന്ന് ക്രിസ്ത്യൻ നേതാക്കൾ ആരോപിക്കുന്നു.

റിപ്പോർട്ട് പ്രകാരം ഛത്തീസ്ഗഢ് ക്രിസ്ത്യാനികൾക്ക് ഏറ്റവും മോശം സംസ്ഥാനമായി ഉയർന്നു. ഈ വർഷം മാർച്ച് പകുതി വരെ ക്രിസ്ത്യാനികൾക്കെതിരെ 47 അക്രമ സംഭവങ്ങൾ അവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രിസ്ത്യാനികൾ ഇവിടെ സാമൂഹികമായി ബഹിഷ്കരിക്കപ്പെടുന്നു. ശ്മശാന സ്ഥലങ്ങളിലേക്കുള്ള പ്രവേശനവും വെള്ളവും ഇവർക്ക് നിഷേധിക്കപ്പെടുന്നതായി റിപ്പോർട്ടിൽ പറയുന്നു. ക്രിസ്ത്യാനികൾക്കെതിരായ 36 അക്രമ സംഭവങ്ങൾ രേഖപ്പെടുത്തി ഉത്തർപ്രദേശ് രണ്ടാം സ്ഥാനത്തും ക്രിസ്ത്യാനികൾക്കെതിരായ 14 അക്രമ സംഭവങ്ങളുമായി മധ്യപ്രദേശ് മൂന്നാം സ്ഥാനത്തുമാണ്.

വചനജ്വാല

2024 മേയ് മാസത്തെ ബി.സി.സി. കൂട്ടായ്മകളിൽ ഉപയോഗിക്കാൻ തയ്യാറാക്കിയത്



# 'പരിശുദ്ധ കന്യകാമറിയം സഭയുടെ മാതാവ്'

**1. പരിശുദ്ധാത്മാവിന്റെ ഗാനം, ബൈബിൾ വന്ദനം**

**സ്വാഗതം: കുടുംബനാഥൻ/ കുടുംബനാഥ**

**2. ആമുഖം**

കത്തോലിക്കാ സഭ മേയ് മാസം മാതാവിന്റെ വണക്കമാസമായി ആചരിക്കുന്നു. ഉത്ഥിതനായ ക്രിസ്തു ലോകത്തിന് വാഗ്ദാനം ചെയ്ത രണ്ട് സമ്മാനമാണ് അമ്മയും ആത്മാവും. ഉത്ഥാന മഹോത്സവത്തിന് ശേഷം 50 നാളുകൾക്കിപ്പുറം പരിശുദ്ധാത്മാവിനെ സഭയുടെ പാലകനായി ലഭിക്കുമ്പോൾ കുരിശിലെ ബലിക്കുമുമ്പ് തന്നെ സഭയുടെ സംരക്ഷകയായി പരിശുദ്ധ അമ്മയെ സഭയ്ക്ക് ക്രിസ്തു നൽകിയിരുന്നു. ജീവിതാരംഭം മുതൽ അവസാനം വരെ ദൈവഹിതത്തിന് വിധേയപ്പെട്ട് ജീവിച്ച പരിശുദ്ധ അമ്മ ക്രൈസ്തവരായ നമുക്ക് ഒരു മാതൃകയാണ്. ഈ വണക്കമാസം പരിശുദ്ധ കന്യകാമറിയത്തിൽ തിളങ്ങി നിന്നിരുന്ന ദൈവീക ചൈതന്യം സ്വന്തമാക്കുവാനും ദൈവജനത്തിന് വിശ്വാസത്തിൽ കൂടുതൽ ആഴപ്പെടുവാനും പരിശ്രമിക്കാം.

ഒരു ഉത്തമ നേതാവിന് വേണ്ട ഏറ്റവും പ്രധാനപ്പെട്ട ഗുണം എന്താണ്? ഈ ചോദ്യം വർഷങ്ങൾക്ക് മുമ്പ് "റീഡേഴ്സ് ഡൈജസ്റ്റ്" എന്ന മാസിക ആഗോളതലത്തിൽ ഉത്തരം തേടി ഉന്നയിച്ച ചോദ്യമാണ്. ലോകത്തിലെ പ്രഗത്ഭരായ ആയിരക്കണക്കിന് ആളുകൾ മറുപടി എഴുതി. ആ സർവ്വേ ഫലം അടുത്ത ലക്കത്തിൽ പ്രസിദ്ധീകരിച്ചു. ഉത്തരം അവബോധം എന്നായിരുന്നു. ഒരു ഉത്തമ നേതാവിന് ഉണ്ടായിരിക്കേണ്ട പ്രധാനപ്പെട്ട ഗുണം അവബോധമാണ്. കുരിശിന്റെ വിരിമാറിൽ സഭയ്ക്ക് അമ്മയായി പരിശുദ്ധ അമ്മയെ നൽകുമ്പോൾ അമ്മയിൽ ക്രിസ്തു ദർശിച്ച പുണ്യവും ഇതുതന്നെയാണ്. ആത്മാവബോധവും ദൈവാവബോധവും ഈ വണക്കമാസത്തിൽ പരിശുദ്ധ അമ്മയിൽ തിളങ്ങി വിളങ്ങി നിന്ന് അവബോധമെന്ന പുണ്യം നമുക്കും സ്വന്തമാക്കാം.

**3. യേശുവിനെ ക്ഷണിക്കൽ**

**4. ദൈവവചന പാരായണം**

***യോഹന്നാൻ 19: 25-35***

**5. വചനഭാഗം പങ്കുവയ്ക്കൽ**

**6. നിശബ്ദധ്യാനം**

**7. വചനാനുഭവം പങ്കുവയ്ക്കൽ**

**8. വചനവിചിന്തനം**

ഒരുപക്ഷേ ഈ ലോകത്തെ മറ്റെല്ലാ സ്ത്രീകളിൽ നിന്നും പരിശുദ്ധ കന്യകാമറിയത്തെ വ്യത്യസ്തമാക്കുന്നത് എന്ത് എന്ന ചോദ്യത്തിന് നിസംശയം നൽകാവുന്ന ഉത്തരം പരിശുദ്ധ കന്യകാമറിയം ഒരിക്കലും പരാതികൂടാതെ സംതൃപ്തിയോടെ ജീവിച്ചു എന്നാതായിരിക്കാം. എത്രയോ

തവണ ദൈവത്തോട് സ്നേഹ പൂർവ്വം പോലും കലഹിക്കാനും പരാതി പറയുവാനും സാധ്യതക ളുള്ള ജീവിതമായിരുന്നു പരിശുദ്ധ കന്യകാമറിയത്തിന്റേത്. ഉണ്ണിയേശു വിനെ ഗർഭത്തിൽ വഹിക്കുന്നതിന് മുമ്പുതന്നെ ആരംഭിച്ച സഹനകാ ണ്ഡങ്ങൾ അവന്റെ മരണശേഷവും അവസാനിക്കാത്ത അത്രയുണ്ടായിരു ന്നു. മനുഷ്യരാൽ കാരണമില്ലാത്ത തെറ്റിദ്ധാരണകൾ, ജീവിത പങ്കാളി യുടെ പെട്ടെന്നുള്ള വേർപാട്, മകന്റെ ദാരുണമായ അന്ത്യം എല്ലാം അവളെ ശരിക്കും ഒരു നിരീശ്വരവാദിയാക്കാ മായിരുന്നു. ഇവയ്ക്കൊക്കെ മധ്യേ ഒരിക്കൽപോലും മനസിൽ ദൈവ ത്തോട് പരാതി പറഞ്ഞില്ല എന്ന താണ് പരിശുദ്ധ അമ്മയുടെ ജീവി തത്തിന്റെ മഹത്വം.

നമ്മളിൽ ചിലർക്കെങ്കിലും പരി ചിതനായ ഡോ. ആൽബർട്ട് ഐൻസ്റ്റീൻ സുഹൃത്തുക്കളുമായി നർമ്മ സംഭാഷണത്തിൽ ഏർപ്പെ ടുകയായിരുന്നു. സംഭാഷണമധ്യേ അദ്ദേഹം തന്റെ പുതിയ ഗവേഷണ ത്തെപ്പറ്റി വെളിപ്പെടുത്തി. ഇപ്പോൾ എന്ത് ഗവേഷണമാണ് താങ്കൾ നട ത്തുന്നതെന്ന് കൂട്ടുകാർ ചോദിച്ച പ്പോൾ ഐൻസ്റ്റീൻ പറഞ്ഞു: വിറ്റാ മിനെക്കുറിച്ച്. വിറ്റാമിൻ നമ്മുടെ ആരോഗ്യസംരക്ഷണത്തിന് അത്യാവശ്യ ഘടകമാണ്. നമുക്കറി യാവുന്നതുപോലെ വിറ്റാമിനുകളെ എ.ബി.സി.ഡി.ഇ. എന്നിങ്ങനെ പല ഗ്രൂപ്പുകളായി ശാസ്ത്രജ്ഞർ തരം തിരിച്ചിട്ടുണ്ട്. സുഹൃത്തുക്കളുടെ ജിജ്ഞാസ നീട്ടിക്കൊണ്ടു പോകാതെ അദ്ദേഹം പുതിയ വിറ്റാ മിന്റെ പേര് വെളിപ്പെടുത്തി. വിറ്റാമിൻ 'ഐ' തുടർന്ന് വിശദീകരിച്ചു. 'ഐ' എന്ന ഇംഗ്ലീഷ് അക്ഷരത്തിന് 'ഞാൻ' എന്നാണ് അർഥം.

അതെ, ഞാൻ എന്ന ഭാവം മനു ഷ്യനിൽ വർദ്ധിക്കുന്തോറും അയാൾക്ക് നാശത്തിന്റെ ആരംഭവും മറ്റുള്ളവർക്ക് അസ്വസ്ഥതയും ഉളവാ ക്കും. നേരേമറിച്ച് ഐ എത്ര കണ്ട് കുറയുന്നുവോ അത്ര കണ്ട് നന്മയും അനുഗ്രഹവും സുഹൃത്ത് വലയവും വർദ്ധിക്കും.

കത്തോലിക്കാ തിരുസഭ പരി ശുദ്ധ കന്യകാമറിയത്തെ ദൈവമാ താവായും നിത്യകന്യകയായും സ്വർലോകരാജ്ഞിയായും ദൈവമാ താവായും പ്രകീർത്തിക്കുമ്പോൾ ഇതെല്ലാം ദൈവം പരിശുദ്ധ അമ്മ യുടെ നിറഞ്ഞുനിന്ന വിനയത്തിന് നൽകിയ സമ്മാനമാണ് എന്ന് നമുക്ക് തിരിച്ചറിയാം. നമ്മളിലെത്ര പേർക്ക് പറയാനാകും ഞാനൊരിക്ക ലെങ്കിലും പരാതി പറയാത്ത മനുഷ്യ നാണെന്ന്, ഞാനൊരിക്കലെങ്കിലും അഹങ്കരിക്കാത്ത വ്യക്തിയാണെന്ന്. ദൈവം തരുന്നതെന്തും തുറന്ന മന സോടെ ഏറ്റുവാങ്ങാം. പരിശുദ്ധ അമ്മയെപ്പോലെ.

**9. ദൗത്യമേറ്റെടുക്കൽ**
**10. സ്വയം പ്രേരിതപ്രാർഥന**
**11. കർത്തൃപ്രാർഥന**
**12. സമാപനപ്രാർഥന**

**രണ്ടാം ഭാഗം**

**1. റിപ്പോർട്ട് അവതരണം (കഴിഞ്ഞ യോഗത്തിലെ റിപ്പോർട്ട്)**
**2. വരവ് ചെലവ് കണക്ക് അവതരണം**
**3. ശുശ്രൂഷാ പ്രവർത്തനങ്ങളെ കുറിച്ചുള്ള അവതരണം**

**(യൂണിറ്റിൽ നിന്നുള്ള ബി.സി.സി. ലീഡർ, അജപാലനം, വിദ്യാഭ്യാസം, സാമൂഹികം, കുടുംബം, അല്മായം, യുവജനം, മത്സ്യമേഖല എന്നീ ശുശ്രൂഷാ പ്രതിനിധികളെ ഇടവകയിലെ തന്മാസത്തെ ശുശ്രൂഷ പ്രവർത്തനങ്ങളെപ്പറ്റി സംക്ഷിപ്തമായി അവതരിപ്പിക്കാൻ ക്ഷണിക്കുന്നു)**

**4. ചർച്ചയും പങ്കുവയ്ക്കലും**
**5. ഹാജർ**
**6. രഹസ്യപ്പിരിവ്**
**7. അറിയിപ്പുകൾ**
**8. നന്ദി**
**9. സമാപനഗീതം**

*തയ്യാറാക്കിയത്:*
**തൂത്തൂർ ഫെറോന ബി.സി.സി.കമ്മിഷൻ**



ജെ.സി.

# ലോക്സഭാ തിരെഞ്ഞെടുപ്പും പൗരത്വ ഭേദഗതി നിയമവും

2019 ഡിസംബർ 11 ന് പാർലമെന്റ് പാസാക്കിയ ഈ നിയമത്തിനെതിരെ ഇരുന്നൂറിലേറെ ഹർജികൾ രാജ്യത്തെ പരമോന്നത കോടതിയിൽ നിലനിൽക്കുമ്പോഴാണ് ലോക്സഭാ തെരഞ്ഞെടുപ്പിന് തൊട്ടുമുൻപ് കേന്ദ്ര ആഭ്യന്തര മന്ത്രാലയം അടിയന്തിരമായി സിഎഎ നടപ്പിലാക്കാനുള്ള ചട്ടങ്ങളുടെ ഗസറ്റ് വിജ്ഞാപനം നടത്തുന്നത്. ബിജെപിയുടെ ഇലക്ടറൽ ബോണ്ട് 'നിക്ഷേപകരുടെ' രഹസ്യ പട്ടിക പൂഴ്ത്തിവയ്ക്കാനുള്ള സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഉരുണ്ടുകളിയും തത്രപ്പാടും കണ്ട് സഹികെട്ട് സുപ്രീം കോടതി നൽകിയ അന്ത്യശാസനത്തിൽ നിന്ന് ജനശ്രദ്ധ തിരിച്ചുവിടാനുള്ള തന്ത്രമാണ് പൗരത്വഭേദഗതി നിയമം മോദി സർക്കാർ ഇപ്പോൾ എടുത്തിട്ടുള്ളത് എന്ന് വിശ്വസിക്കുന്നവരുണ്ട്. ഡൽഹിയിലെ ജാമിയ മിലിയ ഇസ്ലാമിയയിലും, ജെഎൻയുവിലും ഡൽഹി യൂണിവേഴ്സിറ്റിയിലും ഷഹീൻ ബാഗിലും നിന്നുതുടങ്ങി രാജ്യത്തിന്റെ വിവിധ നഗര കേന്ദ്രങ്ങളിലേക്കും വ്യാപിച്ച സിഎഎ വിരുദ്ധ പ്രക്ഷോഭത്തിൽ 83 പേർ കൊല്ലപ്പെടുകയും ചെയ്തു.



ലോകത്തിന്റെ ഏത് ഭാഗത്തുനിന്നും അഭയം തേടിയെത്തുന്നവരെ  തുറന്ന മനസോടെ സ്വീകരിക്കുന്ന ഒരു ചരിത്ര പാരമ്പര്യമാണ് 3000 വർഷമായി നമുക്കുള്ളത്. ജൂതരും അറബികളും റോമാക്കാരും അർമീനിയക്കാരും പേർഷ്യക്കാരും ബാബിലോൺകാരും മംഗോളിയരും ഈജിപ്തുകാരും യൂറോപ്യരുമൊക്കെ പലഘട്ടങ്ങളിലായി വന്നണഞ്ഞിട്ടുണ്ട്. മതവിശ്വാസത്തിന്റെ പേരിൽ ആരെയും വിലക്കിയിട്ടില്ല. ഇന്ത്യൻ ഭരണഘടനയുടെ അഞ്ചാംവകുപ്പ് ഇന്ത്യൻ ഭൂപരിധിയിൽ ജനിച്ചവർ, ജന്ത്യയിൽ ജനിച്ച അച്ഛനമ്മമാരുടെ മക്കൾ, ചുരുങ്ങിയത് അഞ്ചുവർഷമെങ്കിലും ഇന്ത്യയിൽ സ്ഥിരതാമസമാക്കിയവർ എന്നിങ്ങനെ മൂന്നുവിഭാഗക്കാർക്ക് പൗരത്വം നൽകാൻ വ്യവസ്ഥചെയ്യുന്നു. ഇതിൽ മതത്തിന് ഒരു പരിഗണനയുമില്ല.

മുസ്ലീം കുടിയേറ്റക്കാരെ ഒഴിവാക്കി ഇതരവിഭാഗങ്ങളെ മതാടിസ്ഥാനത്തിൽ പൗരത്വത്തിന് തെരഞ്ഞെടുക്കുന്നു എന്നതാണ് മോദിസർക്കാരിന്റെ പൗരത്വനിയമഭേദഗതി. മതനിരപേക്ഷ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യയിൽ പൗരത്വത്തിന് മതം ഒരു മാനദണ്ഡമാകുന്നത് ചരിത്രത്തിൽ ആദ്യമായാണ്. മതാധിഷ്ഠിത പൗരത്വം ഇന്ത്യൻ ഭരണഘടനയ്ക്ക് വിരുദ്ധമാണ്. ഇത് മതസ്വാതന്ത്ര്യത്തിനും ബഹുസ്വരതയ്ക്കും പൗരാവകാശങ്ങൾക്കും ജനാധിപത്യത്തിനും അപകടകരമാണ്.

മുസ്ലീം വിഭാഗത്തെ അപരവൽക്കരിച്ച് അവരെ രണ്ടാംകിട പൗരരായി തരംതാഴ്ത്തി മതവിദ്വേഷത്തിന്റെയും വർഗീയ ധ്രുവീകരണത്തിന്റെയും ഹിംസാത്മക ഭിന്നതകളിലൂടെ ഭൂരിപക്ഷ ഹിന്ദുത്വ ദേശീയത വളർത്തുക എന്നത് ബിജെപി അജണ്ടയുടെ ഭാഗമാണ്. സിഎഎ മുസ്ലീം വിരോധത്തിലൂടെ ഹിന്ദുത്വ ശക്തികളുടെ ഏകീകരണം ലക്ഷ്യമാക്കിയാണ് ലോക്സഭാ തെരഞ്ഞെടുപ്പിന് മുന്നോടിയായി തിടുക്കത്തിൽ സിഎഎ ചട്ടങ്ങൾ രൂപപ്പെടുത്തുന്നത്. മൂന്നാമൂഴത്തിന് ബിജെപിയുടെ എൻഡിഎ സഖ്യം ഇക്കുറി 400 സീറ്റിന്റെ ഭൂരിപക്ഷം മറികടക്കുമെന്ന് അവകാശപ്പെടുമ്പോഴും വർഗീയ സംഘർഷത്തിലൂടെ വോട്ടുനേടാൻ ശ്രമിക്കുന്നത് എത്ര അപഹാസ്യമാണ്. പൗരത്വഭേദഗതി നിയമം കേരളത്തിൽ നടപ്പാക്കില്ലെന്ന് മുഖ്യമന്ത്രി പ്രഖ്യാപിക്കുക മാത്രമല്ല, സിഎഎക്കെതിരെ ആദ്യമായി 2019 ൽ നിയമസഭയിൽ പ്രമേയം ഐക്യകണ്ഠമായി പാസാക്കിയത് കേരളമാണ്. എന്നാൽ ബിജെപി ഇതര ന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെയും നിലപാടുകൾ എടുക്കുന്ന സമീപനമാണ് ഇന്ന് രാജ്യമാകെ കാണുന്നത്. 2014 ൽ ക്രൈസ്തവർക്കെതിരെ 147 അക്രമ സംഭവങ്ങൾ റിപ്പോർട്ട് ചെയ്തെങ്കിൽ 2023 ൽ ക്രൈസ്തവ വിരുദ്ധ അക്രമങ്ങൾ 687 ആയി. മതസൗഹാർദ്ദത്തെ തകർക്കുകയും ജനാധിപത്യത്തെ തന്നെ അപകടത്തിലാക്കുകയും ചെയ്യുന്ന ഒരു സാഹചര്യത്തിലാണ് ലോക്സഭാ തെരഞ്ഞെടുപ്പ് നടക്കുന്നത് എന്നോർക്കണം. ■



Bl. CARLO ACUTIS MEDIA CENTRE
MEDIA COMMISSION, LATIN ARCHDIOCESE OF TRIVANDRUM
ARCHBISHOP'S HOUSE COMPOUND, VELLAYAMBALAM, TRIVANDRUM
മിതമായ നിരക്കിലുള്ള വിഷ്വൽ മീഡിയ പ്രവർത്തനങ്ങൾക്ക് ബന്ധപ്പെടുക...
83049 38655, 91881 91716
diocesancommunication@gmail.com
LIVE STREAMING
VIDEO EDITING
PHOTOSHOOT
ALBUM DESIGN
FLYER & POSTER MAKING
MEMENTO DESIGNING
GREEN SCREEN STUDIO
AUDIO & VIDEO RECORDING
SOCIAL MEDIA MANAGEMENT



സെന്റ്. ജോർജ്ജ് ദേവാലയം
പുന്നയ്ക്കാമുഗൾ
തിരുവനന്തപുരം ലത്തീൻ അതിരൂപത
വിശുദ്ധ ഗീവർഗ്ഗീസിന്റെ തിരുനാൾ
2024 ഏപ്രിൽ 26 മുതൽ മേയ് 5 വരെ
ഏപ്രിൽ 26 @5 pm | തിരുനാൾ കൊടിയേറ്റ്
ഏപ്രിൽ 27,28,29 @ 5 pm | കുടുംബ നവീകരണ ധ്യാനം
മേയ് 4 @ 5.45 pm | സന്ധ്യാവന്ദന പ്രാർത്ഥന & വിശുദ്ധന്റെ തിരുസ്വരൂപം വഹിച്ചുകൊണ്ടുള്ള പ്രദക്ഷിണം
മേയ് 5 @10 am | തിരുനാൾ സമൂഹ ദിവ്യബലി
ഭക്തജനങ്ങൾക്ക് സ്വാഗതം

Pub. Date : 01.04.2024

Total Page 44

REGD. NO. KL/TV(S)/266/2024-26.

RNI Registered NO. 36056/81.

Licenced to post without pre-payment KL/TV(S)/WPP/171/2024-26.

JEEVANUM VELICHAVUM

Rs. 30.00


# ജൂബിലി ഹോസ്പിറ്റൽ

**തിരുവനന്തപുരം ലത്തീൻ അതിരൂപത**

## Our Departments:

- Anesthesiology, General Surgery, General Medicine.
- Supportive Services: Fully automated Lab facility.
- USG and Doppler, Cath Lab.
- Echo Cardiogram Holter monitor facility.
- C-Arm facility.
- Endoscopy. Colonoscopy PFT, OAE, Mortuary through, althca, Healthe, TMT, ESWL
- 24 Hours Emergency.
- Pharmacy, Digital X ray, ECG, CT Scan.
- Cardiology with Minimally Invasive Surgery.
- Laparoscopic and Minimally invasive surgery.
- Bariatric Surgery, Medical Gastroenterology.
- Obstetrics and Gynecology, Paediatrics.
- Orthopaedic, Dermatology, Ophthaimology, ENT.
- Medical Oncology, Nephrology.Neurology, Neurosurgery.
- Dentistry, Oral and Maxillofacial surgery.
- Plastic and reconstructive surgery.
- Urology, Psychiatry.Psychotherapy, Physiotherapy.

## Supportive Services:

- 24 Hours Emergency
- Fully Automated Lab facility
- Pharmacy
- Digital X ray, ECG
- Echo Cardiogram
- Holter Monitor Facility
- C-Arm Facility
- ESWL
- Endoscopy, Colonoscopy
- PFT, OAE, Mortuary

## Jubilee's Pride:

- Replacement, Radio
- Arthroscopy & Joint freequency Abiation for Vericose Veins
- ENT Fascility
- Reconstructive Cancer Surgery & World Class

## EXECUTIVE HEALTH CHECK-UP PACKAGES AVAILABLE

ECONOMY CHECHK-UP | REGULAR CHECHK-UP | PREMIUM CHECHK-UP | HEALTH PLUS CHECHK-UP

ഫാ. തിയോഡേഷ്യസ് ഡിക്രൂസ്
മാനേജിംഗ് ഡയറക്ടർ




Jubile Memorial Hospital, Meads Lane, Palayam Trivandrum 695034, Kerala
0471-2334561 jubileetrivandrum@gmail.com


Printed and Published by Fr. Eugine H. Pereira the Archdiocese of Trivandrum, Printed at Jeevajyothi Offset Press, Vellayambalam, TVM - 695003. Phone: 0471-2311620. Published at Trivandrum, Animation Centre, Vellayambalam-695003. Editor : Fr. Deepak Anto